

# കർമ്മലധ്വനി

NEWS BULLETIN OF CMI CARMEL PROVINCE

## മൂവാറ്റുപുഴ സി.എം.ഐ. കാർമ്മൽ പ്രവിശ്യയുടെ ഔദ്യോഗിക വാർത്താപത്രിക

SEPTEMBER 2017

# ഉള്ളടക്കം

ഇടയമൊഴി ........ 03
അജപാലന വകുപ്പിൽ നിന്ന് ........ 06
വിദ്യാഭ്യാസ വകുപ്പ് ........ 09
സാമൂഹ്യസേവന വകുപ്പ് ........ 11
സാമ്പത്തിക വകുപ്പ് ........ 15
തറവാട്ടിൽ നിന്നും ........ 16
വാഴക്കുളം വാർത്തകൾ ........ 20
കൊടുവേലി വിശേഷങ്ങൾ ........ 28
മലയിൻകീഴ് വാർത്തകൾ ........ 29
കൊരണ്ടക്കാടൻ ശെയ്തികൾ ........ 31
നവസന്യാസ ഭവനത്തിൽ നിന്നും ........ 34
തൊടുപുഴയുടെ സ്പന്ദനങ്ങൾ ........ 36
വഴിത്തല വിശേഷങ്ങൾ ........ 39
കാൽവരി മൗണ്ടിൽ നിന്നും ........ 42
അടിമാലി വാർത്തകൾ ........ 44
വട്ടവടയിൽ നിന്ന് ........ 50
ചെങ്കര വിശേഷങ്ങൾ ........ 52
ഭൂതത്താൻകെട്ട് ........ 54
പാറേമാവിൽ നിന്നും ........ 57
കൈതപ്പാറ വാർത്തകൾ ........ 59
പുല്ലുവഴി വിശേഷങ്ങൾ ........ 61
മാളൂർ ........ 63
പട്യാല ........ 65
നെതർലണ്ടിൽ നിന്നും ........ 66
ജർമ്മൻ വിശേഷങ്ങൾ ........ 66
"Go Green" :" Go with Nature" ........ 69
നന്ദി ........ 72



# ഇടയമൊഴി...

പ്രിയ കാർമ്മൽ കുടുംബാംഗങ്ങളെ,

വെള്ളം ഒഴുകുമ്പോഴാണ് പുഴയ്ക്ക് ജീവനുണ്ടാകുന്നത്. രക്തം ശരീരത്തിലൂടെ ഒഴുകുമ്പോഴാണ് ശരീരത്തിന് ജീവനുണ്ടാകുന്നത്. ആശ്രമങ്ങളിൽ സഭാംഗങ്ങൾ "സമാധാനത്തിലും സന്തോഷത്തിലും" ജീവിക്കുമ്പാഴാണ് സന്ന്യാസജീവിതം സജീവമാകുന്നത്.

**ദിവ്യകാരുണ്യതലം**

സന്ന്യാസജീവിതം യേശുവിന് സാക്ഷ്യം വഹിക്കലാണ്, യേശുവിനെ അടുത്ത് അനുകരിക്കലാണ്. യേശുവിന്റെ പിന്നാലെ സ്വർഗ്ഗോത്മുഖമായി യാത്ര ചെയ്യുന്നവരുടെ കൂട്ടായ്മയാണ് സന്ന്യാസസമൂഹങ്ങൾ. പിതാവിന്റെ ഭവനത്തിലേക്കുള്ള തീർത്ഥാടനമാണത്. അതുകൊണ്ടുതന്നെ നാം ഒരു ആദ്ധ്യാത്മികസമൂഹമാണ്. (Sprirtual Community) ഇപ്രകാരമുള്ള ഒരു ആത്മീയ സമൂഹത്തിന്റെ അടിസ്ഥാനസ്വഭാവം, അത് ഒരു പ്രാർത്ഥിക്കുന്ന സമൂഹമാണ് (Praying Community) എന്നതാണ്. നമ്മുടെ സഭാപിതാക്കന്മാർ അനുഭവത്തിന്റെ വെളിച്ചത്തിൽ രൂപകല്പനചെയ്ത നമ്മുടെ അനുദിനപ്രാർത്ഥനാക്രമീകരണങ്ങൾ സമർപ്പിത സമൂഹത്തിന്റെ അടിസ്ഥാനശിലയാണ്.

അന്യസ്ഥലത്തു ആയിരം ദിവസത്തെക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ് (സങ്കീ. 84:10) എന്ന് ഏറ്റുപറഞ്ഞുകൊണ്ട് നമ്മുടെ ഹൃദയസാനുക്കളിൽ യേശുസ്നേഹത്തിന്റെ ഈരടികൾ ഏകാന്തതയുടെ നിശബ്ദതയെ ശബ്ദമുഖരിതമാക്കുമ്പോൾ നമ്മുടെ തീർത്ഥാടനം ആഘോഷമാകും.

**സന്ന്യാസതലം**

നമ്മുടെ സന്ന്യാസസമൂഹങ്ങളുടെ സ്വരൂപമാണല്ലോ ആദിമക്രൈസ്തവ സമൂഹം (അപ്പ.4;32-37). നമ്മുടെ ആശ്രമസമൂഹങ്ങളിലും ആഴമായ കൂട്ടായ്മ പങ്കുവയ്ക്കേണ്ടിയിരിക്കുന്നു. ഏറ്റവും ഹൃദ്യമായ അന്തരീക്ഷം നമുക്ക് ലഭിക്കുന്നത് കുടുംബങ്ങളിലാണ്. ഈ കുടുംബാന്തരീക്ഷം എത്രയധികമായി നമ്മുടെ സമൂഹങ്ങളിൽ പങ്കുവയ്ക്കപ്പെടുന്നുവോ അത്രയധികമായിരിക്കും നാം അനുഭവിക്കുന്ന സമാധാനവും സന്തോഷവും. നമ്മുടെ ജന്മദിനാഘോഷങ്ങളും, തിരുനാൾ ആഘോഷങ്ങളും വിനോദയാത്രകളും മറ്റിതര പരിപാടികളും നമ്മുടെ സമൂഹങ്ങളിൽ കൂട്ടായ്മ ആഴപ്പെടുത്തും. അതുവഴി നമുക്ക് ഒരു സ്നേഹസമൂഹം (Loving Community) ആകുവാൻ സാധിക്കും, സാധിക്കണം.

ഒരു സ്നേഹസമൂഹത്തിന്റെ നൈസർഗ്ഗീക സ്വഭാവം, അതൊരു ശുശ്രൂഷാ സമൂഹമായിരിക്കുക (Caring Community) എന്നതാണ്. എന്റെ ആവശ്യങ്ങളിലും ദുഃഖങ്ങളിലും രോഗങ്ങളിലും എന്നോടൊപ്പം എന്റെ സഹോദരങ്ങൾ ഉണ്ടാകണം എന്ന് എല്ലാവരും ആഗ്രഹിക്കുന്നുണ്ടാകും. അത് നല്കുവാൻ നമുക്ക് കടമയുണ്ട്. നമ്മുടെ ആശ്രമങ്ങളിൽ ആർക്കും അനാദരം അനുഭവപ്പെടരുത്.

നമ്മുടെ ആശ്രമ ജീവിതചര്യകളിൽ സുതാര്യത ആവശ്യമാണ്. വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കുന്നതോടൊപ്പം നമ്മുടെ അനുദിനവ്യാപാരങ്ങളിലെ കാര്യക്രമങ്ങളും വൃത്താന്തങ്ങളും പങ്കുവയ്ക്കപ്പെടേണ്ടതുമുണ്ട്. തുറവിയുള്ള മനസ്സോടെ ജീവിതത്തെക്കുറിച്ചും പ്രവർത്തനമേഖലയെക്കുറിച്ചും തന്നോടൊപ്പമുള്ള സഹോദരങ്ങളുമായി പങ്കുവയ്ക്കുകയും, അറിവു കൊടുക്കുകയും ചെയ്യുന്നതിൽ നാം സന്തോഷം കണ്ടെത്തണം.

**മാനവീയതലം**

നമ്മുടെ സന്ന്യാസത്തിൽ ദിവ്യകാരുണ്യതലവും, സന്ന്യാസതലവും ഉൾച്ചേരുമ്പോൾ ഒരു മാനവീയതലം പ്രത്യക്ഷമാകണം. സാമൂഹ്യ അവബോധത്തിൽ നിന്നും പരിണമിക്കുന്ന ഒരു സാമൂഹ്യ പ്രതിബദ്ധത നമ്മുടെ മുഖ്യചിന്താവിഷയമാകണം. ക്രൈസ്തവ സഭയ്ക്ക് ദിശാബോധം തരുന്നത് ഓരോ കാലഘട്ടത്തിലും സഭയെ ഭരിക്കുന്ന പരിശുദ്ധ പിതാക്കന്മാരാണ്. ക്രൈസ്തവ സഭ പാവങ്ങളോട് പക്ഷം ചേരുന്ന ഒരു സഭയാകണം എന്നാണ് ഫ്രാൻസീസ് പാപ്പാ അനുശാസിക്കുന്നത്. "Among our

tasks as witness to the love of Christ is that of giving a voice to the cry of the poor'' (Pope Francis). ചുറ്റുപാടുമുള്ള നമ്മുടെ സമൂഹത്തിലേക്ക് നമ്മുടെ സാമൂഹ്യപ്രതിബദ്ധത കരുണയായി, കരുതലായി, സ്നേഹമായി അവതാരം ചെയ്യണം.

2017 ഏപ്രിൽ 4-ാം തീയതി നടന്ന നമ്മുടെ പ്രവിശ്യാ തിരഞ്ഞെടുപ്പിനുശേഷം മെയ് 22-ാം തീയതിയോടുകൂടി നമ്മുടെ സ്ഥല സമൂഹങ്ങളുടെ രൂപീകരണവും പൂർത്തിയാകുകയുണ്ടായി. 3 വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ പുതിയ സമൂഹങ്ങൾ ഹ്രസ്വവും, ദീർഘകാല സ്വഭാവവുമുള്ള പരിപാടികൾക്ക് രൂപം നല്കുകയും ചെയ്തു. പ്രവിൻഷ്യൻ കൗൺസിൽ എല്ലാഭവനങ്ങളേയും സന്ദർശിച്ച് ഭവനാംഗങ്ങളോടൊപ്പം പ്രസ്തുത പദ്ധതികളെ വിലയിരുത്തുകയും, അവയുടെ പൂർത്തീകരണങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുകയുണ്ടായി. പ്രവിശ്യയുടെ പൊതുവായ വികസനസ്വപ്നങ്ങൾക്ക് ചിറകുകൾ നല്കുവാൻ പ്രവിശ്യാ കൗൺസിൽ രണ്ട് ദിവസങ്ങൾ കാർമ്മൽ ഗിരി ഹെറിറ്റേജ് പാലസിൽ ചെലവഴിക്കുകയുണ്ടായി. നമ്മുടെ പ്രവിശ്യക്ക് പുതിയൊരു ദിശാബോധം നല്കുവാൻ ഇവയെല്ലാം കാരണമാകും.

യേശുവിന് സാക്ഷ്യമേകുവാനുള്ള നമ്മുടെ വിളിക്ക് ക്രിയാത്മകമായ ഉത്തരങ്ങൾ നാം കണ്ടെത്തണം. നമുക്ക് ലഭിച്ച താലന്തുകളെ (മത്തായി 25:14-30) ഈ 3 വർഷംകൊണ്ട് ഇരട്ടിയും അതിലധികവുമായി വർദ്ധിപ്പിക്കാം. പ്രത്യേകിച്ചും കാർമ്മൽ പ്രവിശ്യയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഈ കാലഘട്ടത്തിൽ നമുക്ക് നമ്മുടെ പ്രവിശ്യക്കു ഒരു നൂതനദർശനവും മുഖഛായയും നല്കണം. നവയുഗപ്പിറവിയുടെ പ്രഭാത പ്രകാശം ദർശിക്കുവാൻ നമുക്കാകട്ടെ.

വിശുദ്ധ ചാവറപിതാവിന്റെ വാക്കുകൾ നമുക്ക് മനസ്സിൽ സൂക്ഷിക്കാം. "കൊവേന്തകളുടെ ഉറപ്പ് ചുവരുകളുടെ കനമല്ല, പിന്നെയോ അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവുമായിരിക്കുന്നു" (കത്തുകൾ V/1). "എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട് ഒരമ്മയുടെ ഉദരത്തിൽ നിന്ന് പിറന്ന് ആ അമ്മയുടെ പാൽ കുടിച്ച് വളർന്നവർ എന്നതിൽ വണ്ണമുള്ള സത്യമായ സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചു വരുകയും വേണം" (കത്തുകൾ VI/4). "ഈ സ്നേഹം എപ്പോഴും കുറഞ്ഞുപോകാതിരിക്കാനായിട്ട് —സൗഖ്യ വർത്തമാനങ്ങളെ അറിയുകയും, അറിയിക്കുകയും ആവശ്യങ്ങൾ ഉണ്ടായാൽ നടത്തുകയും വേണം" (കത്തുകൾ VI/4).

പരിശുദ്ധ കർമ്മല അമ്മയുടെ അനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

**ഫാ. പോൾ പാറക്കാട്ടേൽ സി.എം.ഐ.**

പ്രൊവിൻഷ്യൽ



# അജപാലന വകുപ്പിൽ നിന്ന്...

ദൃഷ്ടി ചരാചരമല്ലാത്ത ക്രിസ്തുവിനെ ദൈവജനത്തിനുമുന്നിൽ ദൈവാനുഭവമാക്കി തീർക്കുന്നതാണ് അജപാലനം. യാക്കോബിന്റെ കോവണിയാവുക എന്നതാണ് അജപാലനശുശ്രൂഷയിൽ ഇടയന്റെ നിയോഗം. കോവണിയുടെ അടിഭാഗം മനുഷ്യരുമായുള്ള ചിരസ്മിതബന്ധമാണ്. മുകളിൽ നിന്നും താഴേയ്ക്കു കാണണം. അത് ക്രിസ്തുബന്ധമാണ്. കോവണിയുടെ കീഴ്പ്പടവുകളിൽ വർത്തിക്കുവാനുള്ള നമ്മുടെ ഫലക്ഷമത മുകൾപ്പാവുകളുമായുള്ള നമ്മുടെ ആത്മബന്ധത്തെ ആശ്രയിച്ചാണിരിക്കുന്നത്. അജപാലകന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം അജപാലനം തന്നെ.

അജപാലനരംഗത്ത് പാറകെട്ടുകളില്ലാത്ത ഉദാത്തമായ മേച്ചിൽപ്പുറമാണ് കാർമ്മൽ പ്രവിശ്യക്കുള്ളത്. അതീവ ജാഗ്രതയോടെ ഇടയന്മാർ ഇടയധർമ്മം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുവെന്നതും ശ്ലാഘനീയം.

**നമ്മുടെ വിദേശമിഷനറിമാർ**

അപ്പസ്തോലന്മാരുടെ ആത്മധൈര്യത്തോടെ ഒറ്റയ്ക്കുനിന്നു പൂക്കുന്ന ആ മരങ്ങളാണ് പ്രവശ്യാതിർത്തിക്കു പുറത്തുള്ള അജപാലനശുശ്രൂഷ ചെയ്യുന്ന നമ്മുടെ അച്ചന്മാർ. പ്രവശ്യയ്ക്ക് വളരാൻ വളവും നനവും നല്കി സഭയ്ക്ക് തേരോട്ടം തീർക്കുന്ന ഈ മാതൃഹൃദയരുടെ ആത്മീയ ശുശ്രൂഷകളെ അകമഴിഞ്ഞാദരിക്കുന്നു. അഭിനന്ദിക്കുന്നു.

**നമ്മുടെ ഇടവകകകൾ**

പ്രവിശ്യയുടെ ചരിത്രത്തിൽ ഒരു പുഷ്പിത കാലമാണ് നമ്മുടെ നാല് ഇടവകകൾക്കും ഇപ്പോൾ ഉള്ളത്. അഞ്ഞൂറ് കുടുംബങ്ങളുള്ള കാൽവരി മൗണ്ട് ഇടവകപള്ളിയുടെ നിർമ്മാണം അവസാനഘട്ടത്തിലെത്തിയിരിക്കുന്നു. കൈതപ്പാറ ഇടവക ദേവാലയത്തിന്റെ നിർമ്മാണം പാതി വഴിയിൽ എത്തി. പുതുമ നഷ്ടപ്പെടാത്ത കൊടുവേലി ഇടവക ദേവാലയത്തിന്റെ അജപാലനശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമായി മുന്നേറുന്നു. 'കൊരണ്ടക്കാടൻ ചെയ്തികളും' ആത്മീയ മേഖലയിൽ മികവുള്ളതു തന്നെ.

**ചെങ്കര നിർമ്മൽ ഗ്രാം ധ്യാനകേന്ദ്രം**

കാർമ്മൽ പ്രവിശ്യയുടെ അജപാലനശുശ്രൂഷകളുടെ കലവറയും വിരുന്നുമുറിയുമാണ് ഇന്ന് ചെങ്കര നിർമ്മൽ ഗ്രാം ധ്യാനകേന്ദ്രം. കേരളത്തിന്റെ നാനാഭാഗത്തുനിന്നും എല്ലാ മാസവും ഇരുപത്തഞ്ചാം തീയതി ആരാധനയ്ക്കെത്തുന്ന ആയിരങ്ങൾ, മരിയൻ ധ്യാനം, തപസ്സുധ്യാനം, ആന്തരിക സൗഖ്യധ്യാനം ഇങ്ങനെ ആത്മീയ വിഭവങ്ങൾ അനവധി. ഏഴു വർഷക്കാലം ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായിരുന്ന ജോസഫ് തളിപ്പറമ്പിലച്ചന്റെ സ്ഥിരപരിശ്രമം ഇതിന്റെ വളർച്ചയ്ക്കു പിന്നിലുണ്ട്. കുമ്പസാരിപ്പിക്കാനും വചനപ്രഘോഷണത്തിനും മറ്റ് ആത്മീയ ശുശ്രൂഷകൾക്കും നമ്മുടെ പ്രവിശ്യയിലെ അച്ചന്മാരെ ഉൾപ്പെടുത്തുന്നതുവഴി ധ്യാനകേന്ദ്രത്തിന് ഒരു കാർമ്മൽ കുടുംബത്തിന്റെ നവമുഖം നൽകുകയാണ് ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബിനോയി മാരിപ്പാട്ടച്ചനും ഫ്രാൻസിസ് കുടിയിരിക്കലച്ചനും, ജെറീഷച്ചനും. ഈ മൂവർ സംഘത്തിന് ആശംസകൾ.

**പുണ്യം പൂക്കുന്നിടം**

കുമ്പസാരകൂടുകളിൽ സഹായമായി ഓടിയെത്തുന്ന നമ്മുടെ അച്ചന്മാരുടെ വിശ്രമമില്ലാത്ത ശുശ്രൂഷയെ ഇടവക വൈദികർ ഏറെ പ്രശംസിക്കുന്നുണ്ട്. പാപസങ്കീർത്തനവേദിയിലെ സജീവസാന്നിദ്ധ്യം കൊണ്ട് തൊടുപുഴ ജ്യോതിനിവാസ് ആ പേരിനെ അന്വർത്ഥമാക്കുന്നു. ജ്യോതിനിവാസിലെ എല്ലാ അച്ചന്മാർക്കും അഭിനന്ദനങ്ങൾ.

**പുതിയ സാരഥികൾ**

അജപാലനവകുപ്പിന്റെ ഉപദേശക സമിതിയിൽ രണ്ടുപേരാണുള്ളത്. ബഹു. തോമസ് മഞ്ഞക്കുന്നേലച്ചനും, ബിജു വെട്ടുകല്ലേലച്ചനും. അനുഭവങ്ങളുടെ ആഴവും ദീപ്തസൗഹൃദവും കൊണ്ട് തോമസച്ചൻ അജപാലനവകുപ്പിനെ സ്ഫുടപാകം ചെയ്യുമ്പോൾ, പുത്തനാശയങ്ങളും, യുവത്വത്തിന്റെ ചുറുചുറുക്കും കൊണ്ട് ബിജുവച്ചൻ അജപാലനവകുപ്പിന് രുചി പകരുന്നു. ഇരുവർക്കും അഭിനന്ദനങ്ങൾ. സർഗ്ഗവേദിയുടെ ഡയറക്ടർ ജെറീഷ് അറയ്ക്കലച്ചനും, വചനവേദി ഡയറക്ടർ ബിനോയി മാരിപ്പാട്ടച്ചനും, യുവവേദി ഡയറക്ടർ വെട്ടുകല്ലേലച്ചനും അനുമോദനങ്ങൾ.

**പൊതുവേദികളിൽ ഇവർ പ്രവശ്യയുടെ ശബ്ദം**

ദീപികയുടെ കൊച്ചേട്ടൻ എന്ന ഭാരിച്ച ദൗത്യത്തോടൊപ്പം ബൈബിൾ കൺവൻഷൻ വേദികളിലും യൂത്ത് സ്പിരിച്ചൽ ഓറിയന്റേഷൻ പ്രോഗ്രാമുകളിലും, കുടുംബ നവീകരണ രംഗത്തും അമരത്തു തന്നെ റോയി കണ്ണഞ്ചിറയച്ചനുണ്ട്.

ചാവറപ്പിതാവിന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിനുശേഷം പ്രവിശ്യക്കഭിമാനമായി അജപാലനശുശ്രൂഷകൾ തീക്ഷ്ണതയോടെ ചെയ്യുന്ന ജെയിംസ് മഠത്തിക്കണ്ടത്തിലച്ചനെ പ്രത്യേകം സ്മരിക്കുന്നു.

സഭയുടെ പൊതുവായ അജപാലനശുശ്രൂഷകൾക്ക് ചുക്കാൻ പിടിക്കുമ്പോഴും പ്രവശ്യയുടെ ആത്മീയ ശുശ്രൂഷകൾക്ക് ദിശാബോധം കൊടുക്കുവാൻ സഹായഹസ്തവുമായി ഓടിയെത്തുന്ന ഇരുമ്പുകുത്തിയച്ചന്റെ ആത്മാർത്ഥതയ്ക്കുമുമ്പിൽ ശിരസ്സു നമിക്കുന്നു.

മ്യൂസിക് മിനിസ്ട്രി കൊണ്ട് സഭയ്ക്ക് ഈടുറ്റ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന ബഹു. ആന്റണി ഉരുളിയാനിക്കലച്ചനും, കുര്യൻ പുത്തൻപുരയ്ക്കലച്ചനും അജപാലനരംഗത്ത് അഭിമാനം തന്നെ. വാഴക്കുളം കാർമ്മൽ പ്രയർ ഗ്രൂപ്പിന്റെ നേതൃത്വം ഇപ്പോൾ ആന്റണി ഉരുളിയാനിക്കലച്ചന്റെ കൈകളിൽ ഭദ്രമാണ്.

**പുതിയ ചില ചുവടുവയ്പ്പുകൾ**

നമ്മുടെ പ്രവിശ്യയുടെ പാസ്റ്ററൽ ഡിപ്പാർട്ടുമെന്റ് വരുന്ന മൂന്നു വർഷത്തെ അജപാലനശുശ്രൂഷകളെ 'തിബേരിയസ് മിനിസ്ട്രി' എന്നാണ് വിശേഷിപ്പിക്കുന്നത് (യോഹ.21/1-13). "കുഞ്ഞുമക്കളേ" എന്ന ഉത്ഥിതന്റെ ഉൾവിളിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 'വലതുവശത്ത് വലയെറിയുക എന്നതാണ് ലക്ഷ്യം'. വലതുവശത്തു വലയെറിയുമ്പോഴാണല്ലോ വല നിറയെ മത്സ്യങ്ങൾ കിട്ടുന്നത്. നമ്മളൊരുമിച്ചുള്ള ഈ കൂട്ടായ ഉദ്യമത്തിന്റെ ആദ്യചുവടുവയ്പ്പുകൾ നമ്മൾ എടുത്തുകഴിഞ്ഞു.

എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച വൈകുന്നേരം 6.30 മുതൽ 8.00 വരെ നമ്മുടെ പ്രവിശ്യയിലെ അച്ചന്മാർ ചെങ്കര നിർമ്മൽ ഗ്രാം ധ്യാന കേന്ദ്രത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നു.

നാളകളിലെ നമ്മൾ ആരാകണം - സർഗ്ഗ വേദി ക്യാമ്പുകൾ, വി. ചാവറ മൂല്യബോധത്തിന്റെ മാധ്യമശില്പി - യുവജനസെമിനാർ, ചാവരുകൾ ഒരു പുനരാഖ്യാനം - ഇടവക തലത്തിൽ മുതിർന്നവർക്കുള്ള ക്ലാസ്സുകൾ, എഴുപതുകാരുടെ യോഗം - വൃദ്ധർക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ, ഇടയന്റെ വടി - സൺഡേ വചനവിചിന്തനം, കാരുണ്യത്തിന്റെ കരങ്ങൾ - ക്യാൻസർ രോഗങ്ങൾക്കൊപ്പം ഇങ്ങനെ തിബേരിയാസ് മിനിസ്ട്രിയുടെ ശുശ്രൂഷകൾ സുഗമമാകുന്നു.

**ഫാ.വിനീത് വാഴേക്കുടിയിൽ സി.എം.ഐ**



# വിദ്യാഭ്യാസ വകുപ്പ്...

സി.എം.ഐ. സഭയുടെ ഏറ്റവും ശക്തമായ പ്രേഷിത രംഗമാണ് വിദ്യാഭ്യാസ മേഖല. വിദ്യാർത്ഥികളുടെ ശാരീരികവും, മാനസികവും ബൗദ്ധികവും, സാമൂഹികവും, സാന്മാർഗ്ഗികവും, ആദ്ധ്യാത്മികവുമായ വളർച്ചയിലൂടെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നതാണ് സി. എം.ഐ. സഭയുടെ കാഴ്ചപ്പാട്. കാർമ്മൽ പ്രോവിൻസിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും സി.എം.ഐ. സഭയുടെ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ടു കൊണ്ട് മികവിന്റെ കേന്ദ്രങ്ങളാകുവാനുള്ള പരിശ്രമമാണ് നാം നടത്തി ക്കൊണ്ടിരിക്കുന്നത്.

**കാർമ്മൽ കോർപ്പറേറ്റ് ഏജൻസി**

നമ്മുടെ പ്രോവിൻസിലെ എല്ലാ എയ്ഡഡ് സ്കൂളുകളേയും ഒരുമി പ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയുടെ ഗുണനിലവാരം ഉയർത്തുന്നതിനുമായിട്ടാണ് കോർപ്പറേറ്റ് രൂപീകരിച്ചത്. എല്ലാവിധ സേവ നവും ലഭ്യമാകത്തക്കരീതിയിൽ കോർപ്പറേറ്റ് ഓഫീസ് മുവാറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ പ്രവർത്തിക്കുന്നു. അനുദിനകാര്യങ്ങൾ കാര്യ ക്ഷമമായി നടത്തുന്നതിനായി ലോക്കൽ മാനേജർമാരെ അധികാരപ്പെടു ത്തുകയും ചെയ്തിരിക്കുന്നു. കൂടുതൽ മെച്ചപ്പെട്ട സേവനം നടത്തുന്നതി നായി എല്ലാ സ്കൂളുകളിലും ഒന്നോ രണ്ടോ വൈദികരെ അദ്ധ്യാപനത്തി നായി നിയോഗിക്കുകയും ചെയ്യുന്നു. വികസനപ്രവർത്തനങ്ങൾ നടത്തു

ന്നതിനായി വിവിധ രീതിയിൽ ഫണ്ടു ശേഖരിക്കുക, സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കൂടുതൽ കുട്ടികളെ ആകർഷിക്കത്തക്ക രീതിയിൽ പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പാക്കുക, ചിട്ടയായ പഠനപരിപാടികൾ നടത്തുക എന്നിവയിലൂടെ നമ്മുടെ എയ്ഡഡ് സ്കൂളുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനുള്ള പരിശ്രമത്തിലാണ് നാം.

**സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾ**

നമ്മുടെ അൺഎയ്ഡഡ് സ്കൂളുകൾ മികച്ച നിലവാരം പുലർത്തുന്നവയാണ്. എങ്കിലും മത്സരങ്ങളുടെ ഈ കാലഘട്ടത്തിൽ പഠനനിലവാരം, അച്ചടക്കം, ഇംഗ്ലീഷ് ഭാഷാ വൈദഗ്ധ്യം എന്നിവയ്ക്ക് മുൻതൂക്കം നൽകി നമ്മുടെ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പരിശ്രമത്തിലാണ് നാം. ഫീസ്, സാലറി, ടെക്സ്റ്റ് ബുക്ക്, സിലബസ് എന്നിവയിൽ ഏകീകരണം നടത്തുന്നതിനുള്ള പദ്ധതികൾ പൂർത്തിയായി. ഓരോ അൺഎയ്ഡഡ് സ്കൂളും എയ്ഡഡ് സ്കൂളുകളെ സഹായിക്കുന്ന പരിപാടിയും വിജയകരമായി മുന്നേറുന്നു.

**കോളേജുകൾ**

നമുക്ക് മൂന്ന് കോളേജുകളാണ് നിലവിലുള്ളത്. ശാന്തിഗിരി, ആളമ്പാടി, ഗിരിജ്യോതി എന്നീ കോളേജുകൾ വിജയക്കുതിപ്പിലാണ്. കെട്ടിട സൗകര്യങ്ങളുടെ സജ്ജീകരണവും, ഒരുമയോടെയുള്ള പ്രവർത്തനശൈലിയും കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവുമെല്ലാം ആശാവഹമായ കാര്യങ്ങളാണ്. ഭാവിയിൽ ഉന്നതനിലവാരം പുലർത്തുന്ന വിദ്യാകേന്ദ്രങ്ങളായി ഇവ മാറും എന്ന് നമുക്ക് പ്രത്യാശിക്കാം.

**സാംസ്ക്കാരിക കേന്ദ്രങ്ങൾ, IELTS, കൗൺസിലിംഗ്, സെന്ററുകൾ**

നമ്മുടെ സാംസ്ക്കാരിക കേന്ദ്രങ്ങൾ, കൗൺസിലിംഗ് IELTS സെന്ററുകൾ എന്നിവ തനതായ രീതിയിൽ പ്രവർത്തനമികവ് പുലർത്തുന്നുണ്ട്. നൂതന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവ ആളുകളുടെ സമഗ്രവികസനത്തെ മുന്നിൽക്കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്.

**പുത്തൻ കാൽവയ്പ്പുകൾ**

നവമാധ്യമങ്ങളിലൂടെ സുവിശേഷമൂല്യങ്ങൾ പകർന്നുനൽകാൻ കഴിയുന്ന പ്രസ്ഥാനങ്ങൾക്കും കൂട്ടായ്മകൾക്കും രൂപം നൽകി പ്രോവിൻസിന്റെ മാധ്യമരംഗം മെച്ചപ്പെടുത്തുവാനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഒത്തൊരുമയോടുള്ള പ്രവർത്തന ശൈലിയിലൂടെ വിദ്യാഭ്യാസ മേഖലയിൽ വിജയങ്ങൾ കൊയ്യുവാൻ നമുക്ക് ഇടവരട്ടെ എന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

**ഫാ.സിജൻ ഊന്നുകല്ലേൽ സി.എം.ഐ**



# സാമൂഹ്യസേവന വകുപ്പ്...

**1. ഫാ. ജോൺ തലച്ചിറയ്ക്ക് സാമൂഹ്യസേവനവകുപ്പിന്റെ കൃതജ്ഞത**

കഴിഞ്ഞ മൂന്ന് വർഷക്കാലം സാമൂഹ്യസേവന വകുപ്പിനെ ചലനാത്മകമാക്കി പ്രവർത്തിച്ച ജോണച്ചന് എല്ലാവിധ മംഗളങ്ങളും, പ്രാർത്ഥനകളും, പുതിയ ഉത്തരവാദിത്വങ്ങൾക്ക് ആശംസകളും നേരുന്നു. പഞ്ചാബിന്റെ വളക്കൂറുള്ള മണ്ണിൽ അച്ചന്റെ സേവനം ശോഭനമാകട്ടെ...

**2. സാമൂഹ്യസേവന വകുപ്പിന്റെ പുതിയ സാരഥിയായി ഫാ. മാത്യു മഞ്ഞക്കുന്നേൽ ചാർജ്ജെടുത്തു**

"സാമൂഹ്യസേവനം സമൂഹത്തിന്റെ മാറ്റത്തിന്" എന്ന ആശയത്തെ മുൻനിറുത്തി ആയിരിക്കും പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. സാമൂഹ്യസേവനവകുപ്പിന്റെ ഉപദേശക സമിതിയിലേക്ക് ഫാ. ജോൺ ആനിക്കോട്ടിൽ, ഫാ. ജിൻസ് പടിഞ്ഞാറേയിൽ എന്നിവർ നിയമിതരായി.

**3. കാർമ്മൽ സർവ്വീസസ് & ചാരിറ്റിസ്**

കാർമ്മൽ പ്രൊവിൻസിന്റെ സാമൂഹ്യപ്രതിബദ്ധതയുടെ അടയാളമായ കാർമ്മൽ സർവ്വീസസ് & ചാരിറ്റീസ് വാർഷിക സമ്മേളനം ജൂൺ 18-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. സി.എസ്.സി.യുടെ പേട്രനായ ഫാ. പോൾ പാറക്കാട്ടേൽ ആമുഖ സന്ദേശം

നല്കി. തുടർന്ന് 2016-2017 -ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്നു നടന്ന യോഗത്തിൽ ചെയർമാനായി ഫാ. മാത്യു മഞ്ഞക്കുന്നേലും സെക്രട്ടറിയായി ഫാ. ജിൻസ് പടിഞ്ഞാറേയിലും നിയമിതരായി. ട്രഷററായി ഫാ. ജോസഫ് കൈമലയെ തിരഞ്ഞെടുത്തു. കഴിഞ്ഞ 6 വർഷക്കാലം സെക്രട്ടറിയായി സേവനം ചെയ്ത ഫാ. ജോൺ ആനിക്കോട്ടിലിനും, ട്രഷററായി പ്രവർത്തിച്ച ബ്ര. മഞ്ഞക്കുന്നേൽ ജോസ് മാർട്ടിനും, നന്ദി രേഖപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ മൂന്നുവർഷക്കാലമായി സി. എസ്. സി. യെ നയിച്ച ഫാ. ജോൺ തലച്ചിറയ്ക്കും, പേട്രനായി പ്രവർത്തിച്ച ഫാ. തോമസ് മഞ്ഞക്കുന്നേലിനും യോഗത്തിൽ നന്ദി രേഖപ്പെടുത്തുകയുണ്ടായി. ഫാ. ആന്റണി തുലാമറ്റം, ഫാ. ജോർജ്ജ് തടത്തിൽ, ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ എന്നിവരെ എക്സിക്യുട്ടീവ് അംഗങ്ങളായി തിരഞ്ഞെടുത്തു. സി.എസ്.സി. കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകുവാനുള്ള തീരുമാനത്തോടെ യോഗം പിരിഞ്ഞു.

**4. സേവാ**

സി.എം.ഐ. സഭയുടെ സാമൂഹ്യസേവനത്തിന്റെ മുഖമുദ്രയായ സേവയുടെ വാർഷിക സമ്മേളനം ജൂൺ 15-ാം തീയതി ജനറൽ ഹൗസിൽ വച്ച് നടന്നു. ഫാ. മാത്യു മഞ്ഞക്കുന്നേൽ, ഫാ. ജോൺ ആനിക്കോട്ടിൽ, ഫാ. ബാബു മറ്റത്തിൽ, ഫാ. മാത്യു അയ്യൻകോലിൽ എന്നിവർ സേവയുടെ പ്രതിനിധികളായി പങ്കെടുക്കുന്നു. കഴിഞ്ഞ മൂന്നുവർഷമായി സേവയുടെ സെക്രട്ടറിയായി ജോലി ചെയ്ത ഫാ. ജിൻസ് പടിഞ്ഞാറേയിലിന് നന്ദി രേഖപ്പെടുത്തി. സേവയുടെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ഓസ്റ്റിൻ കളപ്പുരയ്ക്കും, ബോർഡ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട ഫാ. മാത്യു മഞ്ഞക്കുന്നേലിനും എല്ലാവിധ മംഗളങ്ങളും നേരുന്നു. സമ്മേളനത്തിൽ പ്രിയോർ ജനറൽ ഫാ. പോൾ അച്ചാണ്ടി, സാമൂഹ്യ സേവനവകുപ്പ് അദ്ധ്യക്ഷൻ ഫാ. വർഗീസ് വിതയത്തിൽ, എല്ലാ പ്രവിശ്യകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. സേവയുടെ ഭാവി പദ്ധതികൾ, പരിപാടികൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു.

**5. CASP**

കാർമ്മൽ പ്രവിശ്യയുടെ പഠനസഹായ പദ്ധതിയായ CASP സജീവമായി പ്രവർത്തിച്ചുവരുന്നു. നമ്മുടെ എല്ലാ ഭവനങ്ങളോടനുബന്ധിച്ച് 12/24 കുട്ടികൾ വീതം ഈ പദ്ധതിയിൽ അംഗങ്ങളാണ്. കുട്ടികൾക്കുള്ള സ്കോളർഷിപ്പും ആഴ്ചയിലൊരിക്കൽ ഒത്തുചേരലും ഇതിന്റെ ഭാഗമായി നടന്നു വരുന്നു. വാർഷിക യോഗം ഡിസംബർ മാസം നടക്കുന്നതാണ്.

**6. സാമൂഹ്യസേവനപദ്ധതികൾ**

കാർമ്മൽ പ്രവിശ്യയുടെ സാമൂഹ്യസേവനപദ്ധതിയുടെ ഭാഗമായി, ചികിത്സാസഹായം, വിവാഹ സഹായം, ഭവനനിർമ്മാണ സഹായം, സ്വയം

തൊഴിൽ പദ്ധതി എന്നിവ മുൻഗണനാപ്രകാരം നടന്നുവരുന്നു.

**7. അന്നദാനപദ്ധതി**

മുവാറ്റുപുഴ താലൂക്ക് ആശുപത്രിയിൽ എല്ലാ ചൊവ്വാഴ്ചയും, 200 ആളുകൾക്ക് - രോഗികൾ, ആശ്രിതർ - എന്നിവർക്ക് സൗജന്യമായി വൈകിട്ട് 5.00 മണിക്ക് ഭക്ഷണം കൊടുത്തുവരുന്നു. അച്ചന്മാരും, ബ്രദേഴ്സും, മൈനർ സെമിനാരി ബ്രദേഴ്സും ഇതിനു സഹായിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതിയിൽ പങ്കുചേരുവാൻ ആഗ്രഹിക്കുന്നവർ 3500/ രൂപ മുൻകൂർ അടച്ച് ബുക്ക് ചെയ്യാവുന്നതാണ്. ബാങ്ക് വഴിയും പണം അടയ്ക്കാവുന്നതാണ്.

**8. ഭവനനിർമ്മാണ പദ്ധതി**

സാമൂഹ്യസേവനത്തിന്റെ ഭാഗമായി നമ്മുടെ പ്രവിശ്യാഭവനത്തിലെ പാർലർ ബോയി സിജോയ്ക്ക് നിർമ്മിച്ച നല്കിയ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം ജൂലൈ 3-ാം പ്രൊവിൻഷ്യൽ ഫാ. പോൾ പാറക്കാട്ടേൽ നിർവ്വഹിച്ചു.

**8. ദ്രവം: ദിവ്യം: ദേവം**

ആയുഷിന്റെ സഹായത്തോടെ ആയൂർ വേദപഠനവും ചികിത്സയും ഒത്തുചേർത്തുകൊണ്ട് ഒരു സമഗ്ര ആരോഗ്യപദ്ധതിക്ക് നിർമൽ ഗ്രാം ഭൂതത്താൻകെട്ടിൽ തുടക്കമിടുന്നു. ജൈവ പച്ചക്കറി കൃഷിയും, വിഷവിമുക്ത കൃഷിരീതികളും, പഴവർഗ്ഗ സംരക്ഷണം, മത്സ്യകൃഷി പ്രോത്സാഹനം, ആയൂർവേദ ചെടി വളർത്തൽ, ഹരിതഭവനം പദ്ധതി, മണ്ണു സംരക്ഷണം, വീട്ടുമൃഗ സംരക്ഷണം, ജലസംരക്ഷണം, കാട-കോഴി വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ഹരിതഭവനം' പദ്ധതിയുടെ ഒരു മാതൃകാ കൃഷിത്തോട്ടവും ഇവിടെ തയ്യാറായി വരുന്നു. സാമൂഹ്യ വകുപ്പിന്റെ ഒരു ആസ്ഥാനകേന്ദ്രമായി വളർത്തിക്കൊണ്ട് 'സമഗ്രജീവിതം സമഗ്രവളർച്ചയ്ക്ക്' എന്ന തത്വം പ്രാവർത്തികമാക്കുവാൻ യോഗ, ധ്യാനപദ്ധതികളും ടൂറിസം പദ്ധതികളും, ഇതോടനുബന്ധിച്ച് ഭാവിയിൽ പ്രവർത്തനം തുടങ്ങും.

**9. ഹരിത ഭവനം പദ്ധതി**

കാർമ്മൽ പ്രൊവിൻസിലെ എല്ലാ ഭവനങ്ങളും, എല്ലാ സ്ഥാപനങ്ങളും, 'ഹരിത ഭവനം' പദ്ധതിയിലൂടെ ഹരിത സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും അങ്ങനെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ 'സ്വച്ഛ ഭാരതം' ഹരിത കേരളം' പദ്ധതികളിൽ സജീവമായി പങ്കെടുക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. അങ്ങനെ കാർമ്മൽ പ്രൊവിൻസ് സി.എം.ഐ. സഭയുടെ ആദ്യത്തെ സമ്പൂർണ്ണ ഹരിത പ്രൊവിൻസായി പ്രഖ്യാപിക്കപ്പെടാനുള്ള നടപടികൾ, സാമൂഹ്യ സേവനവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. പ്രകൃതിസംരക്ഷണവും, ജൈവകൃഷി പദ്ധതിയും, പച്ചക്കറി സ്വയം പര്യാപ്തതയും, പരിസര ശുചിത്വവും ജലസംരക്ഷണവുമെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേ

ശങ്ങൾ കർമ്മലധ്വനി ഈ ലക്കത്തിൽ ചേർത്തിട്ടുണ്ട്. ഓരോ സ്ഥാപനവും ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്തു തുടങ്ങാവുന്നതാണ്. നമ്മുടെ ഭവനങ്ങൾ 'ആശ്രമവന'ങ്ങളായി മാറുന്ന പ്രകൃതിയിലേക്ക് മടങ്ങുകയാണ് ലക്ഷ്യം. ശാന്തിഗിരി കോളേജിന്റെ ആഭിമുഖ്യത്തിൽ ഇതിന്റെ ബോധവത്ക്കരണ കർമ്മപരിപാടികൾ തയ്യാറായി വരുന്നു. നമ്മുടെ എല്ലാ സ്ഥാപനങ്ങളിലും ഈ ആശയം എത്തിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

**10. ദേശീയ സാമൂഹ്യ വകുപ്പ് സമ്മേളനം**

സി.എം.ഐ. സഭയുടെ സാമൂഹ്യ വകുപ്പ് 4-ാം വാർഷിക സമ്മേളനം നവംബർ മാസത്തിൽ ബെല്ലംപള്ളിയിൽ വച്ച് നടക്കും. എല്ലാ പ്രവിശ്യയിൽ നിന്നുമുള്ള സാമൂഹ്യവകുപ്പ് കൗൺസിലർമാർ ഈ സമ്മേളനത്തിൽ പങ്കെടുക്കും. അടുത്ത വർഷങ്ങളിലേക്കുള്ള പദ്ധതികളും പ്ലാനുകളും ഈ സമ്മേളനത്തിൽ അവതരിപ്പിക്കും. കാർമ്മൽ പ്രവിശ്യയെ പ്രതിനിധീകരിച്ച് ഫാ.മാത്യു മഞ്ഞക്കുന്നേൽ ഈ സമ്മേളനത്തിൽ പങ്കെടുക്കും.

**11. പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾ**

അടിമാലി, വട്ടവട മേഖലയിലെ ആദിവാസി മേഖലകളിൽ ആരോഗ്യ പോഷകാഹാര പദ്ധതികൾ നടപ്പിലാക്കുമ്പോൾ, കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതിന് വേണ്ട പരിശ്രമം സാമൂഹ്യവകുപ്പ് ചെയ്തുവരുന്നു. ട്രൈബൽ പഞ്ചായത്തായ ഇടമലക്കുടിയിലും ഈ പദ്ധതി നടപ്പാക്കുവാൻ പരിശ്രമിക്കുന്നു.

**12. പങ്കുവയ്ക്കലും കരുതലും**

വ്യക്തിഗത വളർച്ചയ്ക്കും വ്യക്തിത്വവികാസത്തിനും പങ്കുവയ്ക്കലും കരുതലും ആവശ്യമാണ് എന്ന ആശയത്തെ മുൻനിറുത്തി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുറത്തും സി.എസ്.സി.യുടെ ആഭിമുഖ്യത്തിൽ ഒരു ഫണ്ടുശേഖരണവും അതോടൊപ്പം ഹരിത സർട്ടിഫിക്കറ്റ് വിതരണവും നടത്തുവാൻ ആലോചിക്കുന്നു. പങ്കുവച്ച് വളരുക വളർത്തുക എന്നത് സാമൂഹിക പ്രതിബദ്ധതയിലേക്ക് കുട്ടികളെ നയിക്കുമെന്നത് ഇതിന്റെ സവിശേഷഗുണമായി മുന്നിൽ കാണുന്നു.

**13. സാമൂഹിക പ്രതിബദ്ധത വിദേശ അജപാലകരിലൂടെ**

വിദേശത്ത് ജോലി ചെയ്യുന്ന നമ്മുടെ അച്ചന്മാർ, സാമൂഹിക പ്രതിബദ്ധതയോടെ കുട്ടികളുടെ പഠനത്തിനും ഭവനനിർമ്മാണത്തിനുമായി സഹായം നൽകി വരുന്നു. ബഹു.ജോസ് വടക്കേക്കര, ജോർജ്ജ് കാലാച്ചിറ, പൗലോസ് കളപ്പുര എന്നീ അച്ചന്മാർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ... ഏറെ നന്ദി...

**ഫാ.മാത്യു മഞ്ഞക്കുന്നേൽ സി.എം.ഐ**



# സാമ്പത്തിക വകുപ്പ്

**You are the root of your financial success or failure. If you work on the roots, the fruits will take care of themselves.**

സാമ്പത്തിക വകുപ്പിൽ നിന്നും ആശംസകൾ...

കഴിഞ്ഞ മൂന്നു വർഷത്തെ നിങ്ങളുടെ എല്ലാ സഹകരണങ്ങൾക്കും സ്നേഹപൂർവ്വം ഒത്തിരി നന്ദി. സാമ്പത്തിക വളർച്ചയുടെ പാതയിൽ നമ്മൾ കുതിക്കാൻ ശ്രമിക്കുകയാണ്. ആ പ്രയത്നത്തിൽ എല്ലാവരുടെയും സഹായഹസ്തങ്ങൾ പ്രതീക്ഷിക്കുന്നു. പലതുള്ളി പെരുവെള്ളം–ചേർത്തുപിടിക്കുന്ന ഒത്തിരി കരങ്ങൾ വളരുന്ന നമ്മുടെ പ്രവിശ്യയുടെ സാമ്പത്തിക മേഖലയ്ക്ക് ബലമാകട്ടെ.

Central Pooling and contribution from houses എന്നിവ നമ്മുടെ പ്രവിശ്യയുടെ സാമ്പത്തിക ഭദ്രതയ്ക്ക് മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പുത്തൻ സാമ്പത്തികരംഗം എല്ലാ പണമിടപാടുകളും അക്കൗണ്ടുകൾ വഴിയാക്കി Cashless Economy സൃഷ്ടിച്ചെടുക്കാനുള്ള പരിശ്രമത്തിലാണ്. ഈ അവസരത്തിൽ നമ്മുടെ പണമിടപാടുകളെല്ലാം സാധിക്കുന്നിടത്തോളം ഇത്തരത്തിലാക്കാൻ പരിശ്രമിക്കുകവഴി സാമ്പത്തിക സുതാര്യത കരസ്ഥമാക്കാൻ കഴിയും. തുടർന്നുള്ള നമ്മുടെ പ്രവർത്തനങ്ങൾക്കും പരിശോധനകൾക്കും ഇതുവളരെ പ്രയോജനപ്രദമാകുകയും ചെയ്യും എന്ന് ഓർമ്മിപ്പിക്കുന്നു.

To understand someone, findout how he spends money.

നമ്മുടെ പ്രവിശ്യയുടെ സാമ്പത്തിക ഭദ്രതയ്ക്കായി നമുക്ക് കൈകോർക്കാം.

**ഫാ.ബിനോയി പാലക്കുഴയിൽ സി.എം.ഐ**






**1. കപ്പൽ ഓടിക്കാൻ പുതിയ കപ്പിത്താനും, കൂട്ടരും...**

കാർമ്മൽ പ്രവിശ്യയെ ഊർജ്ജസ്വലമായി നയിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ട പുതിയ പ്രൊവിൻഷ്യാൾ പോൾ പാറക്കാട്ടേലച്ചനും മറ്റു കൗൺസിലർ അച്ചന്മാർക്കും പ്രവിശ്യാ അംഗങ്ങളുടെ എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**2. നവാഗതർക്ക് സ്വാഗതം...**

പ്രവിശ്യാഭവനം ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക്. പ്രവിശ്യാഭവനത്തിന്റെ വളർച്ചയ്ക്ക് പുതിയ പുതിയ മാനങ്ങൾ നൽകിക്കൊണ്ട് നവാഗതർ എത്തിയിരിക്കുന്നു. സുപ്പീരിയർ മാത്യു മഞ്ഞക്കുന്നേലച്ചനും, പ്രവിശ്യാഭവനാഗംങ്ങളായെത്തിയിരിക്കുന്ന ബഹു. ജോസഫ് കൈമലയിലച്ചനും, ജോസ് കുളക്കാട്ടച്ചനും, ജോയി അറമ്പകുടിയച്ചനും, ജോസ് തച്ചുകുന്നേലച്ചനും, ജെയ്സൺ പുറ്റനാലച്ചനും, ഷിന്റോ പുന്നയ്ക്കലച്ചനും, എബിൻ കല്ലറയ്ക്കച്ചനും, ജിയോ കോക്കണ്ടത്തിലച്ചനും, സോബിൻ കിഴക്കെയിൽ ശെമ്മാശനും പ്രവിശ്യാ ഭവനത്തിലേക്ക് സ്വാഗതം...

**3. പുതിയ മേച്ചിൽ പുറങ്ങൾ തേടി...**

പുതിയ മേച്ചിൽ പുറങ്ങൾ തേടി അവർ യാത്രയായി. ബഹു. ആന്റണി ഉരുളിയാനിക്കലച്ചനും, ഡിനോ കള്ളികാട്ട് അച്ചനും വാഴക്കുളം ആശ്രമത്തിലേക്കും, ബഹു. തോമസ് മഞ്ഞക്കുന്നേലച്ചനും, ബ്ര. മാർട്ടിൻ മഞ്ഞക്കുന്നേലും കൊടുവേലി ആശ്രമത്തിലേക്കും, ജോൺ തലച്ചിറയച്ചൻ പാട്യാല ആശ്രമത്തിലേക്കും, സൈമൺ പഴമ്പിള്ളിലച്ചൻ തൊടുപുഴ ജ്യോതിനിവാസ് ആശ്രമത്തിലേക്കും, ബിനോജ് വട്ടോടിയിൽ അച്ചൻ ഉപരിപഠനത്തിനായി തിരുവനന്തപുരം പ്രവിശ്യാ ഭവനത്തിലേക്കും യാത്രയായി. അതോടൊപ്പം കാർമ്മൽ പ്രൊവിൻഷ്യൽ ഹൗസിന്റെയും ദിവ്യകാരുണ്യ സമൂഹത്തിന്റെ സ്പന്ദനം ആയിരുന്ന ലിബിൻ ശെമ്മാശനും, അലക്സ് ശെമ്മാശനും തിയോളജി പഠനത്തിനായി ബാംഗ്ലൂർ ധർമ്മാരാമിലേക്കും, ജിത്തു ശെമ്മാശൻ നേര്യമംഗലം കാർമ്മൽ നൊവിഷ്യേറ്റിലേക്കും യാത്രയായി...

**4. കാത്തിരിക്കാൻ ഒരാളുണ്ടെങ്കിൽ...**

കാത്തിരിക്കാൻ ഒരാളുണ്ടെങ്കിൽ തിരികെ വരാതിരിക്കുവാൻ സാധിക്കുകയില്ല. ഇത് ജോസ് കേളംപറമ്പിൽ അച്ചന്റെ 'മൺപാത്രങ്ങൾ കഥ പറയുമ്പോൾ' എന്ന പുസ്തകത്തിലെ വാക്കുകളാണ്. രണ്ട് കൊല്ലത്തെ പിജി പഠനം പൂർത്തിയാക്കിയശേഷം നൊവിഷ്യേറ്റ് ഹൗസിലേക്ക് യാത്രതിരിച്ച ബഹുമാനപ്പെട്ട കേളംപറമ്പിലച്ചൻ B.Ed. പഠനത്തിനും നിർമ്മലകോളേജിൽ പഠിപ്പിക്കുന്നതിനുമായി പ്രവിശ്യാഭവനത്തിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. അച്ചന് പ്രവിശ്യാഭവനത്തിലേക്ക് സ്വാഗതം.

**5. കോളേജുകുമാരാ Tiffin box ഉം water bottle ഉം എടുത്തോ?**

പ്രവിശ്യാ ഭവനത്തിലെ പുതിയ കോളേജുകുമാരൻ തന്നെ! പക്ഷെ അമൽ ശെമ്മാശൻ ഞങ്ങൾക്ക് ഒരു സ്കൂൾ കുട്ടിയാണ്. കാരണം ശെമ്മാശന്റെ പുതിയ കോളേജ് അനുഭവങ്ങൾ കേൾക്കുമ്പോൾ ഒരു സ്കൂളിലെ അനുഭവം പോലെയാണ് തോന്നുന്നത്. ശാന്തിഗിരി കോളേജിൽ ബിബിഎ പഠനം തുടങ്ങിയ ശെമ്മാശന് എല്ലാവിധ ആശംസകളും നേരുന്നു...

**6. മരിയ ഭവനും കുളക്കാട്ടച്ചനും അതിഥികൾക്കായി കാത്തിരിക്കുന്നു...**

2017 മാർച്ച് 11-ാം തീയതി മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് മരിയഭവൻ വെഞ്ചിരിച്ചു. ആധുനിക സംവിധാനങ്ങളും കലാരൂപങ്ങളും കൊണ്ട് മരിയഭവൻ കൂടുതൽ ഭംഗിയാർജ്ജിച്ചു വരുന്നു.

**7. പുതിയ മുഖത്തിൽ പുതിയ ഭവനത്തിൽ**

പൂന്തോട്ടത്തിന് പുതിയ മുഖം നൽകിക്കൊണ്ട് പുതിയ സൃഷ്ടി രൂപങ്ങൾ സ്ഥാനം പിടിച്ചു. ജിയോ കോക്കണ്ടത്തിലച്ചന്റെയും എബിൻ കല്ലറക്കൽ അച്ചന്റെയും നേതൃത്വത്തിൽ പുത്തൻ സംരഭങ്ങൾക്ക് പ്രവിശ്യാ ഭവനത്തിൽ തുടക്കമായി. മുയൽ, താറാവ്, വാത്ത, മുട്ടക്കോഴി, കാടക്കോഴി, ഇവയെ കാത്തുസംരക്ഷിക്കാൻ കരുത്തുറ്റ മൂന്നു പട്ടികൾ എന്നിവയെല്ലാം കൊണ്ട് പ്രവിശ്യാ ഭവനത്തിൽ ഇപ്പോൾ ഒരു 'ലൈവ് സ്റ്റോക്ക് ഗാലറി' രൂപപ്പെട്ടുവരുന്നു.

# സെന്റ് ജോസഫ് മൈനർ സെമിനാരി

**പുതിയ നായകൻ, സഹായകൻ, സാരഥികൾ**

ഇത് എസ്.ജെ.എം.എസ് -ന് പുതുമയുടെ വർഷം. ഈ വർഷം എസ്.ജെ.എം.എസ് പുതിയ വ്യക്തികളെ ക്കൊണ്ട് സമ്പന്നമായി രിക്കുകയാണ്. യുവത്വ ത്തിന്റെ പ്രസരിപ്പും പ്രസന്നതയും ഒരുമിച്ച് കൈമുതലാക്കി പുതിയ റെക്ടറച്ചൻ ചാർജ് എടുത്തിരിക്കു ന്നു. ബഹുമാനപ്പെട്ട ജിയോ കോക്കണ്ട ത്തിൽ അച്ചന് സ്നേഹപൂർവ്വകമായ സ്വാഗതവും പുതിയ കർമ്മമണ്ഡല ത്തിൽ പ്രാർത്ഥനകളും നേരുന്നു. റെക്ടറച്ചന്റെ ആദ്യ ബാച്ച് ആകുവാൻ ഭാഗ്യം ലഭിച്ച ഞങ്ങൾ ആ സന്തോഷത്തിലാണ്.



സെമിനാരിയിലെ പുതിയ സഹായകനായി (റീജന്റ്) ബഹുമാന പ്പെട്ട സോബിൻ കിഴക്കെയിൽ എത്തിയിരിക്കുന്നു. ബാംഗ്ലൂർ പഠനത്തിനു ശേഷം നാട്ടിൽ എത്തിയ ശെമ്മാശന് ആശംസകളും പ്രാർത്ഥനകളും എസ്.ജെ.എം.എസ്. നെ അതിന്റെ പൂർണ്ണതയിൽ പ്രശോഭിപ്പിക്കുവാൻ, സുന്ദരമാക്കുവാൻ പുതിയ 13 സഹോദരങ്ങൾ ആഗതരായിരിക്കുന്നു. പ്രൊവിൻസിലെ ബഞ്ചമിൻസ്, പ്രകൃതിരമണീയവും സ്വസ്ഥവും ശാന്തവു മായ ദൈവസ്നേഹ കൂടാരത്തിൽ ഏകമനസ്സായ് ജീവിക്കുന്നു. സന്യാസ ജീവിതത്തിന്റെ ആദ്യ പടികളിലേക്ക് കാലുവച്ചിരിക്കുന്ന സഹോദര ങ്ങൾക്ക് പ്രാർത്ഥനകളും ആശംസകളും അർപ്പിക്കുന്നു. നാല് രൂപത കളിൽനിന്നുമുള്ള സഹോദരങ്ങൾ ഞങ്ങളുടെ കൂടെയുണ്ട്. എല്ലാവർക്കും സ്വാഗതം...

**പഠനത്തിന്റെ തിരക്കിൽ...**

സന്ന്യാസനേഴ്സറിയാണെങ്കിലും ക്ലാസ്സുകളും ജോലികളുമായി ഞങ്ങൾ തിരക്കിലാണ്. സന്ന്യാസത്തിന്റെ പിള്ളത്തൊട്ടിലായ സെമിനാരിയിൽ വിവിധങ്ങളായ ക്ലാസ്സുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സന്ന്യാസ ത്തിന്റെ മനോഹാരിത ഞങ്ങൾ ആസ്വദിക്കുന്നു. സെമൺ പഴമ്പിള്ളി അച്ചന്റെ (സൈ) ഇംഗ്ലീഷ് ക്ലാസ്സുകളും, റെക്ടർ അച്ചന്റെയും എബിൻ അച്ചന്റെയും സഭാപരമായ ക്ലാസ്സുകളും, ജയ്സൺ പുറ്റനാലച്ചന്റെ ക്ലാസ്സുകളും, ശെമ്മാ ശന്റെ ക്ലാസ്സുകളും, യോഗ, പാചകം, ഫാം പരിപാലനം, ഗാർഡനിംഗ്, ബാസ്ക്കറ്റ് ബോൾ കോച്ചിംഗ് അങ്ങനെ എല്ലാം നിറഞ്ഞ ഗുരുകുലത്തിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഓണ പരീക്ഷയ്ക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

**'പ്രസംഗ പരിശീലനവും സംഗീത വിരുന്നും, പിന്നെ കളിമുറ്റവും'**

സന്ന്യാസ പരിശീലനത്തിന്റെ ആദ്യനാളുകളിൽ ഞങ്ങളെ കൈപിടിച്ചു നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബഹുമാനപ്പെട്ട കുര്യൻ പുത്തൻപുരയ്ക്കലച്ചന്റെ സാന്നിദ്ധ്യം ഞങ്ങളുടെ സംഗീതവാസനയെ മനസ്സിലാക്കാനും വളർത്തുവാനും സഹായകമാകുന്നു. സി.എം.ഐ. സഭയിലെ പ്രശസ്തനായ പ്രസംഗകനായ ഇരുമ്പുകുത്തിയച്ചന്റെ പ്രഭാക്ഷണ കലയെക്കുറിച്ചുള്ള ക്ലാസ്സുകളും മറ്റ് വ്യക്തിത്വവികസനക്ലാസ്സുകളും ഞങ്ങൾ വളരെ ഉപകാരപ്രദമായി. ബാസ്ക്കറ്റ് ബോൾ കോച്ചിംഗിനായി ബഹുമാനപ്പെട്ട റോണേസ് അച്ചനും ജിത്തു ശെമ്മാശനും സെമിനാരിയിലെത്തുകയും ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. വളരെ കഴിവുള്ള ഈ വ്യക്തിത്വങ്ങളെ കാണുവാനും അറിവ് സമ്പാദിക്കുവാനും സാധിച്ചത് വളരെ ഉപകാരമായി കാണുന്നു.

**പ്രൊവിൻഷ്യാളച്ചന്റെ തിരുനാൾ ആഘോഷം**

നമ്മുടെ പ്രൊവിൻസിന്റെ പിതാമഹന്റെ നാമഹേതുക തിരുനാൾ വളരെ ലളിതമായും ഭംഗിയായും ആഘോഷിച്ചു. വിശുദ്ധ ബലിയർപ്പിച്ച് ഞങ്ങൾ അച്ചനോടൊത്ത് പ്രാർത്ഥിക്കുകയും മധുരം പങ്കുവച്ച് തിരുനാളിന്റെ മാധുര്യം പങ്കുവയ്ക്കുകയും ചെയ്തു.

**റെക്ടറച്ചന്റെ പിറന്നാൾ ദിനം**

പ്രൊവിൻസിലെ ഏറ്റവും പ്രായം കുറഞ്ഞ വൈദികൻ എന്ന സ്ഥാനം മൂന്നാം വർഷവും നിലനിർത്തിക്കൊണ്ട് റെക്ടറച്ചന്റെ പിറന്നാൾ വളരെ ഗംഭീരമായി ഞങ്ങൾ ആഘോഷിച്ചു. പല പരിപാടികളും കൊണ്ട് സമ്പുഷ്ടമായ ഈ ദിനം അതിന്റെ എല്ലാ പൂർണ്ണതയിലും ആഘോഷിക്കുവാൻ സാധിച്ചു. എല്ലാ കാര്യങ്ങളിലും കൂടെയെത്തി, കൂട്ടുകാരനായി, കാത്തിരിക്കുന്ന സംലഭ്യമാകുന്ന സാന്നിദ്ധ്യമായ ഞങ്ങളുടെ റെക്ടറച്ചന് പിറന്നാൾ മംഗളങ്ങൾ... പ്രാർത്ഥനകൾ...

**'പ്രകൃതിയിലേക്ക് ചരിക്കുക' ...**

'പ്രകൃതിയിലേക്ക് ചരിക്കുക' എന്ന പ്രഖ്യാപനവുമായി റെക്ടറച്ചന്റെ നേതൃത്വത്തിൽ സെമിനാരിയിൽ വിവിധങ്ങളായ പരിപാടികൾ നടക്കുന്നു. കൃഷിയിടങ്ങളും പൂന്തോട്ടങ്ങളും, മുയൽ വളർത്തൽ, താറാവ്, പാത്ത തുടങ്ങിയ പക്ഷിമൃഗാദികളും ഒപ്പം 'മാഗി' യെന്ന സെമിനാരിയുടെ 'കാവൽക്കാരിയും' അടങ്ങുന്ന ഈ വീട് പ്രകൃതിയുടെ സന്തതസഹചാരിയായി മാറിക്കൊണ്ടിരിക്കുന്നു.

**വിദേശികളും സ്വദേശികളും**

വിദേശത്ത് സേവനം ചെയ്യുന്ന വൈദികരുടെയും സ്വദേശത്ത് സേവനം ചെയ്യുന്ന വൈദികരുടെയും സന്ദർശനങ്ങളും ഷെയറിംഗുകളും ഞങ്ങൾക്ക് വളരെ പ്രോത്സാഹനവും ഞങ്ങളുടെ ദൈവവിളിക്ക് കൂടുതൽ കരുത്ത് പകരുന്നു.

# CARMEL MONASTERY






**കർമ്മല ആശ്രമത്തിന് പുതിയ അംഗങ്ങൾ**

കർമ്മല ആശ്രമ കൂട്ടായ്മക്ക് വീണ്ടും ശക്തി കൂടി. പതിനൊന്നിൽ നിന്ന് പതിനഞ്ച് അംഗങ്ങളിലേക്ക് ആശ്രമം വളർന്നു കഴിഞ്ഞു. ബഹു. ആന്റണി ഉരുളിയാനിക്കലച്ചനും, സണ്ണി പുൽപ്പറമ്പിലച്ചനും, ബിനു ഇല ഞ്ഞേടത്തച്ചനും, ജോൺസൺ പാലപ്പിള്ളിയിലച്ചനും, ഡിനോ കള്ളിക്കാട്ട ച്ചനും, ഷിന്റോ കന്നുകെട്ടിയിലച്ചനും, ബിഖിൽ അരഞ്ഞാണിയിലച്ചനു മാണ് ഈ പുതിയ അംഗങ്ങൾ. അവർ കർമ്മല അമ്മയുടെ തണലിൽ തങ്ങ ളുടെ പ്രേഷിത മണ്ഡലങ്ങളിൽ പ്രവർത്തനനിരതരായി കഴിഞ്ഞു. എല്ലാ വർക്കും സ്വാഗതം... ഒപ്പം ആശംസകളും!

**നന്ദി... സൗഹൃദത്തിന്... സ്നേഹത്തിന്... സേവനത്തിന്...**

തങ്ങൾ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ ഏറ്റവും മികച്ചതായി കണ്ട് അധ്വാനിച്ചും നിസ്തുല സേവനമാതൃക നൽകിയും കർമ്മല ആശ്രമ

ത്തിൽ നിന്നും ബഹു. ജോൺസൺ വെട്ടിക്കുഴിയച്ചൻ കൊടുവേലി സാൻജോ സ്കൂളിന്റെ പ്രിൻസിപ്പലായും ബഹു. റിനോജ് വട്ടക്കാനായില ച്ചൻ മാളൂർ സുപ്പീരിയറായും ക്രൈസ്റ്റ് കോളേജിന്റെ പ്രിൻസിപ്പളായും ബഹു. സിജു പോൾ പാലത്താനത്ത് അടിമാലി വിശ്വദീപ്തി സ്കൂളിന്റെ വൈസ് പ്രിൻസിപ്പളായും സ്ഥലം മാറി. ഒപ്പം നമ്മുടെ പ്രിയപ്പെട്ട അമൽ തുറവക്കൽ ശെമ്മാശനും, ജിബിൻ ഇടശ്ശേരി ശെമ്മാശനും യഥാക്രമം ഉപ രിപഠനത്തിനും പ്രായോഗിക പരിശീലനത്തിനുമായി തേവരയ്ക്കും, കാൽവരി മൗണ്ടിനും യാത്രയായി. ബഹു. അച്ചന്മാർക്കും ശെമ്മാശ ന്മാർക്കും സ്നേഹത്തോടെ നന്ദിയറിക്കുന്നു. പുതിയ ഉദ്യമങ്ങൾക്ക് ആശം സകൾ നേരുന്നു.!

**കർമ്മല അമ്മയുടെ സവിധത്തിൽ**

ജൂലൈ മാസത്തിലെ കർമ്മല മാതാവിന്റെ തിരുനാൾ കർമ്മല ആശ്രമത്തിൽ സമുചിതമായി ആഘോഷിച്ചു. ഒൻപതു ദിവസങ്ങളിലെ മദ്ധ്യസ്ഥ്യ പ്രാർത്ഥനയോടെയാണ് തിരുനാളിന് ഒരുങ്ങിയത്. പ. കർമ്മല അമ്മയുടെ അനുഗ്രഹം ധാരാളമായി എല്ലാവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**കാർമ്മൽ പ്രെയർ ഗ്രൂപ്പ്**

കാർമ്മൽ കരിസ്മാറ്റിക് പ്രെയർ ഗ്രൂപ്പ് വാഴക്കുളത്തും സമീപ പ്രദേ ശങ്ങളിലും ആത്മീയ പ്രകാശം ചൊരിഞ്ഞ് വിവിധ ശുശ്രൂഷകൾ ചെയ്തു കൊണ്ടിരിക്കുന്നു. 12 വർഷത്തോളം പ്രെയർ ഗ്രൂപ്പിനെ അഭിഷേകത്തോടെ നയിച്ചു വളർത്തിയശേഷം ജോൺസൺ വെട്ടിക്കുഴിയിലച്ചൻ കൊടുവേലി യിലേക്ക് പോയപ്പോൾ ആന്റണി ഉരുളിയാനിക്കലച്ചൻ പ്രെയർ ഗ്രൂപ്പിന്റെ ശുശ്രൂഷകൾ ഏറ്റെടുത്തു.

ഞായറാഴ്ചകളിൽ 12 മണിക്കുള്ള ദിവ്യബലിയിലും അതിനു മുമ്പു നടക്കുന്ന ദിവ്യകാരുണ്യ ആരാധനയിലും ചൊവ്വാഴ്ചകളിൽ നടക്കുന്ന വചനപ്രഘോഷണം, ആരാധന, വിശുദ്ധ കുർബാന, മാസാവസാനത്തെ ചൊവ്വാഴ്ചകളിലുള്ള ഏകദിന ധ്യാനം എന്നിവയിലും നിരവധി പേർ പങ്കെ ടുക്കുന്നുണ്ട്. എല്ലാ തിങ്കളാഴ്ചയും വൈകിട്ട് മദ്ധ്യസ്ഥ പ്രാർത്ഥനാഗ്രൂപ്പും ചേരുന്നുണ്ട്.

കാവക്കാട് മർത്താസ് സിസ്റ്റേഴ്സ് നടത്തുന്ന വൃദ്ധ ഭവനത്തിൽ എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് കാപ്പിക്കുള്ള പലഹാരവും അവർക്കാവശ്യ മായ മറ്റു സാധനങ്ങളും പ്രെയർ ഗ്രൂപ്പ് അംഗങ്ങൾ നൽകുന്നു. കൂടാതെ സ്നേഹഗിരി സിസ്റ്റേഴ്സിന്റെ കീഴിൽ ബസ്ലേഹത്തുള്ള വൃദ്ധ ഭവന ത്തിൽ മാസാവസാന തിങ്കളാഴ്ചകളിൽ പ്രെയർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വചനശുശ്രൂഷയും, കുമ്പസാരവും, വി.കുർബാനയും, അഭിഷേക പ്രാർത്ഥ നയും നടത്തുന്നുണ്ട്. പ്രെയർ ഗ്രൂപ്പാണ് അന്ന് ഉച്ച ഭക്ഷണത്തിനുള്ള ചെലവും വഹിക്കുന്നത്.

**27-ാം ബൈബിൾ കൺവൻഷൻ**

2018 ജനുവരി 10 ബുധൻ മുതൽ 14 ഞായർ വരെയാണ് വാഴക്കുളം ബൈബിൾ കൺവെൻഷൻ ഫാ.ഡൊമിനിക് വാളമ്മനാലിന്റെ നേതൃത്വത്തിൽ അണക്കര മരിയൻ ടീമാണ് കൺവൻഷൻ നയിക്കുന്നത്. കൺവൻഷന് പ്രാർത്ഥനാപൂർവ്വം ഒരുക്കങ്ങൾ ആരംഭിച്ചു.

**ഫാ. ആന്റണി ഉരുളിയാനിക്കൽ**

- ആന്റണി ഉരുളിയാനിക്കലച്ചൻ വിധി കർത്താവായിരിക്കുന്ന വോയ്സ് ഗുഡ്നെസ്സ് സീസൺ 2 റിയാലിറ്റി ഷോയുടെ സംപ്രേക്ഷണം ഗുഡ്നെസ്സ് റ്റി.വി.യിൽ തുടർന്നുകൊണ്ടിരിക്കുന്നു. ഈ ഷോ ഒരു വർഷം പിന്നിട്ടു.
- തൃശ്ശൂർ, പാലക്കാട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നടന്ന ദേവാലയ ഗായകൾക്കു വേണ്ടിയുള്ള ധ്യാനത്തിനും പരിശീലനത്തിനും ഉരുളിയാനിക്കലച്ചൻ നേതൃത്വം നൽകി.
- അച്ചന്റെ ആത്മീയ നേതൃത്വത്തിലുള്ള റെക്സ് ബാൻഡ് സമീപകാലത്ത് നാഗപ്പൂർ, ഗോവാ, ഇരിങ്ങാലക്കുട, മുംബൈ, കാനഡ, യു.എസ്.എ., പോളണ്ട് എന്നീ സ്ഥലങ്ങളിൽ സംഗീത പ്രോഗ്രാമുകൾ നടത്തി.
- ഓഗസ്റ്റ് 12 മുതൽ 15 വരെ ഇരിങ്ങാലക്കുട - Alur Lumen യൂത്ത് സെന്റർ ഗ്രൗണ്ടിൽ നടന്ന കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റ സുവർണ്ണ ജൂബിലിയുടെ ഗായകസംഘത്തിന്റെ കൺവീനറായിരുന്നു ഉരുളിയാനിക്കലച്ചൻ. അമ്പതു പേരുടെ ഗായകസംഘമാണ് ഗാനശുശ്രൂഷയെ നയിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പതിനായിരത്തോളം പേർ ഈ സംഗമത്തിൽ പങ്കെടുത്തു.



**ക്ഷമയ്ക്ക് അറുതി കൽപ്പിക്കരുത്. അതിന്റെ പ്രമാണം എന്നും, എവിടെയും, ഏവരോടും എന്നതാണ്.**

**ചാവരുൾ**

# സെന്റ് പീറ്റേഴ്സ് മൈനർ സെമിനാരി

**അമരക്കാരൻ സ്ഥാനമൊഴിഞ്ഞു**

തന്റെ 12 വർഷത്തെ സേവനത്തിനുശേഷം ബഹു. ജോൺസൻ വെട്ടിക്കുഴിയച്ചൻ SPMS -നോട് ഗുഡ് ബൈ പറഞ്ഞു. വർഷങ്ങൾ സെമിനാരിയിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ച ബഹു. ജോൺസൺ വെട്ടിക്കുഴിയച്ചന് ഞങ്ങൾ ഊഷ്മളമായ യാത്രയയ്പ്പ് നൽകി. കൊടുവേലി സാൻജോ സ്കൂളിന്റെ പ്രിൻസിപ്പലായി ചാർജ്ജെടുത്ത അച്ചന് എല്ലാ ഭാവുകങ്ങളും...

**പുതിയ കപ്പിത്താൻ ചാർജ്ജ് ഏറ്റേ ! ! !**

സ്ഥാനമൊഴിഞ്ഞുപോയ ബഹു. വെട്ടിക്കുഴിയച്ചനുപകരമായി SPMS എന്ന കപ്പലിനെ നിയന്ത്രിക്കാൻ പുതിയ കപ്പിത്താനായി ഷിന്റോ കന്നുകെട്ടിയിലച്ചൻ സ്ഥാനമേറ്റു. കപ്പൽ യാത്രക്കാരായ 19 പേരെയും, കപ്പൽ യാത്രയിൽ ഉണ്ടാകാവുന്ന എല്ലാ പ്രശ്നങ്ങളിൽ നിന്നും രക്ഷിച്ച് തീരത്തെത്തിക്കാനുള്ള ഷിന്റോ അച്ചന്റെ ശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. പുതിയ റെക്ടർ എന്ന നിലയ്ക്ക് ബഹു. കന്നുകെട്ടിയിലച്ചന് സ്വാഗതവും... ആശംസകളും...

**പുതിയ ചില്ലകളിലേക്ക് . . .**

പുതിയ ചില്ലകളിലെ കർമ്മ മണ്ഡലങ്ങൾ തേടി ഞങ്ങളുടെ ജിബിൻ ശെമ്മാശൻ പറന്നുനീങ്ങി. കോളേജിലെ ഇളയദളപതിയായും, ബാസ്ക്കറ്റുബോൾ കോർട്ടിലെ മൈക്കിൾ ജോർദാനാലും, ഗാനരംഗത്തെ വിജയ് യേശുദാസായും മിന്നിതിളങ്ങിയ ഞങ്ങളുടെ ശെമ്മാശൻ, പുസ്തകത്തിന്റെയും വിനോദത്തിന്റെയും അഭിനിവേശം ഞങ്ങൾക്ക് പകർന്നു നല്കിയ ശെമ്മാശന് എല്ലാവിധ ആശംസകളും പുതിയരംഗത്ത് നേരുന്നു.

**ജീവിതത്തിൽ രുചി പകരാൻ നേര്യമംഗലത്തേക്ക്...**

ഹ്രസ്വമായ പരിശീലനത്തിനുശേഷം അഞ്ച് സഹോദരന്മാർ നോവിഷ്യേറ്റിലേക്ക് പ്രവേശിച്ചു - രണ്ടുപേർ മുവാറ്റുപുഴയിൽ നിന്നും മൂന്നുപേർ വാഴക്കുളത്തുനിന്നും. ജീവിതത്തെ 'കറി'യോടാണ് യാത്രാമംഗളങ്ങൾ നേരുന്ന വേളയിൽ അവർ ഉപമിച്ചത്. ജീവിതമാകുന്ന പച്ചക്കറിയിൽ വിശുദ്ധിയുടെ ജലവും വിവേകത്തിന്റെ എണ്ണയും ത്യാഗത്തിന്റെ ഉപ്പും ചേർത്ത് തീക്ഷ്ണതയുടെ അഗ്നിയിൽ പാകം ചെയ്യുമ്പോഴാണല്ലോ കൂടുതൽ സ്വാദുള്ളതായി തീരുന്നത്. ജീവിതത്തിൽ രുചി പകരാൻ ഇവർക്ക് സാധിക്കട്ടെ.

**13 അത്ര 'അൺലക്കി'യൊന്നുമല്ല!!!**

13 എന്ന് കേട്ട് നെറ്റി ചുളിക്കേണ്ട. SPMS കുടുംബത്തിലേക്ക് കടന്നുവന്ന 13 ഘടോൽക്കജന്മാർ സെമിനാരിയെ ആകെ മാറ്റിയിരിക്കുകയാണ്. അംഗസംഖ്യ വർദ്ധിച്ചതോടെ സെമിനാരിയുടെ കരുത്തും വർദ്ധിച്ചിരിക്കുന്നു. എല്ലാം പൊളിച്ചെടുക്കും എന്നല്ലാട്ടോ ഇതിന്റെ അർത്ഥം. 13 ഒരു 'ലക്കി' നമ്പറാണ് എന്ന് തെളിയിക്കാൻ ഒരുങ്ങുകയാണ് പുതിയ അർത്ഥികൾ.

**പ്രസംഗം നിർബന്ധമാണ്**

മൈനർ സെമിനാരിക്ക് ഏറ്റവും പ്രധാനപ്പെട്ടത് ഇപ്പോൾ പ്രസംഗമാണ്. സിന്റോ അച്ചന്റെ നേതൃത്വത്തിലുള്ള പ്രസംഗപരിശീലനം, സെമിനാരിക്കാർ എവിടെ ഒരുമിച്ചുകൂടുന്നുവോ അവിടെയെല്ലാമുണ്ട്. കർമ്മലമാതാവിന്റെ നൊവേനയുടെ ആദ്യദിനം മുതൽ പലവിധ തിരുനാളുകളിൽ പലവിധ പ്രസംഗങ്ങൾ കേൾക്കുന്ന സെമിനാരിക്കാർക്ക് ഊട്ടുമുറിയിൽ വന്നാൽ അവിടെ വിശുദ്ധരെക്കുറിച്ചുള്ള പ്രസംഗം, ഗാതറിംഗിനു വന്നാൽ അവിടെയും പ്രസംഗം, ഇനി ഏറ്റവും പുതിയതായി വരാനുള്ളത് ഇംഗ്ലീഷ് പ്രസംഗം. എന്തായാലും സെമിനാരിക്കാർക്ക് പ്രസംഗം നിർബന്ധമാണ്.

**സെമിനാരി ഹോമിലെ ബാഹുബലി**

സെമിനാരിയിലെ ഭക്ഷണസാധനങ്ങൾ ആയുധകലവറയിലെ കത്തിയും പിച്ചാത്തിയും എല്ലാം നിരത്തി, പടവെട്ടി എത്തിക്കുന്ന ധീരനായ ബാഹുബലിയായി വക്കച്ചൻ ചേട്ടൻ മാറിയിരിക്കുന്നു. അടുക്കളയിലെ യുദ്ധമുറകൾ പഠിപ്പിച്ചും പ്രോത്സാഹിപ്പിച്ചും തകർത്തുവാരുകയാണ് വിഭവസമൃദ്ധമായ, നാവിൽ വെള്ളമൂറുന്ന രുചിയുടെ - ഞങ്ങളുടെ സേനാധിപതി.

**വിറപ്പിച്ച് വൈറസ്/ വിറച്ച് സെമിനാരി**

അപകടകാരിയായ ഒരു കൂട്ടം വൈറസ് സെമിനാരിയിൽ കടന്നുകൂടി. ഏഴു സഹോദരങ്ങളെ കിടപ്പിലാക്കി അവൻ യാത്രയായി. ഒപ്പം വിരുന്നകാരനായി ഡെങ്കിവൈറസും ഉണ്ടായിരുന്നു. വൈറസിനെ പ്രതിരോധിക്കാൻ ലൈഫ് ബോയി തേച്ച് കുളിച്ച് ഡെറ്റോളൊഴിച്ച് കഴുകി തിരുമി കുന്തിരിക്കമിട്ട് പുകച്ച് ഓരോരുത്തരും തിരക്കിലാണ്. വയറസിനെയും കൊതുകിനേയും തറപറ്റിക്കാൻ സിന്റോച്ചൻ അക്ഷീണ പരിശ്രമത്തിലാണ്. അച്ചന്റെ, കൂർക്കം വലികേട്ട് ഡയഫ്രം പൊട്ടി പല കൊതുകുകളും നാടുവിട്ടു!

**കള്ളന്റെ വരവ്**

ശക്തിയുള്ള ബലമേറിയ SPMS മൈനർ സെമിനാരിയിൽ ഒരു കള്ളൻ കയറി. എന്തുകൊണ്ടാണെന്നറിയില്ല വളരെ വ്യത്യസ്തനായ കള്ളൻ ഉള്ളിൽ കയറുവാൻ നോക്കിയത് സെമിനാരിയുടെ മുൻവശത്തെ വാതിൽ തകർത്തായിരുന്നു. എന്തോ പുണ്യം കൊണ്ട് ഞങ്ങളാരുടെയും ഉറക്കം പോയില്ല. പക്ഷേ, വളരെ നല്ലൊരു പൂട്ട് ഞങ്ങൾക്കു പുതിയതായി വയ്ക്കേണ്ടി വന്നു. എന്നിരുന്നാലും ഞങ്ങൾ സെമിനാരിക്കാർ ഇപ്പോൾ ചിന്തിക്കുന്ന ഒരൊറ്റ കാര്യമേയുള്ളു. സെമിനാരിയിൽ കള്ളൻ എന്തു കണ്ടിട്ടാ കയറിയത്?

**സെമിനാരിയെ കൊടുംപിരികൊള്ളിച്ച് വാഴ വിപ്ലവം**

സെമിനാരിക്കാർ വാഴ നടുന്ന തിരക്കിലാണ്. പറമ്പുമുഴുവൻ വാഴ കൾ നട്ട് ഒരു വിപ്ലവം തന്നെ രൂപീകരിക്കാൻ ശ്രമിക്കുകയാണ്. അങ്ങനെ വക്കച്ചൻ ചേട്ടന്റെ പരാതി തീർക്കാൻ ശ്രമിക്കുകയാണ്. ഇപ്പോൾ സെമിനാ രിയിലെ ഇളം കാറ്റിൽ വാഴക്കുലകളാണ് ആടുന്നത്. പഴം തിന്ന് ഏത്തക്ക പോലെ ആകാൻ ശ്രമിക്കുകയാണ് ഞങ്ങൾ. കുലയാട്ടുന്ന ഇളംകാറ്റ് പല വാഴകളും ചോടോടെ പിഴുതെറിഞ്ഞു.

## കാർമ്മൽ സി.എം.ഐ. പബ്ലിക് സ്കൂൾ - വാഴക്കുളം



**പുതിയ ഉയരങ്ങൾ പുതിയ നേട്ടങ്ങൾ**

2030 വിദ്യാർത്ഥികളും 110 സ്റ്റാഫ് അംഗങ്ങളുമായി പുതിയ അദ്ധ്യ യനവർഷം ആരംഭിച്ചു. കഴിഞ്ഞ 35 വർഷത്തെ ചരിത്രത്തിൽ ആദ്യമായി ട്ടാണ് കുട്ടികളുടെ എണ്ണം രണ്ടായിരം കടക്കുന്നത് . അതുവഴി പ്രോവിൻസിലെ ഏറ്റവും വലിയ വിദ്യാഭ്യാസ സ്ഥാപനമായി കാർമ്മൽ സ്കൂൾ മാറിയിരിക്കുന്നു.

**പുതിയ സാരഥികൾ**

കാർമ്മൽ സ്കൂളിന്റെ പുതിയ സാരഥികളായി മാനേജർ ബഹു. ജോർജ് തടത്തിലച്ചനും പ്രിൻസിപ്പൽ ബഹു. സിജൻ ഊന്നുകല്ലേൽ അച്ചനും തുടരുന്നു എന്നത് കാർമ്മൽ കുടുംബത്തെ സന്തോഷഭരിതമാക്കി.

കഴിഞ്ഞ രണ്ട് വർഷമായി ഇവിടെ വൈസ് പ്രിൻസിപ്പലായി സേവന മനുഷ്ഠിച്ചശേഷം അടിമാലി വിശ്വദീപ്തി സ്കൂളിലേയ്ക്ക് സ്ഥലം മാറി പ്പോയ ഫാ. സിജു പോൾ പാലത്താനത്തിന് സമുചിതമായി യാത്രയയ്പ്പു നൽകി. അദ്ധ്യാപനരംഗത്തും കലാരംഗത്തും സംഘടനാ രംഗത്തും മികച്ച സേവനമർപ്പിച്ച അദ്ദേഹത്തെ നന്ദിയോടെ സ്മരിക്കുന്നു. എല്ലാ വിജയ ങ്ങളും ആശംസിക്കുന്നു. പുതുതായി ചാർജെടുത്ത ബഹു. ബിഖിൽ അര ഞ്ഞാണിയിൽ അച്ചന് സ്നേഹപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

**കാർമ്മൽ ബോർഡിംഗ്**

കാർമ്മലിന്റെ ചരിത്രത്തിൽ ആദ്യമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഒരുക്കുകയുണ്ടായി. ആദ്യവർഷം തന്നെ നാൽപതോളം കുട്ടികൾ ബോർഡിംഗിൽ താമസിച്ച് പഠിക്കുന്നു.

**ജീവിത ദർശനക്യാമ്പുകൾ**

അഞ്ചുമുതൽ പ്ലസ്ടു വരെയുള്ള കുട്ടികൾക്ക് സ്വന്തമായ ജീവിത ദർശനം ലഭിക്കുക, വ്യക്തിത്വ വികസനം മാനസിക പക്വത എന്നിവ ആർജ്ജിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യത്തോടെ നടത്തപ്പെട്ട ക്യാമ്പുകൾ വൻവിജയമായിരുന്നു. ഈ വർഷം ക്യാമ്പുകൾ നയിച്ചത് പ്രസിദ്ധ പരിശീലകൻ ജിജോ ചിറ്റടിയായിരുന്നു.



**ഉന്നത പഠനനിലവാരം**

പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികൾക്കും ഫസ്റ്റ് ക്ലാസ്സ് ലഭിച്ചു. അമിത് ജെ. മഠത്തിൽ, സിറിയക് തോമസ് എന്നീ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ സയൻസിൽ നൂറിൽ നൂറു മാർക്കും ലഭിക്കുകയുണ്ടായി.

പത്താം ക്ലാസ്സ് പരീക്ഷയെഴുതിയ എല്ലാവർക്കും ഫസ്റ്റ് ക്ലാസ്സ് മാർക്കും, 36 പേർക്ക് ഫുൾ എ+ ലഭിക്കുകയുണ്ടായി.

**കാർമ്മൽ കലോത്സവം - 2017**

ഈ വർഷത്തെ സ്കൂൾ കലോത്സവം പ്രശസ്ത ഗായകനും ഐഡിയ സ്റ്റാർ സിംഗറുമായ ജിൻസ് ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. അത്യാഘോഷപൂർവ്വം നടത്തപ്പെട്ട കലോത്സവം കുട്ടികളുടെ കലാസാഹിത്യ രംഗത്തുള്ള വളർച്ചയ്ക്ക് വലിയ പ്രചോദനം നൽകി.




**കായികരംഗം**

കായികരംഗത്ത് കാർമ്മൽ ഒരു കുതിച്ചുചാട്ടത്തിന് ഒരുങ്ങുകയാണ്. നാഷണൽ കോച്ച് ടി.പി. ഔസേപ്പ് സാറിന്റെ നേതൃത്വത്തിൽ നൂറോളം കുട്ടികളാണ് പരിശീലനരംഗത്തുള്ളത്. ഈ വർഷം തന്നെ അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വേർപാട്**

കാർമ്മൽ സ്കൂളിൽ 25 വർഷത്തിലേറെ ഹെഡ്മിസ്ട്രസ് ആയിരുന്ന മിസ്സിസ് സെലിൻ കുര്യാക്കോസ് നിര്യാതയായി. സ്കൂളിലെ ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥിനി ലനാമേരി ജോസ് അപ്രതീക്ഷിതമായി ശ്വാസതടസ്സം മൂലം മരണമടഞ്ഞു. രണ്ടുപേരെയും പ്രാർത്ഥനയിൽ സ്മരിക്കുന്നു.

**ബ്രില്യന്റ് എൻട്രൻസ് കോച്ചിംഗ്**

പാലാ ബ്രില്യന്റിന്റെ എൻട്രസ് കോച്ചിംഗ് സെന്ററാണ് നമ്മുടെ സ്കൂൾ. 1500 ഓളം വിദ്യാർത്ഥികൾ വിവിധ സ്ഥലങ്ങളിൽ നിന്നായി ഇവിടെ പരിശീലനം നേടുന്നു.

**IAS കോച്ചിംഗ്**

IAS ആമുഖ്യമുള്ള കുട്ടികൾക്ക് 5-ാം ക്ലാസ്സുമുതൽ പ്രത്യേക പരിശീലനം നൽകുന്ന പരിപാടി മൂന്നാം വർഷത്തിലേക്ക് കടക്കുന്നു. പ്രസിദ്ധ പരിശീലകൻ ബെന്നി കുര്യൻ സാറാണ് ഇതിന് നേതൃത്വം നൽകുന്നത്. ഏതാണ്ട് 150 കുട്ടികൾ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

**ഓൺലൈൻ ഫീസ്**


വിദ്യാർത്ഥികൾക്ക് സ്കൂൾ ഫീസും ബസ്സ് ഫീസും അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം സജ്ജമായി. മാതാപിതാക്കൾക്ക് വീട്ടിൽ ഇരുന്ന് തന്നെ മൊബൈൽ ഫോൺ വഴിയും ഇന്റർനെറ്റ് വഴിയും ഫീസടയ്ക്കാനുള്ള സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. സൗത്ത് ഇൻഡ്യൻ ബാങ്ക് ആണ് സ്കൂളിനുവേണ്ടി ഈ സജ്ജീകരണം ഒരുക്കിയത്.

**ജീവകാരുണ്യപ്രവർത്തനങ്ങൾ**

വിദ്യാർത്ഥികൾ സ്വന്തം വീടുകളിൽ പാചകം ചെയ്ത ചോറ് സ്കൂളിലെത്തിച്ച് നിരാലംബർക്ക് അന്നമേകുന്ന പദ്ധതി ഈ വർഷവും നടത്തപ്പെടുന്നു. സ്കൂളിലെ സുമനസ്സുകളായ കുട്ടികൾ ഓരോ ദിവസവും ഒരു നേരത്തേയ്ക്കുള്ള ചോറ് കൊണ്ടുവരുന്നു. ഇത് അനാഥാലയത്തിൽ എത്തിക്കുകയാണ് ചെയ്യുന്നത്. കുട്ടികളിൽ മൂല്യബോധവും സാമൂഹ്യപ്രതിബദ്ധതയും വളർത്താനുള്ള ശ്രമമാണ് ഇത്തരം ഉദ്യമങ്ങൾ.

**കുതിരസവാരി**

വിദ്യാർത്ഥികൾക്ക് കുതിര സവാരിക്കുള്ള പരിശീലനം ആരംഭിച്ചു. കാർമ്മൽ സ്കൂൾ ഗ്രൗണ്ടിലാണ് പരിശീലനം. ധാരാളം കുട്ടികൾ പരിശീലനത്തിൽ ഏർപ്പെടുന്നുണ്ട്. കുട്ടികളിൽ ആത്മവിശ്വാസവും സാഹസികതയും വളർത്തുവാൻ ഈ പരിശീലന പരിപാടി സഹായിക്കുന്നു.






**ആശ്രമത്തിന് പുതിയ സാരഥികൾ**

കൊടുവേലി ആശ്രമത്തിന്റെ പുതിയ പ്രിയോർ എത്തി. തോമസ് മഞ്ഞക്കുന്നേലച്ചനും, ആശ്രമാഗംങ്ങളായി വന്ന ടോമി നമ്പ്യാപറമ്പിലച്ചനും, മാർട്ടിൻ ബ്രദറിനും, ജോൺസൺ വെട്ടിക്കുഴിയിലച്ചനും ഹൃദ്യമായ സ്വാഗതം നല്കി.

കഴിഞ്ഞ മൂന്നു വർഷക്കാലമായി ഇടവകയുടെ വികാരിയച്ചനും പ്രിയോരുമായിരുന്ന ജോസ് തച്ചുകുന്നേലച്ചനും, അതോടൊപ്പം 9 വർഷക്കാലം സാൻജോയുടെ സാരഥിയായിരുന്ന ജോൺസൺ പാലപ്പിള്ളിയച്ചനും, ആശ്രമാംഗങ്ങളായിരുന്ന ജോസ് തയ്യിലച്ചനും സ്നേഹനിർഭരമായി യാത്രാമംഗളങ്ങൾ നൽകി.

**കാർഷിക മേഖലയിലെ പുതിയ വിപ്ലവം**

കൊടുവേലിയിൽ ഹരിത വിപ്ലവം. ടോമിയച്ചന്റെ നേതൃത്വത്തിൽ ഏകദേശം 250-ഓളം തേക്കിൻ തൈകൾ നട്ടു കഴിഞ്ഞു. അതുപോലെ തന്നെ പച്ചക്കറി മേഖലയിലും റബ്ബർ മേഖലയിലും ഹരിത വിപ്ലവം ആരംഭിച്ചു കഴിഞ്ഞു. ഓണക്കാല കൃഷിയും അതോടൊപ്പം മീൻ കൃഷിയും ആരംഭിച്ചു.

പുതിയ ഇടയന്റെ കീഴിൽ (തോമസ് മഞ്ഞക്കുന്നേലച്ചന്റെ നേതൃത്വത്തിൽ) ഇടവക സജീവമായി മുമ്പോട്ടു പോകുന്നു. ആത്മീയതയിൽ കൊടുവേലി ഇടവക മുന്നേറ്റം തുടരുന്നു.

വീണ്ടും വോളീബോൾ വോൾട്ട് ഉണർന്നു. ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിലാണ്. കളിക്കളം വീണ്ടും സജീവമായത്. എല്ലാ ദിവസവും ഏകദേശം 30-ഓളം അംഗങ്ങൾ എത്താറുണ്ട്.



# M D MONASTERY
# MALAYINKEEZHU



**നന്ദിയോടെ, ആശംസകളോടെ**

ഒട്ടേറെ നവീകരണ പ്രവർത്തനങ്ങൾ കാഴ്ച വച്ച് ആറുവർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം എറണാകുളം ചാവറ കൾച്ചറൽ സെന്ററിന്റെ സുപ്പീരിയറായി പോയ പ്രിയോർ ബഹു. ഓസ്റ്റിൻ കളപ്പുര അച്ചന് ആശ്രമാംഗങ്ങളും സമീപവാസികളും ചേർന്ന് മെയ് 7-ാം തീയതി ഹൃദ്യമായ യാത്രയയ്പ്പു നൽകി. അച്ചന് എല്ലാ ഭാവുകങ്ങളും.

**പുതിയ മുഖം...ഇനിയൊരു പുതിയ മുഖം...**

ക്രൈസ്തവ ജീവിതത്തിന് സന്തോഷത്തിന്റെയും ശാന്തിയുടെയും പുതിയ മുഖവുമായി ഒരു യുവഹൃദയത്തോടും മനസ്സോടും കൂടി പുതിയ പ്രിയോർ ബഹു.ജോർജ് കൊച്ചുപറമ്പിലച്ചൻ മെയ് 21-ാം തീയതി ആശ്രമാധിപനായി ചാർജ്ജെടുത്തു. അച്ചന്റെ നേതൃത്വത്തിൽ മലയിൻകീഴ് ആശ്രമം പൂർവ്വാധികം ശക്തിയാർജ്ജിക്കുകയും സമൂഹത്തിൽ സാക്ഷ്യമായിത്തീരുകയും ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

**Welcoming Community**

ആശ്രമത്തിൽ വരുന്ന അതിഥികൾക്ക് ഹൃദ്യമായ, ഊഷ്മളമായ ചൂടേറിയ വരവേല്പ്പ് നൽകാൻ പാകത്തിന് Purified water cooler cum heater സ്ഥാപിച്ചു. ഏവർക്കും സുസ്വാഗതം with instant brue coffee.

**ങേ, തേങ്ങ ഇല്ലെന്നോ? ഞങ്ങൾ നട്ടിട്ടുണ്ട്**

രാജ്യത്തെ തേങ്ങാ, ക്ഷാമം കണക്കിലെടുത്ത് ആശ്രമത്തിലെ ഒരേ

ക്കറിലേറെ വരുന്ന കവുങ്ങിൻ തോട്ടത്തിൽ ബഹു. പീറ്റർ ബ്രദറിന്റെ നേതൃത്വത്തിൽ 150 പുതിയ തെങ്ങിൻ തൈകൾ നട്ടു പിടിപ്പിച്ചു. ശുഭകാലം പ്രതീക്ഷയോടെ കാത്തിരിക്കാം.

**പിതാവിന്റെ സന്ദർശനം : മക്കൾക്ക് സന്തോഷം**

അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ജൂലൈ 6–ാം തീയതി ഞായറാഴ്ച ആശ്രമം സന്ദർശിച്ചു. അഭിവന്ദ്യ പിതാവിന് മക്കളുടെ നന്ദി.

**കുട്ടന്മാർക്ക് വിട...കുഞ്ഞുങ്ങൾക്ക് സ്വാഗതം...**

ആശ്രമം തോട്ടത്തിലെ റബർ തൈകൾ വളർന്നതോടെ പോത്തിൻ കുട്ടന്മാരെ വളർത്തുന്നതു നിർത്തി. പകരം പന്നി കുഞ്ഞുങ്ങളെ വളർത്താൻ തീരുമാനിച്ചു. പന്നി കൂട്ടങ്ങൾ റെഡി. കുഞ്ഞുങ്ങൾക്ക് സ്വാഗതം.

## സ്കൂൾ വാർത്തകൾ

**ഹായ് , സ്കൂൾ തുറന്നു! ! !**

ജൂൺ 1–ാം തീയതിയും 6–ാം തീയതിയും ജെബിഎം സ്കൂളിൽ ഒട്ടേറെ പൂക്കൾ വിരിഞ്ഞു. 150 ഓളം പുതിയ പൂക്കൾ! നവാഗതർക്ക് ഊഷ്മള സ്വാഗതം മാനേജ്മെന്റിന്റേയും പി.റ്റി.എ.കമ്മിറ്റിയുടേയും നേതൃത്വത്തിൽ നല്കി.

**ദേ, സ്ഥലം പോരാ...**

പുതിയ രണ്ടു ഡിവിഷനുകൾ സ്കൂളിൽ ആരംഭിച്ചതോടെ വീണ്ടും സ്കൂളിൽ അടുത്ത വളർച്ചയ്ക്കുള്ള സ്ഥലവും വാഹനസൗകര്യവും പോരാതെയായി. സുമനസ്സുകൾക്ക് സ്വാഗതം...

**ഹാ! എന്തുരസം**

ആന്റണി ജോൺ എം.എൽ.എ. യുടേയും വാർഡ് മെമ്പറിന്റെയും സഹായത്തോടെ ഓഡിയോ വിഷൽ റൂം നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**ശുദ്ധ ജലം കുടിക്കൂ, മിടുക്കരാകൂ**

'എന്റെ നാടി'ന്റെ സഹായത്തോടെ കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്ന പുതിയ Water Purifier & Tank സ്ഥാപിച്ചു. ദാഹിക്കുമ്പോൾ വരിക, ഇവിടെ നിന്നും കുടിക്കാം.'

**എപ്പടി ആരോഗ്യം**

ആശ്രമത്തിലെ പിതാക്കന്മാരെല്ലാം പൂർവ്വാധികം ആരോഗ്യവാന്മാരായി കാണപ്പെടുന്നു. ബഹു. യൊവാക്കിം പുഴക്കര അച്ചനെക്രൂരനായ ഒരു എട്ടുകാലി കടിച്ചു. ഒരു മാസത്തോളം ചികിത്സിച്ച് ഒരു വിധത്തിലാണ് എട്ടുകാലി ബാധ മാറിപോയത്. ഇടയ്ക്ക് ബഹു. ബ്രദർ പീറ്റർ കണ്ണ് സർവ്വീസ് ചെയ്യുന്നതിനാൽ സൂപ്പർ കാഴ്ചയാണ്.



# VIMALALAYAM
# **KORANDAKKAD**



### 1. പുതിയ മുഖം

നൂറ്റാണ്ടുകളുടെ പഴമയുടെ പാരമ്പര്യം പേറുന്ന കൊരണ്ടക്കാട് വിമലാലയം ആശ്രമം തന്റെ പഴയകാല പ്രൗഢിയിലേക്ക് തിരികെയെത്തി. കേടുപോക്കി നവീകരിച്ച പുതിയ വിമലാലയം ആശ്രമം മൂവാറ്റുപുഴ പ്രവിശ്യാധിപൻ ഫാ. പോൾ പാറക്കാട്ടേൽ ആശീർവദിച്ച് ആശ്രമാംഗങ്ങൾക്കായി സമർപ്പിച്ചു. നവീകരിച്ച പുതിയ ഗ്രീൻ ഹെറിറ്റേജ് പാലസിലേക്ക് ഏവർക്കും സ്വാഗതം.



**2. കർമ്മല ഗിരിയുടെ കൂപ്പുകൈ**

കർമ്മലഗിരിയെ കഴിഞ്ഞ ആറ് കൊല്ലം ഉയരങ്ങളിൽ നിന്നും ഉയരങ്ങളിലേക്ക് നയിച്ചതിനുശേഷം ഫാ. മാത്യു മഞ്ഞക്കുന്നേൽ അച്ചനും ഫാ. ചാക്കോച്ചൻ കളപ്പുരയച്ചനും പുതിയ മേച്ചിൽ പുറങ്ങളിലേക്ക് ചേക്കേറുന്നു.പ്രോവിൻഷ്യൽ കൗൺസിലർ ആയി തസ്തിക ഏറ്റെടുത്ത മാത്യു അച്ചനും വട്ടവട ആശ്രമാധിപനായി സ്ഥാനം ഏറ്റെടുത്ത ചാക്കോച്ചൻ കളപ്പുരയ്ക്കലച്ചനും കർമ്മല ഗിരിയുടെ അഭിനന്ദനങ്ങൾ

**3. ഗ്രീൻ ഹെറിറ്റേജ് പാലസിന് പുതിയ രാജകുമാരൻ**



വിമലാലയം ആശ്രമത്തിന്റെ പുതിയ അധിപനായി ഫാ. ഷൈൻ മാതേയ്ക്കൽ സ്ഥാനം ഏറ്റെടുത്തു. പുതിയ അന്തേവാസികളായി ഫാ. സണ്ണി മുണ്ടുനടയിൽ, ഫാ. പ്രിൻസ് പരത്തിനാൽ എന്നിവർ എത്തി.

**4. കർമ്മല ഗിരിയുടെ പൂമുറ്റം വീണ്ടുമുണരുന്നു**



വർദ്ധിതാവേശത്തോടും പുതുപുത്തൻ പ്രതീക്ഷകളോടും കൂടി കർമ്മല ഗിരിയിലെ കുരുന്നുകൾ പുതു അദ്ധ്യയനവർഷത്തെ എതിരേറ്റു. വർണാഭമായ പ്രവേശനോത്സവത്തോടെ കുരുന്നുകൾ ആദ്യാക്ഷരം കുറിച്ചു. പുതിയ പ്രിൻസിപ്പൽ ഫാ. ഷൈൻ മാതേയ്ക്കലിന്റെ നേതൃത്വത്തിൽ ഒരു പുതിയ വിദ്യാഭ്യാസവർഷം കൂടി ആരംഭിക്കുകയായി.

**5. കലയുടെ കോവിൽ**



പുതിയ അദ്ധ്യയനവർഷത്തിലെ എൽസിഎ, ഇസിഎ, തുടങ്ങിയ വിവിധ സാംസ്കാരിക സംഘടനയുടെ ഉദ്ഘാടനം വിശ്വദീപ്തി സ്കൂൾ പ്രിൻസിപ്പാൾ റവ.ഫാ. ജിൽസൺ നെടുമരുതുംചാലിൽ നിർവഹിച്ചു. സ്കൂൾ ഡയറക്ടർ ഫാ. സണ്ണി മുണ്ടുനടയിൽ, വൈസ് പ്രിൻസിപ്പാൾ ഫാ. റോണേഴ്സ് പീച്ചാട്ട് എന്നിവരും സന്നിഹിതരായിരുന്നു.

**6. ഉയരങ്ങളിലേക്ക്**

കർമ്മലഗിരി സർവ്വസജ്ജയാകുന്നു. ആൺകുട്ടികൾക്ക് മാത്രമായിരുന്ന ഹോസ്റ്റൽ സൗകര്യങ്ങൾ പെൺകുട്ടികൾക്കുമായി ഒരുങ്ങിവരുന്നു. 50 ഓളം കുട്ടികൾക്കുള്ള സൗകര്യങ്ങൾ ആധുനിക രീതിയിൽ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. സുന്ദരവും വിശാലവുമായ ഒരു പുസ്തകശാല, ആധുനിക സൗകര്യങ്ങളോടെ സ്കൂളിൽ സജ്ജീകൃതമായിക്കൊണ്ടിരിക്കുകയാണ്.

**7. കുട്ടപ്പന്ത് കളിക്കളം**

കർമ്മലഗിരിയുടെ മുഖഛായ തന്നെ മാറ്റിക്കൊണ്ട് പുതിയ ഇൻഡോർ ബാസ്ക്കറ്റ് ബോൾ കോർട്ട് സജ്ജമായി. പുരോഗമനത്തിന്റെ പാതയിൽ ഈ പുതിയ കളിക്കളം ഒരു നാഴികകല്ലായി മാറുകയാണ്.



**8. ഇടവക തിരുനാളും... യാത്രാമംഗളങ്ങളും... സ്വീകരണവും...**

വിമലാലയം ഇടവക തിരുനാൾ മെയ് 28-ാം തീയതി ബഹു. പ്രൊവിൻഷ്യാളച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ സമംഗളം കൊണ്ടാടി. ഇതോടൊപ്പം കഴിഞ്ഞ 6 വർഷം വികാരിയായി സേവനം ചെയ്ത ബഹു.മാത്യു മഞ്ഞക്കുന്നേലച്ചന് യാത്രാമംഗളങ്ങളും, പുതുതായി വികാരിസ്ഥാനം ഏറ്റെടുത്ത ഷൈൻ മാതേയ്ക്കലച്ചന് സ്വീകരണവും നൽകി.

**9. വിമലാലയം യു.പി. സ്കൂൾ ജൂബിലി**

വിമലാലയം യു.പി.സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷത്തിന് തിരികൊളുത്തി. മാനേജർ ഫാ.മാത്യു മഞ്ഞക്കുന്നേൽ, മുൻ മാനേജരായിരുന്ന ഫാ.തോമസ് മഞ്ഞക്കുന്നേൽ, ഫാ.ജോൺ തലച്ചിറ, ഫാ. ടോമി നമ്പ്യാപറമ്പിൽ എന്നിവർ ഈ ചടങ്ങിൽ സന്നിഹിതരായിരുന്നു.



# CARMEL NOVITIATE



**ഞങ്ങൾ വന്നേ...**

മൂവാറ്റുപുഴ, കൊച്ചി, ചാന്ദാ, ബെല്ലംപിള്ളി എന്നീ നാലു പ്രൊവിൻസുകളിൽ നിന്നും മല്ലന്മാരും വില്ലന്മാരുമായ ഇരുപത്തിയൊന്ന് ചുണക്കുട്ടന്മാർ സന്യാസത്തിന്റെ ബാലപാഠങ്ങൾ അഭ്യസിക്കുവാനും, ക്രിസ്തുവിനോടൊപ്പമായിരിക്കുവാനും, ക്രിസ്തുസ്നേഹത്തിന്റെ ആഴങ്ങൾ അനുഭവിച്ചറിയുവാനും, കാർമ്മൽ നോവിഷ്യേറ്റ് ഹൗസിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കുവാനുമായി ജൂൺ പത്താം തീയതി ഇവിടെ വന്ന് ചേക്കേറി.

**സന്യാസ സാധന**

സന്യാസം ഒരു പാഠ്യവിഷയമാക്കുകയല്ല മറിച്ച് ജീവിക്കുകയാണ് വേണ്ടതെന്ന പക്ഷക്കാരനാണ് ഞങ്ങളുടെ ഗുരുവച്ചൻ. സത്യദൈവത്തോടൊപ്പമായിരിക്കുന്ന സുന്ദരമായ ജീവിതമാണ് സന്യാസമെന്ന് ജീവിച്ചുകാണിച്ച് ഞങ്ങളെ സന്യാസം ജീവിക്കുവാൻ പ്രേരിപ്പിക്കുകയാണ് സ്നേഹം

നിറഞ്ഞ ഞങ്ങളുടെ ഗുരുവച്ചൻ.

**ഫ്രീയാണെങ്കിലും ബിസിയാണ്**

"എന്റെ ബാച്ചിൽ ഏറ്റവും ഫ്രീയായിട്ടുള്ള ആള് ഞാനാണ്" എന്ന് വെളിപ്പെടുത്തലും കഴിഞ്ഞ് ക്ലാസ്സിൽ നിന്നും ഇറങ്ങിപ്പോയ ക്ലിന്റച്ചനെവല്ല പ്പോഴും രാത്രിയുടെ യാമങ്ങളിൽ മാത്രമേ ഞങ്ങൾക്ക് കാണാൻ കിട്ടാറു ള്ളു. ചെങ്കരയിലും മറ്റ് വിവിധ ഇടങ്ങളിലും തീപ്പൊരി പ്രസംഗങ്ങൾ പറഞ്ഞ് ഫ്രീയായിട്ട് ഓടി നടക്കുകയാണ് ക്ലിന്റച്ചനിപ്പോൾ.

**അവിടെയും ഇവിടെയും**

കുളിപ്പിച്ച് കുളിപ്പിച്ച് ഞങ്ങളെ NBA വരെ എത്തിക്കുമെന്ന വാശിയി ലാണ് ഞങ്ങളുടെ കോച്ച് ശെമ്മാച്ചൻ ജിത്തു ശെമ്മാശൻ. കളിയിലെ ഞങ്ങളുടെ ഇൻപ്രൂവ്മെന്റ് കണ്ട് അടിമാലിയിലെ നമ്മുടെ സ്കൂൾ ടീമിന്റെ കോച്ചുകൂടിയാണ് ശെമ്മാശൻ ഇപ്പോൾ.

**ഭക്ഷ്യവിപ്ലവം**

വിഷമുള്ളതൊന്നും ഞങ്ങൾക്ക് തരില്ലെന്ന ആപ്തവാക്യവുമായി പറമ്പിലും, മീൻ കുളത്തിലും വിഷവിമുക്ത ഭക്ഷ്യവിപ്ലവം സൃഷ്ടിക്കു ന്നതിന്റെ തിരക്കിലാണ് ജോർജ് കുറവക്കാട്ടച്ചൻ. അച്ചൻ ഞങ്ങളുടെ ഇംഗ്ലീഷധ്യാപകൻ കൂടിയാണ്.

**അച്ചന്മാരാക്ടീവാണേ...**

സൈക്കോ സ്പിരിചൽ ഗ്രോത്തിന്റെ ബാലപാഠങ്ങൾ ചൊല്ലി ത്തന്ന ബാസ്റ്റിനച്ചനും, നിറപുഞ്ചിരിയോടെ കൊച്ചുകൊച്ചു തിരുത്തലു കളും, മാർഗ്ഗനിർദ്ദേശങ്ങളുമായി സൈമണച്ചനും, സി.എൻ.എൻ -ൽ ആക്ടീവാണ്.

**സ്നേഹത്താൽ പൊതിഞ്ഞ് അതിഥികൾ**

അപ്രതീക്ഷിതമായ സന്ദർശനത്തിലൂടെ ചാന്ദയുടെ മുൻ അദ്ധ്യ ക്ഷൻ അഭിവന്ദ്യ മാർ വിജയാനന്ദ് നെടുംപുറം പിതാവ് എളിമയുടെയും, സ്നേഹത്തിന്റെയും മാതൃകയോടൊപ്പം പുത്തൻ കൃഷിരീതികളും ഞങ്ങ ളുമായി പങ്കുവച്ചു. തൊട്ടടുത്ത ദിവസം മനസ്സിൽ ഒരുപിടി ചിന്തകളും കോരിയിട്ട് കൈനിറയെ പിസ്തയും നൽകി. സ്നേഹത്തോടെ കൊച്ചി പ്രൊവിൻഷ്യൽ ബഹു.ഫാ. ജോസ് കുറിയേടത്തച്ചനും ഞങ്ങളെ സന്ദർശിച്ചു.




JYOTHI NIVAS
**THODUPUZHA**







**പ്രവർത്തനമണ്ഡലങ്ങളിൽ കർമ്മനിരതരായി**

ഫാ. ആന്റണി തുലാമറ്റത്തിൽ, ഫാ. കുര്യാക്കോസ് തുരുത്തിപ്പിള്ളിൽ, ഫാ. കുര്യൻ പുത്തൻപുരയ്ക്കൽ, ഫാ. സൈമൺ പഴമ്പിള്ളിൽ, ഫാ. ഷിന്റോ കോലത്തുപടവിൽ എന്നീ അഞ്ചുപേരും തങ്ങളുടെ പ്രവർത്തന മണ്ഡലങ്ങളിൽ കർമ്മനിരതരായി കഴിയുന്നു.

**കുര്യാക്കോസച്ചന് കുമ്പസാരക്കൂട്ടിൽ ഒരു കൂട്ട്**

പുതിയ സുപ്പീരിയറച്ചൻ മുഴുവൻ നേരവും അനുതാപ ശുശ്രൂഷയിൽ മുഴുകാൻ തയ്യാറായത് ബഹു. കുര്യാക്കോസച്ചന് ഏറെ ആശ്വാസകരമായി.

## ഉപാസനകൾച്ചറൽ സെന്റർ

**അഖിലകേരള ചാവറ ക്വിസ്**

പുതിയ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നവോർജ്ജത്തോടെ ഒരു പുതിയ കുതിപ്പിനുള്ള തയ്യാറെടുപ്പിലാണ്. ഉപാസന പ്രതിവാര പ്രഭാഷണങ്ങൾക്കു പുറമേ, ക്രിയാത്മകമായ യുവതലമുറമാർഗ്ഗങ്ങൾ പലതും

അദ്ദേഹം തേടുന്നുണ്ട്. 18 ഒക്ടോബിറിൽ നടത്തപ്പെടുന്ന ചാവറ അഖില കേരള ക്വിസ് മത്സരത്തോടെ ഷിന്റോച്ചന്റെ ക്രിയാത്മകത പുതിയ ചുവടുകൾ വെച്ചുതുടങ്ങുകയാണ്. പുതിയ പുസ്തകങ്ങൾ ലൈബ്രറിയെ അലങ്കരിച്ചു തുടങ്ങി കഴിഞ്ഞു.

**നാദോപാസന**

1986 ജൂലൈ 16 ന് ആരംഭിച്ച നാദോപാസനഇന്ന് 31 വർഷം പൂർത്തിയാക്കി. ആറായിരത്തിൽപരം കലാകാരന്മാർക്ക് നാം പരിശീലനം നൽകിക്കഴിഞ്ഞു. ഈ വർഷം സംഗീതം പഠിക്കുവാനായി നാദോപാസനയിൽ നൽകിക്കഴിഞ്ഞു. ഈ വർഷം സംഗീതം പഠിക്കുവാനായി നാദോപാസനയിൽ ചേർന്നത് 105 പേരാണ്. ഇപ്പോൾ 300 ഓളം പേർ നാദോപാസനയിൽ വിവിധ സംഗീതശാഖകൾ പഠിക്കുന്നു.

കർണ്ണാടക സംഗീതത്തിലും, പിയാനോ, ഓർഗൺ, വയലിൻ, ഗിറ്റാർ, തബല എന്നിവയിലും നൃത്തയിനങ്ങളായ ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം എന്നിവയിലും കുട്ടികൾക്കും മുതിർന്നവർക്കുമായി ഇവിടെ പരിശീലനം നല്കുന്നുണ്ട്. എട്ടോളം അദ്ധ്യാപകർ സമർപ്പണബോധത്തോടെ ഇവയിൽ പരിശീലനം നൽകുന്നു. ലണ്ടൻ റോയൽ സ്കൂൾ ഓഫ് മ്യൂസിക്കിന്റെ സിലബസ് പ്രകാരം പിയാനോ, ഓർഗൺ, വയലിൻ എന്നിവയിൽ ഗ്രേഡ് പരീക്ഷകൾ നടത്തുന്നുണ്ട്. രണ്ടു വർഷത്തിൽ ഒരിക്കൽ നടത്തുന്ന നൃത്തയിനങ്ങളിലെ അരങ്ങേറ്റവും, വാർഷിക ടാലന്റ് ഡേ ആഘോഷവും കുട്ടികൾക്ക് അവരുടെ കഴിവുകൾ ആസ്വാദകരുടെ മുമ്പിൽ അവതരിപ്പിക്കുവാൻ അവസരം നല്കുന്നു.

സംഗീതാസ്വാദനക്ലാസ്സ്, കോറൽമ്യൂസിക് പരിശീലനം, ദേവാലയ സംഗീത പരിശീലനം, ഉത്സവ ഗാനങ്ങൾ, ദേശഭക്തി ഗാനങ്ങൾ, സംഗീത ലൈബ്രറി, ക്രിസ്തീയ ശാസ്ത്രീയ സംഗീതശേഖരം, ഭക്തിഗാനസി.ഡി. ആൽബങ്ങൾ തുടങ്ങിയ കാര്യങ്ങൾ നാദോപാസനയുടെ ലക്ഷ്യങ്ങളിൽ പെടുന്നു. വളരെയേറെ കാര്യങ്ങൾ ഈ രംഗങ്ങളിൽ ഇതിനോടകം ചെയ്തു കഴിഞ്ഞു. ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യാനുള്ള ശ്രമത്തിലാണ്. (ക്രിസ്തീയ സംഗീതവുമായി ബന്ധപ്പെട്ട് സാധിക്കുന്നിടത്തോളം വ്യക്തികളുടേയും, സമൂഹങ്ങളുടേയും, സംഭാവനകൾ ശേഖരിക്കുന്നു. ക്രിസ്തീയ ഗാനരചനകൾ, സംഗീതം നല്കിയിട്ടുള്ള കവിതകൾ, ഐപി റെക്കോർഡ്, സ്പോട്ട് റെക്കോഡിംഗ്, കാസ്റ്റ് , സി.ഡി എന്നിവയിൽ റെക്കോർഡ് ചെയ്തിട്ടുള്ള പാട്ടുകൾ, പുരാതനപാട്ടുകൾ, കീർത്തനങ്ങൾ, ഭജനഗാനങ്ങൾ, നാടോടി ഗാനങ്ങൾ തുടങ്ങിയവ ഇതിൽ പെടുന്നു.) ഈ ശ്രമത്തിൽ ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഗായകസംഘം**

ദൈവജനത്തെ ദൈവാനുഭവത്തിലേക്ക് നയിക്കുന്ന രീതിയിൽ ദിവ്യബലി ഗീതങ്ങൾ ആലപിക്കുന്നതിനും അതിന് സഹായകമാകുന്നവി

ധത്തിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിനും ചെയ്യുന്ന 12 പേരടങ്ങിയ ഒരു ഫുൾ ക്വയർ ടീം നാദോപസനയിൽ സജ്ജമായി കഴിഞ്ഞു. തിരുനാൾ, മാമ്മോദീസ, ആദ്യകുർബാനസ്വീകരണം, വിവാഹം, തിരുപ്പട്ടം, സഭാവസ്ത്ര സ്വീകരണം, വ്രതാനുഷ്ഠാനം, ജൂബിലി, മരിച്ചവർക്കുവേണ്ടിയുള്ള കർമ്മങ്ങൾ, കൺവൻഷൻ ഗാനങ്ങൾ, ഭക്തിഗാനമേള തുടങ്ങിയവ മനോഹരവും ദൈവാനുഗ്രഹദായകവുമാക്കിത്തീർക്കുന്നതിന് അച്ചടക്കത്തോടും, പ്രാർത്ഥനാനുഭവത്തോടും കൂടിയ നാദോപാസന ഗായകസംഘം ഒരുങ്ങിക്കഴിഞ്ഞു. 5000 വാട്ട്സിന്റെ സൗണ്ട് സിസ്റ്റം നമുക്ക് സ്വന്തമായുണ്ട്. Choir Programmes ധാരാളമുണ്ട്.

ഈ വർഷത്തെ നാദോപാസനയുടെ വാർഷികവും നൃത്തരൂപങ്ങളുടെ അരങ്ങേറ്റവും ഒക്ടോബർ 1-ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ഫാ. കുര്യൻ പുത്തൻപുരയ്ക്കൽ, സി.എം.ഐ.
ഡയറക്ടർ, നാദോപാസന

**IELTS--ൽ പുതിയ കോഴ്സുകൾ**

OET, German, Spoken English എന്നിങ്ങനെ കാർമലിൽ പുതിയ 3 കോഴ്സുകൾ ആരംഭിച്ചു. അതേത്തുടർന്ന് തൊടുപുഴയിലെ കോതമംഗലം കൊവേന്തയുടെ കീഴിലുള്ള 700 sqt.ft ഉം തൊടുപുഴ ഭവനത്തിന്റെ കീഴിലുള്ള 450 sqt.ft ഉം കൂട്ടിച്ചേർത്ത് സെന്റർ വിപുലമാക്കി.


**സോളാർ വിപ്ലവം**

നമ്മുടെ രണ്ട് IELTS സെന്ററുകളും സൗരോർജ നിയന്ത്രണത്തിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. Invertor കിട്ടാനുള്ള താമസമാണ്.



**നിങ്ങളുടെ കഴിവ് ജീവിതക്രമത്തിലും, ദൈവഭക്തിയിലും ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിലുമാകട്ടെ.**

**ചാവരുൾ**




**ശാന്തിഗിരി ആശ്രമ വാർത്തകൾ**

ശാന്തിഗിരി സമൂഹത്തിന് മനോഹരമായ ഒരു ദേവാലയം നല്കി 6 വർഷത്തെ സുത്യർഹമായ സേവനത്തിനുശേഷം ബഹുമാനപ്പെട്ട ജോൺ ആനിക്കോട്ടിൽ അച്ചൻ ഭൂതത്താൻ കെട്ടിലേക്ക് സുപ്പീരിയർആയി സ്ഥലം മാറിപ്പോയി. ശാന്തിഗിരിയുടെ നെടുംതൂണും ജീവശ്വാസവുമായിരുന്ന പോളച്ചൻ കഴിഞ്ഞ 26 വർഷത്തെ സുത്യർഹായ സേവനത്തിനു ശേഷം കാർമ്മൽ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ആയി ചാർജ്ജെടുക്കുവാൻ മൂവാറ്റുപുഴയ്ക്ക് യാത്രയായി. യുവജനങ്ങളുടെ ഹരമായിരുന്ന ഫെനിൽ അച്ചൻ ബാംഗ്ലൂർ സ്പെഷ്യൽ സ്കൂൾ ഡയറക്ടറായി ചാർജ്ജെടുക്കുവാൻ ബാംഗ്ലൂർക്ക് യാത്രയായി. 3 വർഷത്തെ വിജയകരമായ പഠനത്തിനുശേഷം ബ്രദർ സനിത്ത് വിച്ചാട്ട് അടിമാലിയിലേക്ക് യാത്രയായി. ഇവിടെ നിന്നും സ്ഥലം മാറിപ്പോകുന്ന എല്ലാവർക്കും വേണ്ടി ഇടവകസമൂഹത്തിന്റെ നേതൃത്വത്തിൽ ആഘോഷ പൂർവ്വമായ കുർബ്ബാനയും യാത്രയയപ്പ് സമ്മേളനവും നടത്തി.

**നവഗാതർക്ക് സ്വാഗതം**

ബഹുമാനപ്പെട്ട ഫാദർ മാത്യുകളപ്പുര സി.എം.ഐ ശാന്തിഗിരി ആശ്രമത്തിന്റെ പുതിയ സുപ്പീരിയർ ആയി ചാർജ്ജെടുത്തു. തന്റെ ബാംഗ്ലൂർ ദൗത്യം വിജയകരമായി പൂർത്തിയാക്കി ഫാ. ബോബി ആന്റണി തളികപ്പറമ്പിൽ ശാന്തിഗിരയിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. സി.എ.വി യിലെ ദൗത്യം വിജയകരമായി പൂർത്തിയാക്കി ഫാ. ജിൻസ് പടിഞ്ഞാറ യിൽ ശാന്തിഗിരി സോഷ്യൽ സെന്ററിന്റെ ഡയറക്ടർ ആയി ചാർജ്ജെടു ത്തു. 3 വർഷത്തെ ബി.കോം പഠനത്തിനുശേഷം ബ്രദർ അഖിൽ കാപ്പൻ റീജന്റ് ആയി ചാർജ്ജെടുത്തു. നവാഗതർക്ക് എല്ലാവർക്കും ശാന്തിഗിരി ഹോസ്റ്റൽ കുട്ടികളുടെ നേതൃത്വത്തിൽ സ്വാഗതമോതി.

**സൗഹൃദ ക്യാമ്പ്**

ശാന്തിഗിരി ആശ്രമത്തിൽ മെയ്മാസത്തിൽ ബഹുമാനപ്പെട്ട ഫെനിൽ അച്ചന്റെ നേതൃത്വത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠി ക്കുന്ന കുട്ടികൾക്കായി സൗഹൃദ ക്യാമ്പ് നടത്തുകയുണ്ടായി. കുട്ടികളിൽ മൂല്യബോധം ഉണർത്തുന്ന തരത്തിലുള്ള ക്ലാസ്സുകളും പാട്ടും, ഡാൻസും എല്ലാം ഉണ്ടായിരുന്ന ക്യാമ്പിൽ അടുത്തുള്ള ഇടവകകളിൽ നിന്നുമായി 250 കുട്ടികൾ പങ്കെടുത്തു. കുട്ടികൾക്ക് ഒരു പുതിയ വെളിച്ചവും പുത്തൻ ഉണർവുമായിരുന്നു സൗഹൃദക്യാമ്പ്. അടുത്തവർഷം സൗഹൃദക്യാമ്പ് ഒരാഴ്ചയാക്കണമെന്ന അപേക്ഷയോടെ കുട്ടികൾ യാത്രയായി.

**ചാവറ വെൽഫയർ ഫണ്ട്**

കുട്ടികളിൽ സാമൂഹിക പ്രതിബന്ധത വളർത്തുവാൻ വേണ്ടി കുട്ടി കളുടെ നേതൃത്വത്തിൽ ചാവറ വെൽഫയർ ഫണ്ട് രൂപീകരിച്ചു. ഇതിന്റെ ഭാഗമായി കുട്ടികൾ 2 ലക്ഷം രൂപ സമാഹരിച്ചു. പഠിക്കാൻ കഴിവുണ്ടാ യിട്ടും സാമ്പത്തിക പരാധീനതമൂലം പഠിക്കാൻ സാധിക്കാത്ത കുട്ടികളെ സാമ്പത്തികമായി സാഹിയിക്കുക എന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം.

**ശാന്തിഗിരിയുടെ അഭിമാനം**

നമ്മുടെ കോളേജിലെ ബി.സി.എ വിദ്യാർത്ഥിയായ ഷീൻ പോൾ 2017 ലെ റിപ്പബ്ലിക് ദിനപരേഡിൽ പങ്കെടുക്കുകയുണ്ടായി. പ്രത്യേകം തിര ഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രം ലഭിക്കുന്ന ഭാഗ്യമാണിത്.

**ക്യാംപസ് ഇന്റർവ്യൂ**

ശാന്തിഗിരി കോളേജിൽ നിന്ന് 2017-ൽ പഠിച്ചിറങ്ങിയ നമ്മുടെ വിദ്യാർത്ഥികൾ ഉന്നതവിജയം കൈവരിക്കുകയും കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട കമ്പനികളിൽ ജോലിനേടുകയും ചെയ്തു. ക്യാപസ് റിക്രൂട്ടമെന്റിലൂടെ ഈ വർഷം ഏറ്റവും കൂടുതൽ കുട്ടികൾ ജോലി നേടിയത് ശാന്തിഗിരി കോളേജിലാണ്. അതിൽ നമുക്ക് അഭിമാനിക്കാം.

**വേണേൽ വാഴ തണ്ടേലും കുലയ്ക്കും**

ശാന്തിഗിരി ആശ്രമത്തിന്റെ വാഴത്തോട്ടത്തിലാണ് ഈ പ്രതിഭാസം അരങ്ങേറിയത്. ഇതുകാണുവാൻ വഴിത്തലയുടെ സമീപ പ്രദേശങ്ങളിൽ

നിന്ന് ആളുകൾ വരികയും സെൽഫി എടുത്ത് മാടങ്ങുകയും ചെയ്തു.

**ശാന്തിഗിരി കോളേജ് ന്യൂസ്**

ശാന്തിഗിരി കോളേജിന്റെ മാനേജർ ആയി ഫാ.മാത്യു കളപ്പുര സി.എം.ഐ ചാർജ്ജെടുത്തു. ശാന്തിഗിരി കോളേജിന്റെ അമരക്കാരനായിരുന്ന ബഹുമാനപ്പെട്ട പോളച്ചൻ മൂവാറ്റുപുഴയിലേക്ക് സ്ഥലംമാറിപ്പോയ അവസരത്തിൽ ഫാ. ബോബി തളികപ്പറമ്പിൽ സി.എം.ഐ പ്രിൻസിപ്പാൾ ആയി ചാർജ്ജെടുത്തു. ശാന്തിഗിരി കോളേജിന്റെ വൈസ് പ്രിൻസിപ്പളായി ഫാ. ജിൻസ് പടിഞ്ഞാറയിൽ സി.എം.ഐ ചാർജ്ജെടുത്തു.

**സ്വച്ഛ് പകാാര**

ശാന്തിഗിരി കോളേജിന്റെ 2017–18 അധ്യായനവർഷത്തെ എൻ.എസ്.എസ് യൂണിറ്റിന്റെ ഉദ്ഘാടനം 2017 ഓഗസ്റ്റ് 5–ാം തീയതി പത്ത് മണിയോചടെ ഓഡിറ്റോറിയത്തിൽ വച്ച് ബഹുമാനപ്പെട്ട കോളേജ് പ്രിൻസിപ്പിൾ ഫാ. ബോബി തളികപറമ്പിൽ സി.എം.ഐ ഉദ്ഘാടനം ചെയ്തു. ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ച ഉദ്ഘാടനച്ചടങ്ങ് ഫാ.മാത്യു കളപ്പുര സി.എം.ഐയുടെയും ഫാ. ജിൻസ് ജോർജ് പടിഞ്ഞാറയിൽ സി.എം.ഐയുടെയും ആഭിമുഖ്യത്തിൽ സരസ്വതി ടീച്ചർ സ്വാഗതമാശംസിച്ചു. പ്രോഗ്രാം കോഡിനേറ്റർ ജെയിംസ് സാർ എൻ.എസ്.എസ് വോളിന്റിയേഴ്സിന് എൻ.എസ്.എസ്നെക്കുറിച്ചുള്ള വിശദവിവരങ്ങൾ പങ്കുവെച്ചു. മിസ്റ്റർ സബിൻ മാത്യു വോളിന്റിയേഴ്സിനായി വ്യക്തിത്വവികസനരൂപീകരണത്തിനുതകുന്ന ക്ലാസ് നയിച്ചു. വിഭവസമൃദ്ധമായ ഉച്ചയൂണിന് ശേഷം “സ്വച്ഛ് പകാാര” എന്ന ഗവൺമെന്റിന്റെ കാര്യപദ്ധതിയെ പിന്തുണച്ചുകൊണ്ടുള്ള പ്രതിജ്ഞയക്കും റാലിക്കും ബഹുമാനപ്പെട്ട കോളേജ് വൈസ്പ്രിൻസിപ്പൾ ഫാ.ജിൻസ് ജോർജ് നേതൃത്വം നൽകി. ദേശഭക്തിയിലൂന്നിയ മുദ്രവാക്യങ്ങളോടും ഗാനങ്ങളോടും കൂടി നടത്തിയ എൻ.എസ്.എസ് റാലി ഹോസ്റ്റൽ പടിയിലെത്തി തിരിച്ച് കോളേജിൽ മടങ്ങിയെത്തി.

**പൊതിച്ചോറ്**

ശാന്തിഗിരി കോളേജ് എൻ എസ് എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ‘പൊതിച്ചോറ്’ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം 2017 ഓഗസ്റ്റ് മാസം 8–ാം തീയതി കോളേജിൽ വച്ചു നടന്നു. രാമപുരത്തുള്ള കുഞ്ഞച്ചൻ മിഷൻ ഭവനിലെ അന്തേവാസികളായ 100–ഓളം പേർക്ക് ആഴ്ചയിലൊരിക്കൽ ഉച്ചഭക്ഷണം നൽകുന്ന പ്രോഗ്രാമാണിത്. കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്നാണിത് നൽകുന്നത്. രാവിലെ 11.00 മണിക്ക് കോളേജ് ചാപ്പലിനു മുമ്പിൽ വെച്ചുനടന്ന പ്രോഗ്രാമിൽ പ്രിൻസിപ്പാൾ ഫാ. ബോബി ആന്റണി തളികപ്പറമ്പിൽ സി.എം.ഐ, ഫാ. ജിൻസ് പടിഞ്ഞാറയിൽ സി.എം.ഐ., വിവിധ ഡിപ്പാർട്ട്മെന്റുകളുടെ മേധാവികൾ, എൻ എസ് എസ് പ്രോഗ്രാം ഓഫീസർ, ജെയിംസ് മാത്യു, അദ്ധ്യാപകർ, എൻ എസ് എസ് ക്ലാസ്സ് പ്രതിനിധികൾ, കുഞ്ഞച്ചൻ മിഷൻ ഭവനിൽ നിന്നുള്ള പ്രതിനിധികൾ മുതലായവർ പങ്കെടുത്തു.






### പുതിയ സാരഥി... തളിപ്പറമ്പിലച്ചൻ

കാൽവരിമൗണ്ട് ആശ്രമത്തിന്റെ സുപ്പീരിയറായും ഇടവകയുടെ വികാരിയായും ജോസഫ് തളിപ്പറമ്പിലച്ചൻ സ്ഥാനമേറ്റു. പള്ളിയുടെ നിർമ്മാണ പൂർത്തീകരണത്തിലും പള്ളിക്കൂടപരിഷ്കരണത്തിലും അറിവിന്റെ മികവോടെ ഇടപെടുന്ന തളിപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ ഈ നാടിനും, ആശ്രമത്തിനും ഇനി തളിരിടും കാലം. ജോസഫച്ചാ... അനുമോദനങ്ങൾ...

### എന്നെന്നും ഓർമ്മിയ്ക്കാൻ...

ആ മൂവർഷക്കാലം കാൽവരിമൗണ്ട് ആശ്രമത്തെയും ഇടവകയേയും നയിച്ച ജോഷി മലേക്കുടിയച്ചൻ പഞ്ചാബിലെ സേവനത്തിനായി യാത്രയായി. ഇടയനടുത്ത ഇടപെടലോടെ ജനഹൃദയങ്ങളിൽ ഇടം നേടി, കാൽവരിമൗണ്ടുവാസികളെ ഒരുമിച്ചുകൂട്ടി ഇടവകപള്ളിയുടെ നിർമ്മാണം ഒരു യാഥാർത്ഥ്യമാക്കി മാറ്റിയ ജോഷി മലേക്കുടിയച്ചന് അനുമോദനങ്ങളും... യാത്രാമംഗളങ്ങളും...

**തലയെടുപ്പോടെ ഇടവകദേവാലയം**

ഇവിടുത്തെ ജനങ്ങളെ സമ്മതിക്കണം. 497 ഇടവകാംഗങ്ങളുള്ള ഈ ഇടവകയ്ക്ക് വരുമാനം മിച്ചം വച്ച് ഒരു പാരീഷ് ഹാൾ പണിയുവാൻ പോലുമുള്ള സാമ്പത്തിക ഭദ്രതയില്ല. എല്ലാ ഞെരുക്കങ്ങൾക്കുമിടയിലാണവർ പാരീഷ്ഹാൾ പണിത് അതിനുമുകളിൽ സുന്ദരമായൊരു പള്ളി തീർക്കുന്നത്. ഈ നാടിന്റെ നന്മയുടെ നിറവായി ഇനി സെന്റ് ജോർജ് ഇടവക ദേവാലയം തലയുയർത്തി നിൽക്കും.

**നൂറിന്റെ പൊലിമയുമായി കാൽവരി എച്ച്.എസ്സ്.**

കാൽവരി എച്ച്.എസ്സിന് നൂറുശതമാനം വിജയം ഒരു പുതുമയല്ല. ഇടുക്കിയിലെ മറ്റു സ്കൂളുകളിൽ നിന്നും കാൽവരി സ്കൂളിനെമിടുക്കിയാക്കുന്ന നിരവധി മികവുകൾ ഈ സ്കൂളിനുണ്ട്; മൂന്നച്ചന്മാർ പഠിപ്പിക്കുന്ന ഇടുക്കിയിലെ ഒരേ ഒരു സ്കൂൾ. 'ഡിവിഷൻ ഫാളെ'ന്ന സുനാമിയിലും തകരാത്ത സ്കൂൾ. ഫുൾ എ പ്ലസ്സുകളോടൊപ്പം ഏറ്റവും കൂടുതൽ ഗ്രേഡുകൾ കരസ്ഥമാക്കിയ സ്കൂൾ... ഈ മൂവർ സംഘത്തിന്റെ നേതാവായ സജിയച്ചനും, ജോബിനച്ചനും, വിനീതച്ചനും അഭിനന്ദനങ്ങൾ.

**കാൽവരി ബോർഡിംഗ്**

ആൺകുട്ടികൾക്കായി ഞങ്ങൾക്കും ഇവിടെ ഒരു ബോർഡിങ്ങുണ്ട്. ഇവിടുത്തെ അന്തേവാസികൾ ഇരുപതു ചുണക്കുട്ടികൾ. യഥാർത്ഥത്തിൽ എല്ലാ അർത്ഥത്തിലും 'ഷെയർ ആന്റ് കെയർ ഹോം' ഇതുതന്നെ. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നാണ് ഈ കുട്ടികൾ അധികവും. ഒന്നിച്ചു പ്രാർത്ഥിച്ച് ഒരു കുടുംബം പോലെ ഞങ്ങൾ മുന്നോട്ട് പോകുന്നു, അതിർവരമ്പുകളില്ലാതെ...

**ശെമ്മാശ്ശൻ എന്തൊരാക്റ്റീവാ...**

ഈ വർഷം ഒരനുഗ്രഹം പോലെ ഞങ്ങൾക്കൊരു റീജന്റ് ഉണ്ട്. ബ്ര.ജിബിൻ ഇടശ്ശേരിൽ. ആശ്രമത്തിന്റെ എല്ലാ ചലനങ്ങൾക്കുപിന്നിലും ശെമ്മാശ്ശനുണ്ട്, ബോർഡിംഗ് റെക്ടർ, ഹൈസ്കൂളിലെ ഇംഗ്ലീഷ് അധ്യാപകൻ, ഇടവകയിലെ ഭക്തസംഘടനകളുടെ കാര്യസ്ഥൻ, വേദപാഠം അധ്യാപകൻ, അങ്ങനെ എല്ലാം... സർഗ്ഗവേദി ധ്യാനഗ്രൂപ്പിലും ശെമ്മാശ്ശന്റെ സാന്നിദ്ധ്യം പ്രശംസനീയം. ചുരുക്കത്തിൽ റീജൻസി ചെയ്യണമെങ്കിൽ അത് കാൽവരി മൗണ്ടിൽ ചെയ്യണം.

**കാൽവരി യു.പി. യ്ക്ക് ഇനി കേസരിയോഗം**

ഞങ്ങൾക്ക് ഒരച്ചനില്ലേ... എന്നു വിലപിച്ചുകൊണ്ടിരുന്നപ്പോഴാണ് പൂ ചോദിച്ചപ്പോൾ പൂന്തോട്ടം കൊടുത്തു എന്നപോലെ കാൽവരി യു.പി. യിലേയ്ക്ക് ബിനോയി പാലക്കുഴയച്ചന്റെ വരവ്. ഇച്ചായനെവെല്ലാൻ വന്ന ചാച്ചനെപ്പോലെ. മുഴുവൻ സമയവും അധ്യാപനവും കാർമ്മലിന്റെ ഖജനാവു സൂക്ഷിപ്പും ഒന്നിച്ചുകൊണ്ടുപോകുന്ന പാലക്കുഴയച്ചനെ സമ്മതിക്കണം.



# DEEPTHI BHAVAN
# ADIMALI



**1). വിശ്വദിപ്തി സ്കൂൾ രജതജൂബിലി ആഘോഷം**



സ്കുളിന്റെ രജതജൂബിലി ആഘോഷം ജൂൺ രണ്ടാം തീയതി നടന്നു. കേരളനിയമസഭാ സ്പീക്കർ ശ്രീ. ശ്രീരാമകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. പ്രൊവിൻഷ്യാൾ റവ.ഫാ. പോൾ പാറക്കാട്ടേൽ അദ്ധ്യക്ഷതവഹിച്ചു. ദേവികുളം എം.എൽ.എ ശ്രീ. രാജേന്ദ്രൻ ആശംസകൾ അർപ്പിച്ചു.

**2). അവാർഡുദാനസമ്മേളനം**

ഇടുക്കി സഹോദയയുടെ അവാർഡുദാനചടങ്ങും അദ്ധ്യാപകർക്കുള്ള പരിശീലനപരിപാടിയും വിശ്വദീപ്തിയിൽ വച്ച് നടത്തപ്പെട്ടു. മുൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഡോ. കെ.എസ് രാധാകൃഷ്ണൻ മുഖ്യാതിഥി ആയിരുന്നു.



*സി.ബി.എസ്.ഇ. സ്കൂൾ ഇടുക്കി സഹോദയയുടെ അധ്യാപകപരിശീലനവും മികച്ച വിദ്യാർത്ഥി കൾക്കുള്ള അവാർഡുദാനവും അടിമാലി വിശ്വദീപ്തി സ്കൂൾ അങ്കണത്തിൽ മുൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഡോ. കെ. എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജോയ്സ്, ഫാ. ബിജു വെട്ടുകല്ലേൽ, ഫാ. ഷൈൻ, ഫാ. ടോമി നമ്പ്യാപറമ്പിൽ, മിഷേൽ ലെബ്രോയ്, ബ്രദർ ജോസ് തോമസ്, സി. പ്രഭ, സി. ട്രീസ എന്നിവർ സമീപം.*

**3). യാത്രയയപ്പ്**

ഇവിടെനിന്ന് സ്ഥലം മാറി കൊടുവേലിയിലേയ്ക്ക് പോയ മുൻ സൂപ്പീരിയറും പ്രിൻസിപ്പലുമായ റവ.ഫാ. ടോമി നമ്പ്യാപറമ്പിലച്ചനും, മുൻ ബോർഡിങ്ങ് റെക്ടറായി സേവനം അനുഷ്ഠിച്ച ഫാ. ഷിന്റോ പുന്നയ്ക്കലിനും യാത്രാമംഗളങ്ങൾ നേർന്ന് സ്കൂളിലും ആശ്രമത്തിലും പ്രത്യേകമായ യാത്രയയപ്പു സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

**4) പുതിയ സാരഥികൾ**

സ്കൂളിന്റെ പുതിയ പ്രിൻസിപ്പലും ആശ്രമത്തിന്റെ സുപ്പീരിയറുമായി റവ.ഡോ ജിൽസൺ ജോൺ നിയമിതനായി. സ്കൂളിന്റെ മാനേജരായി ബഹു. വർഗീസ് കുഴികണ്ണിയിലച്ചൻ നിയമിക്കപ്പെട്ടു.

ബോർഡിങ്ങിന്റെ പുതിയ വൈസ് റെക്ടറായി ബ്രദർ സനിത്ത് സേവനം ചെയ്യുന്നു. ബോർഡിംഗിന്റെ പുതിയ റെക്ടർ സ്കൂളിന്റെ പുതിയ വൈസ് പ്രൻസിപ്പൽ ബർസർ എന്നീ നിലകളിൽ റവ.ഫാ. സിജു പോൾ നിയമിതനായി.

**5). ആരോഗ്യാവാരാചരണം**



അടിമാലി വിശ്വദീപ്തി സ്കൂളിലെ ആരോഗ്യവാരാചരണം അടിമാലി താലൂക് ആശുപത്രി സൂപ്രണ്ട് ഡോ.വൈ. എം. നൗഷാദ് ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പാൾ റവ.ഡോ. ജിൽസൺ നെടുമരുതുംചാലിൽ, വൈസ് പ്രിൻസിപ്പാൾ റവ.ഫാ. സിജു പോൾ, ശ്രീമതി ജയശ്രീ കെ.പി. കുമാരി ഗൗരി നന്ദന എന്നിവർ സമീപം.

**6). പുതിയ അംഗം**

ബഹു. അഹറോൻ വിതയത്തിലച്ചനും ഈ ഭവനാംഗമായി വന്നു. പ്രത്യേക സ്വാഗതം.

**7). തിരുനാളാഘോഷം**

ഭവനത്തിന്റെ സുപ്പീരിയർ ബഹു. ജിൽസൺ ജോണച്ചന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ജൂൺ മാസം 24-ാം തീയതി ആഘോഷിച്ചു. ഭവനത്തിലെ ആഘോഷങ്ങളിൽ സമീപസന്യാസ ഭവനങ്ങളിൽ നിന്ന് വൈദികരും സിസ്റ്റേഴ്സും പങ്കെടുത്തു. സമീപ ഇടവകകളിലെ വികാരിയച്ചന്മാരും ആഘോഷങ്ങളിൽ പങ്കുചേർന്നു.

സ്കൂളിന്റെ വൈസ് പ്രൻസിപ്പൾ ബഹു. സിജുപോൾ അച്ചന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ജൂലൈ 3-ാം തീയതി ആശ്രമത്തിലും സ്കൂളിലും ബോർഡിംഗിലും ആഘോഷിച്ചു.

**സോപാനം കലാസാഹിത്യ വേദി**

ഇടുക്കി ജില്ലയിലെ കലാസാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നവരെയും കലാ സാഹിത്യ അഭിരുചിയുള്ളവരെയും സമന്വയിപ്പിച്ചുകൊണ്ട് അവരുടെ കഴിവുകളെ വളർത്തുവാനും പ്രോത്സാഹിപ്പിക്കുവാനുമാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. 2017 മാർച്ച് 5-ാം തീയതി വൈകിട്ട് 4.30 ന് സോപാനം ആഡിറ്റോറിയത്തിൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം മണി കലാസാഹിത്യവേദിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മുൻ കാർമ്മൽ പ്രോവിൻഷ്യൽ ഫാ. തോമസ് മഞ്ഞക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ. എം.രാജീവ്കുമാർ, പ്രോഗ്രാം എക്സിക്യൂട്ടീവ് ആകാശവാണി മുഖ്യ പ്രഭാഷണവും, സപ്ലിമെന്റ് പ്രകാശനവും ഫാ. ടോമി നമ്പ്യാപറമ്പിൽ പ്രിൻസിപ്പൽ നിർവ്വഹിച്ചു. വിശിഷ്ട വ്യക്തികളെ ആദരിക്കൽ ശ്രീമതി സ്മിത മുനിസ്വാമി (ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്), ശ്രീ. കെ.എൻ ദിവാകരൻ (കെ.വി.വി.ഇ.എസ് ജില്ലാ വർക്കിംഗ് പ്രസിഡന്റ്), ശ്രീ. വർഗീസ് ചെറിയാൻ (മർച്ചന്റ് അസ്സോസിയേഷൻ പ്രസിഡന്റ്), ഫാ. ജോൺ തലച്ചിറ സി.എം.ഐ, ഫാ. വർഗ്ഗീസ് കുഴികണ്ണിയിൽ സി.എം.ഐ എന്നിവർ നിർവ്വഹിച്ചു. ഫാ. മാത്യു അയ്യംകോലിൽ സ്വാതവും, ശ്രീ. കെ.വി മാത്യു (പ്രസിഡന്റ് സോപാനം കലാസാഹിത്യം) കൃതജ്ഞതയും പറഞ്ഞു. കലാസാഹിത്യവേദിയുടെ ഗാനമേളയും, മിമിക്സും, യോഗാവസാനത്തിൽ നടത്തപ്പെട്ടു.

**സോപാനം ഫാമിലി കൗൺസലിംഗ് സെന്റർ**

വർഷങ്ങളായി സോപാനത്തിൽ പ്രവർത്തിക്കുന്ന ഒരു സർക്കാർ പ്രോജക്ട് ആണ്. സ്കൂൾ കുട്ടികൾ, യുവതിയുവാക്കൾ, ഫാമിലി പ്രശനങ്ങൾ തുടങ്ങിയവയിൽ പരിഹാരം കണ്ടെത്തുന്നതിനായി ആളുകൾ കൂടുതലായി ഇപ്പോൾ വരുന്നുണ്ട്. സ്കൂളുകൾ, അംഗൻവാടികൾ, കുടുംബശ്രീ എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കാറുണ്ട്. രണ്ടു കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാണ്.

**സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ**

ഒരു വക്കീലിന്റെ സേവനം ആഴ്ചയിൽ മൂന്നു ദിവസം ലഭിക്കുന്നു. കുടുംബങ്ങളിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് നിയമപരിരക്ഷ നേടികൊടുക്കുക എന്നതാണ് ലക്ഷ്യം. കോടതയിൽ നിന്നും സ്ത്രീകൾക്കു പ്രൊട്ടക്ഷൻ ഓർഡർ വാങ്ങികൊടുക്കുന്നു. സർക്കാർ പ്രോജക്ട് ആയതു കൊണ്ട് സൗജന്യ സേവനമാണ് ആളുകൾക്ക് ലഭിക്കുന്നത്.

**സെന്റർ ഹ്യൂമൺ റൈറ്റ്സ് ഫോറം**

സി.എച്ച്.ആർ.എഫ് ഇടുക്കി ജില്ലാ ഫോറത്തിന്റെ രൂപീകരണം സോപാനം ഓഡിറ്റോറിയത്തിൽ 29.06.17 ന് നടന്നു. ഫാ. മാത്യു അയ്യംകോലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ദേശിയ, സംസ്ഥാനനേതാക്കൾ വിവിധ മേഖലകളിലുള്ള പ്രമുഖ വ്യക്തികൾ, സർക്കിൾ ഇൻസ്പെക്ടർ, പബ്ലിക്ക് പ്രോസിക്യൂട്ടർ, അഡ്വക്കേറ്റ്സ്, മീഡിയ പേഴ്സൺസ് എന്നിവർ സന്നിഹിതരായിരുന്നു. ഫാ. മാത്യു അയ്യംകോലിൽ ജില്ലാ പ്രിസഡന്റായും, ഷാജി സി.ഡി സെക്രട്ടറിയായും 11 അംഗം ഭരണ സമിതിയ്ക്ക് രൂപം നല്കി. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റികൾക്കും രൂപം നൽകി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**പ്ലേ സ്കൂൾ**

കുട്ടികൾ കുറവാണെങ്കിലും നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾക്ക് ആവശ്യമായ സ്ഥല സൗകര്യങ്ങൾ ധാരാളമുണ്ട്.

**സ്കൂൾ ഓഫ് ആർക്ടസ്**

ഓർഗൻ, ഗിത്താർ, വയലിൽ, ഡ്രോയിംഗ്, സംഗീതം, ഡാൻസ് തുടങ്ങിയവയ്ക്ക് ക്ലാസ്സുകൾ ശനിയാഴ്ചകളിൽ നടത്തുന്നു.

**സീനിയർ സിറ്റിസൺസ് സർവ്വീസ് കൗൺസിൽ**

കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണിത്. ഈ സംഘടനയുടെ ഇടുക്കി യൂണിറ്റ് സോപാനത്തിൽ 2016 ഡിസംബർ 21-ാം തീയതി കൂടിയ സമ്മേളനത്തിൽ രൂപീകരിക്കുപ്പെട്ടു. ശ്രീ. എ.കെ പ്രഭാകരൻ പ്രസിഡന്റ്, ശ്രീ. ഗോപിപിള്ള സെക്രട്ടറി, 11 അംഗകമ്മറ്റിയും രൂപം കൊടുത്തു. സംഘടനയുടെ യൂണിറ്റുകൾ രൂപീകരിക്കുന്നു. സംഘടനയുടെ രക്ഷാധികാരിയായി ഫാ. മാത്യു അയ്യംകോലിലിനെ യോഗം തിരഞ്ഞെടുത്തു. മുതിർന്ന പൗരന്മാരും നിരാലംബരായ വയോജനങ്ങളുടേയും വയോവൃദ്ധരായ മാതാപിതാക്കളുടേയും മാനസിക ക്ഷേമവും സാന്ത്വനസുരാക്ഷാ പരിപാലലക്ഷവും മുൻനിർത്തി രൂപീകൃതമായ സംഘടനയാണ് സീനിയർ സിറ്റിസൺസ് സർവ്വീസ് കൗൺസിൽ.

**സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്**

കഴിഞ്ഞ 20 വർഷമായി സോപാനത്തിൽ എല്ലാ മാസവും അവസാനത്തെ ഞായറാഴ്ചകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തികൊണ്ടിരിക്കു

ന്നു. തൃപ്പൂണിത്തറ ഹോമിയോ കോളേജിലെ പ്രൊ. വിജയൻ കെ. മാലയിൽ ഡോക്ടറാണ് ക്യാമ്പിനു നേതൃത്വം നല്കുന്നത്. തങ്കച്ചൻ ഇരുമ്പുപാലം, ഷാജൻ എന്നിവർ സഹായികളായി ജോലിചെയ്യുന്നു.

**DDU- GKYട്രേയിനിംഗ്**

കേന്ദ്രസർക്കാർ സാമ്പത്തിക സഹായമുള്ള പ്രൊജക്ട് ആണ്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ്. Computer Tally, Front door Managment എന്നീ കോഴ്സുകളാണ് ഇവിടെ നടത്തുന്നത്. ആദ്യ ബാച്ചിൽ കംബ്യൂട്ടറിന് 30 പേരും, ഫ്രണ്ടു ഡോർ മാനേജ്മെന്റിൽ കോഴ്സിന് 27 പേരും ചേർന്നു. സൗജന്യ കോഴ്സാണ്. കുട്ടികൾക്ക് വരുന്ന ദിവസങ്ങളിൽ 126 രൂപ വീതം യാത്രാചിലവ് ലഭിക്കുന്നു. അടുത്ത ബാച്ച് ആഗസ്റ്റിൽ ആരംഭിക്കുന്നു.

**സിംബോസിയം**

സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ഒരു സാംസ്കാരിക പരിപാടി. വിഷയം- ശ്രീ നാരായണ ഗുരുവിന്റെ മാതാതീത ദർശനം. 30.10.2017 ഞായറാഴ്ച 1.30 pm മുതൽ 5.30 pm വരെ നടത്തപ്പെടുന്നു.

**മൂലമറ്റം കോളേജിൽനിന്ന് ഫാ. ജിൽസൺ റിട്ടയർ ചെയ്തു.**

മെയ് 31-ാം തീയതി സർവ്വീസിൽ നിന്ന് വരമിച്ചു. റിട്ടയർമെന്റ് സമ്മേളനം മാണ്ഡ്യ രൂപതമെത്രാൻ മാർ ആന്റണി കരിയിൽ ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ പ്രൊവിൻഷ്യൽ റവ.ഫാ. സെബാസ്റ്റ്യൻ ഇലഞ്ഞിക്കൽ അദ്ധ്യക്ഷതവഹിച്ചു. മുൻ വൈസ്ചാൻസിലർ മാരായ ഡോ. സിറിയക്ക് തോമസ്, ഡോ. എം.സി ദിലീപ്കുമാർ, പ്രവിശ്യ ശ്രേഷ്ഠന്മാരായ ഫാ. പോൾ പാറക്കാട്ടേൽ, ഡോ. ജോസ് കുറിയേടത്ത്, ഫാ. വാർട്ടർ തേലപ്പള്ളി എന്നിവർ പ്രസംഗിച്ചു.






*ഓൾ കേരള പ്രിൻസിപ്പൽസ് കൗൺസിൽ റിട്ടയർ ചെയ്യുന്ന പ്രിൻസിപ്പൽമാർക്കായി സംഘടിപ്പിച്ച യാത്രയയപ്പു സമ്മേളനത്തിൽ മൂലമറ്റം സെന്റ് ജോസഫ് കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ജിൽസൺ ജോൺ മുഖ്യാതിഥി ഡോ. സിറിയക് തോമസിൽ നിന്നും മെമെന്റോ സ്വീകരിക്കുന്നു. ഓൾ കേരള പ്രിൻസിപ്പൽസ് കൗൺസിൽ ഭാരവാഹികളായ ഡോ. എം. ഉസ്മാൻ, ഡോ. ടി. എം. ജോസഫ് എന്നിവർ സമീപം.*

**ബെസ്റ്റ് പ്രിൻസിപ്പൽ ഓഫ് കേരള അവാർഡ്**

ഡോ. താർസിസ് ജോസഫ് എഡ്യുക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് കേരളത്തിലെ ബെസ്റ്റ് പ്രിൻസിപ്പലിന് ഏർപ്പെടുത്തിയിട്ടുള്ള അവാർഡിന് ഫാ. ജിൽസൺ ജോൺ അർഹനായി. പ്രത്യേക സമ്മേളനത്തിൽ വച്ചു കാലടി സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. എം., സി. ദിലീപ് കുമാർ അവാർഡ് ജിൽസനച്ചന് സമ്മാനിച്ചു. പ്രിയോർ ജനറൽ റവ.ഡോ. പോൾ അച്ചാണ്ടി സി.എം.ഐ. ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോളേജ് മാനേജർ ഫാ. ജോർജ് മറ്റത്തിൽ, ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ. എന്നിവർ ആശംസകൾ നേർന്നു.



**കാർമ്മൽ പ്രവിശ്യാദിനം** - കുടുംബദിനമായി സെപ്റ്റംബർ 21-ാം തീയതി രാവിലെ 9 മണിക്ക് സമൂഹബലിയോടെ ആരംഭിച്ച് ഉച്ചക്ക് 1 മണിക്ക് സ്നേഹവിരുന്നോടെ സമാപിക്കുന്നതാണ്. എല്ലാവരും ഈ ദിവസം പ്രവിശ്യയുടെ കൂട്ടായ്മയ്ക്കായി ദിവസം മാറ്റിവയ്ക്കുമല്ലോ. എല്ലാവർക്കും സ്വാഗതം...

# ST. JOSEPH'S CARMEL HOUSE VATTAVADA









**പുതിയ അംഗങ്ങൾ**

വട്ടവടയിലെ നമ്മുടെ ആശ്രമത്തിൽ പുതിയ അംഗങ്ങളായി ബഹു. ചാക്കോച്ചൻ കളപ്പുരയും ആന്റണി നെല്ലിക്കലും മെയ്മാസം 20-ാം തീയതി എത്തി. ചാക്കോച്ചൻ ഹൗസിന്റെ സുപ്പീരിയറായിട്ടാണ് എത്തിയത്.

**ബിനുവച്ചനും അബിയച്ചനും യാത്രയായി**

മൂന്നുവർഷക്കാലം ആശ്രമത്തിലെ സുപ്പീരിയറും കെ.ഇ.എച്ച് സ്കൂളിലെ യു.പി.എസ് അദ്ധ്യാപകനുമായി സേവനം ചെയ്തശേഷം ബിനുവച്ചൻ വാഴക്കുളം ആശ്രമത്തിലേ അന്തേവാസിയായി സ്ഥലം മാറി പോയി. ഒരു വർഷം കെ.ഇ.എച്ച് സ്കൂളിൽ സേവനം പൂർത്തിയാക്കി അബിയച്ചൻ കൊടുവേലി ആശ്രമത്തിലേയ്ക്ക് യാത്രയായി. ഇരുവർക്കും ജൂൺ മാസം 15-ാം തീയതി സമുചിതമായ യാത്രയയപ്പ് നൽകി.

**കൃഷിരംഗം**

വട്ടവടയുടെ മുഖമുദ്രയായ ശീതകാല പച്ചക്കറി കൃഷി (നഷ്ടമാണെങ്കിലും) ഇപ്പോഴും തുടൻന്നുകൊണ്ടുപോകുന്നു. കാരറ്റ്, കിഴങ്ങ്,

സ്ട്രോബറി, ബീൻസ് മുതലായവ പച്ചക്കറികൾ നമ്മുടെ തൊടിയിൽ സുലഭമാണ്. ആവശ്യക്കാർക്ക് ഓർഡർ അനുസരിച്ച് സ്ഥലത്ത് എത്തിച്ചു നൽകുന്നതാണ്.

**കെ.ഇ.എച്ച്.എസ് വട്ടവട**

പ്രതിബന്ധങ്ങളുടെ നടുവിലും തളരാതെ കിതയ്ക്കാതെ കെ.ഇ.എച്ച്.എസ് മുന്നേറുന്നു. ബഹു. വിൻസച്ചന്റെ നേതൃത്വത്തിൽ 13 ഓളം അദ്ധ്യാപകരും 4 അനദ്ധ്യാപകരും സ്കൂളിൽ സേവനം ചെയ്യുന്നു. ഈ വർഷം ബഹു. ആന്റണിയച്ചനും, മരിയ, നീതു എന്നീ ടീച്ചർമാരും പുതുതായി സ്കൂളിൽ കടന്നുവന്നപ്പോൾ ബിനുവച്ചനും, അബിയച്ചനും, ജെസ്സി ടീച്ചറും പുതിയ സ്ഥലത്തേയ്ക്ക് യാത്രയായി.

**സെന്റ് ജോസഫ് സി.എം.ഐ പബ്ലിക് സ്കൂൾ**

സി.ബി.എസ്.ഇ സ്കൂളിന്റെ പുതിയ സാരഥിയായി ബഹു. ചാക്കോച്ചൻ ചുമതലയേറ്റു. എൽ.കെ.ജി മുതൽ 5 വരെ നമുക്ക് 120 കുട്ടികളാണ് ഉള്ളത്. സ്കൂൾ ബസ്സിന്റെ സേവനം ഇരു സ്കുളുകൾക്കും ഉപകാരപ്രദമാകുന്നു.

**ചാക്കോച്ചന്റെ നാമഹേതുക തിരുനാൾ**

ചാക്കോച്ചന്റെ നാമഹേതുക തിരുനാൾ ജൂലൈ മാസം 27-ാം തീയതി അടിമാലി, മൂന്നാർ ആശ്രമാംഗങ്ങളുടെ സാന്നിധ്യത്തിൽ വട്ടവടയിൽ വച്ച് നടത്തപ്പെട്ടു. ചെറിയ പ്രാർത്ഥനാ ശുശ്രൂഷയോടെ ആരംഭിച്ച ആഘോഷം ആത്താഴത്തിനുശേഷം അവസാനിച്ചു.

**ആത്മീയ ശുശ്രൂഷ**

ആത്മീയ ശുശ്രൂഷരംഗത്ത് ദിവ്യകാരുണ്യ സമൂഹത്തിന് ഒത്തിരി സംഭാവനകൾ നൽകാൻ ആശ്രമം ശ്രദ്ധിക്കുന്നു. എല്ലാ ബുധനാഴ്ചയും കപ്പേളയിൽ നൊവേനയും കൊന്തയും നടത്തുന്നു. എല്ലാ ആദ്യ വ്യാഴാഴ്ചകളിലും നടത്തപ്പെടുന്ന വചനപ്രഘോഷണം ആരാധന, ദിവ്യബലി എന്നിവ ദിവ്യ കാരുണ്യസമൂഹം ഉപകാരപ്പെടുത്തുന്നുണ്ട്. ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത് ചാക്കോച്ചനാണ്.

**കാർഷിക രംഗത്തെ നേട്ടങ്ങൾ**

ഇടുക്കി ജില്ലയിലെ ഏറ്റവും നല്ല പച്ചക്കറി കൃഷിതോട്ടങ്ങളായി 2016-17 അദ്ധ്യയന വർഷം സംസ്ഥാന കാർഷിക വകുപ്പ് തിരഞ്ഞെടുത്തത് വട്ടവട കെ.ഇ. സ്കൂളും, കർമ്മലഗിരി സ്കൂളും ആണ്. ഏറ്റവും നല്ല കർഷക അദ്ധ്യാപകൻ ഫാ.ബിനു ഇലഞ്ഞേടത്തും കർഷക പ്രധാന അദ്ധ്യാപകൻ ഫാ. മാത്യൂ മഞ്ഞക്കുന്നേലും ആണ്. പ്രശസ്തിപത്രവും ട്രോഫിയും ₹5000/- ക്യാഷ് അവാർഡും സംസ്ഥാന കൃഷിവകുപ്പ് മന്ത്രി അനിൽ കുമാർ വണ്ടിപ്പെരിയാറിൽ വച്ച് നടന്ന പൊതുസമ്മേളനത്തിൽ നല്കുകയുണ്ടായി. അഭിനന്ദനങ്ങൾ.

# NIRMALGRAM
# CHENKARA









നിത്യസത്യമായ വചനം കലർപ്പുകൂടാതെ ലഭിക്കുക സഭാതന യരുടെ അവകാശമാണ്. ദൈവ വചനത്തെ സ്വന്തം താല്പര്യങ്ങൾക്കനുസ രിച്ച് വ്യാഖ്യാനിക്കുന്നവരുടെ സ്വാധീനത്തിൽപ്പെടാതെ വിശ്വാസികളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുക സഭയുടേയും സന്യാസ സമൂ ഹങ്ങളുടേയും ഗൗരവമായ ഉത്തരവാദിത്വമാണ്. ഈ ദൗത്യ നിർവ്വഹണ ത്തിൽ നിർമ്മൽഗ്രാം ധ്യാനകേന്ദ്രം തനതായ സംഭാവനനല്കുന്നു. അന്ധ കാര ശക്തികളുടെ അമിത സ്വാധീനമുള്ള ഈ കാലഘട്ടത്തിൽ "ലോക ത്തിന്റെ പ്രകാശമായ ഈശോയെ" പകർന്നുകൊടുക്കാൻ നിർമ്മൽഗ്രാമിന് സാധിക്കുന്നു. വിവിധ നിയോഗങ്ങളോടെയും പ്രാർത്ഥനകളോടെയും അനേകം മക്കൾ പ്രാർത്ഥിക്കാനായി ഇവിടേയ്ക്ക് കടന്നുവരുന്നു. ആശ്രമ സ്ഥാപകനായ തെയോബാൾഡ് പോത്താനിക്കാട്ടച്ചന്റെ ദർശനങ്ങളോട് ചേർന്നുനിന്ന് കാലഘട്ടത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ആതുരശുശ്രൂ ഷകൾക്കായും പുത്തൻ കാൽവയ്പുകൾ ആരംഭിച്ചിരിക്കുന്നു.

**എന്നും നന്ദിയോടെ....**

കഴിഞ്ഞ 7 വർഷകാലഘട്ടം നിർമ്മൽഗ്രാം ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായി സ്തുത്യർഹമായ സേവനം കാഴ്ചവച്ച് നിരവധി നവീകരണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചതിനുശേഷം കാൽവരിമൗണ്ട് ആശ്രമത്തിന്റെ ശ്രേഷ്ഠനായി സ്ഥലം മാറിപോയ ബഹു. ജോസഫ് തളിപ്പറമ്പിലച്ചനും, കഴിഞ്ഞ 3 വർഷക്കാലം ആശ്രമ സുപ്പീരിയറായി നിഷ്കളങ്ക പുഞ്ചിരിയോടെ ശുശ്രൂക്ഷ ചെയ്തതിനുശേഷം മൂവാറ്റുപുഴ മരിയൻഭവനത്തിന്റെ ഡയറക്ടറായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ബഹു. ജോസഫ് കുളക്കാട്ടച്ചനും ഏറെ നന്ദിയോടെ നിർമ്മൽഗ്രാം ധ്യാനകേന്ദ്രം വിജയാശംസകൾ നേരുന്നു. മെയ് മാസം 25-ാം തീയതി കോതമംഗലം സോണിലെ വൈദികരുടെ സാന്നിധ്യത്തിൽ അവർക്ക് യാത്രാമംഗളങ്ങൾ നേർന്നു. രാത്രി അരാധനാമദ്ധ്യേ അജപാലനസെക്രട്ടറി ബഹു. വിനീത് വാഴേക്കുടിയിലച്ചൻ ആരാധനാ സമൂഹത്തിന്റെ നാമത്തിൽ സർവ്വവിധ നന്മകൾ നേരുകയും ചെയ്തു.

**പുത്തൻ പ്രതീക്ഷകളുമായി...**

പുതിയ കാഴ്ചപ്പാടുകളും ദർശനങ്ങളുമായി ബിനോയി മാരിപ്പാട്ടച്ചന്റെ നേതൃത്വത്തിൽ, ഫ്രാൻസിസ് കുടിയിരിക്കലച്ചനും, ജെറീഷ് അറയ്ക്കലച്ചനും അടങ്ങുന്ന പുതിയ നേതൃത്വം നിർമ്മൽഗ്രാം ധ്യാനകേന്ദ്രത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു. ശുശ്രൂക്ഷകൾക്ക് കൂടുതൽ ആത്മീയ ചൈതന്യം പകരാൻ കടന്നുവരുന്ന അനേകർക്ക് തങ്ങളുടെ വേദനകളിലും സങ്കടങ്ങളിലും സമാശ്വാസം ലഭിക്കാൻ പാവപ്പെട്ട മനുഷ്യർക്ക് കരുണയുടെ സങ്കേതമായി തീരാൻ എല്ലാറ്റിലും ഉപരി പ്രാർത്ഥനയിലൂടെ ദൈവസാന്നിദ്ധ്യം പകർന്നുകൊടുക്കാൻ പുതിയ നേതൃത്വം പരിശ്രമിക്കുന്നു. സഭാംഗങ്ങളുടേയും രൂപത വൈദികരുടേയും കൂടുതൽ സഹകരണം ധ്യാനകേന്ദ്രത്തിന്റെ വളർച്ചയ്ക്ക് ഉപകരിക്കുന്നു.

**കൂപ്പുകൈകളോടെ തിരുസന്നിധിയിൽ**

പ്രവശ്യയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആത്മീയ ചൈതന്യം നിറയ്ക്കാൻ നാളകളെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയാൻ അല്പ നേരം നാഥനോടൊത്ത് ശാന്തമായിരിക്കാൻ അജപാലന ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നിർമ്മൽഗ്രാമിൽ വൈദികർ പ്രാർത്ഥിക്കാനായി ഒരുമിക്കുന്നു. എല്ലാമാസവും ആദ്യഞായറാഴ്ച വൈകിട്ട് 6.30 മുതൽ രാത്രി 8.00 മണിവരെയുള്ള ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് ഏവർക്കും സ്വാഗതം. ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിച്ച ചാവറപിതാവിന്റെ മാതൃക ഈ കൂട്ടായ്മയിലേക്കുള്ള പ്രചോദനമാകട്ടെ. ദൈവാനുഗ്രഹം നിറയട്ടെ.

“ഉണരുവിൻ എഴുന്നേൽക്കുവിൻ ലക്ഷ്യസ്ഥാനത്തെത്തുന്നതുവരെ വിശ്രമിക്കരുത്.” സ്വാമി വിവേകാനന്ദന്റെ ഈ ചിന്ത നമുക്ക് പ്രചോദനമേകട്ടെ. നിർമ്മൽഗ്രാം ധ്യാനകേന്ദ്രം പ്രവശ്യയുടെ ആത്മീയ കേന്ദ്രമായി തീരുവാൻ നമുക്ക് പരസ്പരം കൈകൾ കോർക്കാം.

# NIRMALGRAM
**BHOOTHATHANKETTU**







**നിർമ്മൽഗ്രാം ഭൂതത്താൻ കെട്ട് ആശ്രമം**

നിർമ്മൽഗ്രാം ഭൂതത്താൻകെട്ട് ആശ്രമത്തിൽ ജോൺ ആനിക്കോട്ടിലച്ചനും, ജോസ് തയ്യിലച്ചനുമാണുള്ളത്. ജോൺ ആനിക്കോട്ടിലച്ചൻ മെയ് 23 ന് സുപ്പീരിയറായി ചുമതലയേറ്റു.

അടുത്ത ദിവസംതന്നെ ഹൗസിന്റെ റിപ്പയർ ജോലികളും പറമ്പിലെ പണികളും കണ്ട് മനസ്സിലാക്കി. പണിചിലവുകൾ കണക്ക് കൂട്ടി ഒരു ബഡ്ജറ്റ് ഉണ്ടാക്കി. അത് ബഹുമാനപ്പെട്ട പ്രൊവിഷ്യാളച്ചന് സമർപ്പിച്ചു. പിറ്റേദിവസംതന്നെ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളച്ചനും മാത്യു മഞ്ഞക്കന്നേലച്ചനും, കൈമലയച്ചനും കൂടി ഇവിടെ വരുകയും ഇവിടെയുള്ള കാര്യങ്ങൾ കണ്ട് പഠിച്ച് ചർച്ച നടത്തി പോയി. ഉടനെതന്നെ ഹൗസ്സിന്റെ റിപ്പയർ ജോലികളും പറമ്പിലെ പണികളും നടത്തുന്നതിനും വളം വാങ്ങുന്നതിനും ഇടുന്നതിനും അനുവാദവും പണവും നൽകി.

പ്രിയബഹുമാനപ്പെട്ട പ്രൊവിൻഷ്യാളച്ചനും കൗൺസിലച്ചനും ഞങ്ങളോടു കാണിക്കുന്ന സ്നേഹത്തിനും പ്രോത്സാഹങ്ങൾക്കും സഹായത്തിനും പ്രത്യേകം നന്ദിയും സ്നേഹവും ഉണ്ട്.

ഞങ്ങൾ ആദ്യം തന്നെ ഹൗസ്സിന്റെ റിപ്പയർ പണികൾ ആരംഭിച്ചു. അച്ചന്മാർ താമസിക്കുന്ന മുറികൾ, ഊട്ടുമുറി, സ്വീകരണമുറി, അടുക്കള യുടെ അടുത്തുള്ള മുറി, ബാത്ത്റൂമുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ടൈൽസ് ഇട്ടു. മുറികൾ പെയിന്റ് ചെയ്തു. വാതിലുകളും ജനലുകളും റിപ്പയർ ചെയ്തു. ഒന്നാം നിലയിലുള്ള മുൻ മുറികളിൽ വാർക്ക പൊട്ടി വീണു കൊണ്ടിരുന്നത് സിമന്റും പശയും തേച്ച് പിടിപ്പിച്ചു. ഒന്നാം നിലയി ലുള്ള മുറികളിൽ മുഴുവനും മുപ്പിളി വണ്ട് ആയിരുന്നു. പലപ്രാവശ്യം കീട നാശിനി തളിച്ച് നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

നിർമ്മൽഗ്രാം ഭൂതത്താൻ കെട്ട് ആശ്രമത്തിന് 8 ഏക്കറോളം സ്ഥലം ഉണ്ട്. അതിൽ കുറെ കായ്ക്കുന്ന തെങ്ങുകളും അടയ്ക്കാ മരങ്ങളും ഉണ്ട്. 2014-15 കാലഘട്ടത്തിൽ ബഹു.തോമസ് കളമ്പാട്ടച്ചൻ കുറെയധികം തെങ്ങിൻ തൈകളും കവുങ്ങും തൈകളും, കൊക്കോ തൈകളും, നട്ടിരു ന്നു. കുറെ തെങ്ങിൻ തൈകൾ കേടുവന്ന് പോയി. ഇവക്കെല്ലാം ജൈവവ ളവും രാസവളവും ഇട്ടു. പറമ്പ് നിറയെ പുല്ല് പിടിച്ച് കിടന്നിരുന്നത് മരുന്ന് അടിച്ചും വെട്ടിയും തെളിച്ചു. തേക്ക് തുടങ്ങിയ വൃക്ഷങ്ങളുടെ ചോല ഇറ ക്കി. വർഷങ്ങളായ പിരിച്ച് നടാത്ത വാഴക്കൂട്ടങ്ങൾ വൃത്തിയാക്കി.

200 ലധികം റൈറബ്ബർ മരങ്ങൾ ഉണ്ട്. അതും പലവലുപ്പത്തിലുള്ള താണ്. വെട്ടാൻ പ്രായമായതാണെങ്കിലും വലുപ്പമില്ല. ഈ റബ്ബറിനുള്ളിൽ മുഴുവനും കാടും പൈനാപ്പിൾ കാനിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. പൈനാപ്പിൾ കൃഷിനടത്തിയവർ അത് വേണ്ട വണ്ണം വൃത്തിയാക്കിയില്ല. അതുകൊണ്ട് പൈനാപ്പിൾ കാനികൾ ശക്തമായി വളർന്ന് വരുന്നു. ഈ സ്ഥലം വൃത്തിയാക്കാനും റബ്ബർ നല്ലവണ്ണം വളം ഇടുവാനുമുണ്ട്.

ഇവിടെ മീൻ വളർത്തുന്നതിനുള്ള കുളങ്ങൾ ഉണ്ട്. മണ്ണ് നിരപ്പിന് താഴെയുള്ള മൂന്ന് വലിയ കുളങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു. മണ്ണ് നിരപ്പിന് മുകളിൽ 6 കുളങ്ങൾ ഉണ്ട്. അതിൽ 3 കുളങ്ങൾ പാട്ടത്തിന് കൊടുത്തിരിക്കുന്നു. മറ്റ് മൂന്ന് കുളങ്ങൾ ഹൗസ്സിന്റെ പേരിൽ കുറെ തിലോ പ്പിയ വളർത്തുന്നു. ഇപ്പോഴും മത്സ്യക്കുഞ്ഞുങ്ങളെ അന്വേഷിച്ച് ധാരാളം മത്സ്യകൃഷിക്കാർ വരുന്നുണ്ട്. പറമ്പിൽ കുറെ ഭാഗത്ത് ഏത്തവാഴയ്ക്കും, കപ്പയ്ക്കും, മഞ്ഞൾ കൃഷിക്കുമായി കഴിഞ്ഞ വർഷം തന്നെ പാട്ടത്തിന് കൊടുത്തിരിക്കുന്നു. കുലയ്ക്കാറായ വാഴകൾ കുറെയധികം കാറ്റുമൂലം ഒടിഞ്ഞ് പോയി. കുറെ നാശനഷ്ടങ്ങളുണ്ടായി. പാട്ടരേഖകൾ എല്ലാം ഉണ്ടാക്കി പറമ്പും കുളങ്ങളും തിരികെ ഈ വർഷംതന്നെ എടുക്കുന്നതിന് പരിശ്രമിക്കുന്നു. ബഹുമാനപ്പെട്ട തോമസ് കളമ്പാട്ടച്ചൻ അമേരിയ്ക്കയി ലേക്ക് പോയശേഷം ഇവിടെ എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട ആന്റണി തുലാമറ്റത്തിലച്ചൻ ഒറ്റയ്ക്ക് ചെയ്തു. തന്റെ ആരോഗ്യാവസ്ഥ പരിഗണി ക്കാതെ.

ഞങ്ങൾക്ക് കുറെ കോഴികൾ, താറാവുകൾ, പട്ടികൾ എന്നീ പക്ഷി മൃഗാദികൾ ഉണ്ട്. ഒരു സങ്കടം പക്ഷികളെ കാട്ടുമൃഗങ്ങൾ പിടിച്ചുകൊണ്ട്

പോകുന്നു. ഇനിയും കൂടുതൽ പക്ഷിമൃഗാദികളെ വളർത്താൻ ആഗ്രഹം ഉണ്ട്.

ഭൂതത്താൻ കെട്ടിനോട് ചേർന്ന് പുതിയ വലിയ പാലം പണി തിരാറായി കൊണ്ടിരിക്കുന്നു. അത് നമ്മുടെ പുതിയ ഗെയിറ്റിനോട് ചേർന്നാണ് വരുന്നത്. അതു കൂടാതെ പുതിയ ഗെയിറ്റിനോട് ചേർന്ന് പാർക്ക് പണി തുടങ്ങി. കൂടാതെ ഭൂതത്താൻ അണക്കെട്ട് അടുത്തവർഷം മുതൽ വെള്ളം തുറന്ന് വിടുകയില്ല. പുതിയ പവർ ഹൗസ് പണി നടന്നുകൊണ്ടിരിക്കുന്നു. പുതിയ ഒരു ഹോട്ടലും വരുന്നു.

ഇവിടെ സാമൂഹിക സേവനപ്രവർത്തനങ്ങൾ ആരംഭിച്ചു. CASP ന്റെ പ്രവർത്തനങ്ങൾ ജൂൺ ആദ്യ ആഴ്ചയിൽ തന്നെ തുടങ്ങി. ഇപ്പോൾ എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 2.30 തിന് ക്ലാസ്സ് ആരംഭിക്കുന്നു. ജോസ് തയ്യിലച്ചൻ എല്ലാ ഞായറാഴ്ചയും ഈ കുട്ടികൾക്ക് ഇംഗ്ലീഷ് ഗ്രാമർ ക്ലാസ്സ് എടുക്കുന്നു. ഇവിടെ ഇപ്പോൾ 26 കുട്ടികൾ വരുന്നുണ്ട്. ജൂൺ മാസത്തിൽ തന്നെ കുട്ടികൾക്ക് ബാഗും കുടകളും നൽകി. ക്ലാസ്സ് കഴിഞ്ഞ് കുട്ടികൾ കളിക്കുന്നതിനുവേണ്ടി പലവിധത്തിലുള്ള കളിക്കോപ്പുകൾ വാങ്ങി. കുട്ടികൾ വളരെ താൽപര്യത്തോടുകൂടി ഇവയിൽ പങ്ക്ചേരുന്നു. ഈ കുട്ടികൾക്ക് നേതൃത്വം കൊടുക്കുന്നതിന് വേണ്ടി 2 ബികോം പഠിക്കുന്ന പെൺകുട്ടികൾ വരുന്നുണ്ട്. CASP വളരെ സജീവമായി പ്രവർത്തിക്കുന്നു.

**അജപാലനസഹായം :** ജോൺ ആനിക്കോട്ടിലച്ചൻ ചെങ്കര ധ്യാനകേന്ദ്രത്തിൽ മുടങ്ങാതെ കുമ്പസരിപ്പിക്കാൻ പോകുന്നുണ്ട്. അയൽ ഇടവകകളിൽ പ്രത്യേകിച്ചും വെളിയച്ചാൽ പള്ളിയിലും കപ്പേളയിലും കുർബ്ബാനയ്ക്കും വേണ്ടി പോകുന്നുണ്ട്. കൂടാതെ മഠങ്ങളിൽ കുമ്പസാരിപ്പിക്കുന്നു. കുർബ്ബാനക്കുമായി പോകുന്നു.

പറമ്പിലെ പണികൾക്കും ഹൗസ്സിലെയും അടുക്കളയിലെ ജോലികൾക്കുമായി ഒരു ആസ്സാം ഫാമിലി ഉണ്ട്. ഇവർ തന്നെ രുചിയുള്ള ഭക്ഷണം വച്ചുതരുന്നു. കൂടാതെ അലക്ക്, തേപ്പ് മറ്റ് എല്ലാം ക്ലീനിങ്ങുകളും അവർ തന്നെ നടത്തുന്നു.

ഇവിടെ ധരാളം പേരയ്ക്ക, സക്കൂ, മുള്ളൻചക്ക, വാഴപ്പഴങ്ങൾ ഉണ്ട്. വെള്ളത്തിന്റെ ശബ്ദവും പക്ഷികളുടെ പാട്ടും കൊതുകിന്റെ ആക്രമണവും ധാരാളം ഉണ്ട്.

ഒരു ഇരുചക്രവാഹനവും ഒരു നാല് ചക്രവാഹനവും പ്രവിശ്യാഭവനത്തിൽ നിന്ന് നന്നാക്കി തന്നതുകൊണ്ട് ഞങ്ങളുടെ യാത്രയ്ക്ക് അനുഗ്രഹമാണ്.

ഞങ്ങളുടെ എല്ലാ പരിശ്രമങ്ങൾക്കും ബഹു. പ്രൊവിഷ്യാളച്ചനും, കൗൺസ്സിലച്ചമാരും കൂടാതെ ബഹു. ജോസഫ് കൈമലയിലച്ചനും കാണിക്കുന്ന പ്രത്യേക താൽപര്യങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും സഹായങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

## SANTIGRAM
## PAREMAVU








**പാറേമ്മാവിൽ നിന്നും നേര്യമംഗലത്തേയ്ക്ക്**

ബഹു. ജോർജ്ജ കുറവക്കാട്ടച്ചൻ ആറുവർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം ശാന്തിഗ്രാം ആശ്രമത്തിൽ നിന്നും നേര്യമംഗലത്തുള്ള കാർമ്മൽ നവസന്യാസഭവനത്തിലേയ്ക്ക് സ്ഥലം മാറി. അച്ചന്റെ പ്രധാനപ്രേക്ഷിതരംഗം ഗിരിജ്യോതി സി.എം.ഐ പബ്ലിക് സ്കൂളായിരുന്നു. ആംഗലേയ ഭാഷയിൽ അദ്ദേഹത്തിനുള്ള ആഴമേറിയ അറിവ് സ്കൂളിന്റെ അഭിമാനമായിരുന്നു. വൈസ് പ്രിൻസിപ്പാൾ എന്ന നിലയിലും അധ്യാപകൻ എന്ന നിലയിലും കഴിഞ്ഞ വർഷങ്ങളിലൂടെ സ്കൂളിന്റെ വളർച്ചയിൽ അദ്ദേഹത്തിന്റെ സേവനം സമാനതകളില്ലാത്തതായിരുന്നു. സ്കൂളിലെ സേവനത്തോടൊപ്പം അജപാലനരംഗത്തും തന്റേതായ സേവനം നൽകുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. പരാതികളില്ലാതെ എളിയവനായി ജീവിച്ച അദ്ദേഹത്തിന്റെ ജീവിതം നവസന്യാസികൾക്ക് ഇനി മാതൃകയായി തീരുമെന്നു പ്രത്യാശിക്കുന്നു.

**സംഗീത അക്കാദമി**

1978 ൽ പാറേമ്മാവിൽ പ്രവർത്തനം ആരംഭിച്ച് ശാന്തിഗ്രാം വെൽഫയർ സെന്റർ സൊസൈറ്റി വീണ്ടും സജീവമാക്കാനുള്ള ശ്രമത്തിലാണ്. 2012

ൽ മൺമറഞ്ഞെങ്കിലും ഇന്നും ഇടുക്കിക്കാരുടെ ഹൃദയങ്ങളിൽ സ്ഥാനംപിടിച്ചിട്ടുള്ള തോമസ് കണ്ടത്തിലച്ചൻ ശാന്തിഗ്രാമിൽ സമീപപ്രദേശത്തുള്ളവർക്ക് സംഗീത പരിശീലനം നൽകിയിരുന്നു. അദ്ദേഹത്തിന്റെ സ്മരണാർത്ഥം ആരംഭിച്ച സംഗീത അക്കാദമിയിൽ ശാസ്ത്രീയസംഗീതം (കർണാടിക്), തബല, കീബോർഡ്, ഗിറ്റാർ, ശാസ്ത്രീയ നൃത്തം എന്നിവ വിദഗ്ദരുടെ നേതൃത്വത്തിൽ പരിശീലിപ്പിക്കുന്നു. രണ്ടാം വർഷത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ അക്കാദമയിൽ കുട്ടികളുടെ എണ്ണം അമ്പതോളമാണ്.

**തയ്യൽ പരിശീലനം**

സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലനത്തിന് ഇന്നും പ്രസക്തിയുണ്ടെന്നു കണ്ട് ശാന്തിഗ്രാമിൽ വീണ്ടും തയ്യൽ മെഷീനുകൾ ചലിച്ചു. സൊസൈറ്റിയുടെ ആരംഭകാലത്തു തന്നെ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന സിസ്റ്റർ സിറിള എസ്.എ.ബി.എസ്. വീടുകൾ കയറിയിറങ്ങി പെൺകുട്ടികളെ വിവിധ കൈതൊഴിലുകൾ പരിശീലിപ്പിക്കുവാൻ ശാന്തിഗ്രാമിൽ കൊണ്ടുവന്നിരുന്നു. പരലോകപ്രാപ്തയായ സിറിളാമ്മയുടെ ഓർമ്മ നിലനിർത്തുന്നതാണ് പുനരാരംഭിച്ച തയ്യൽ പരിശീലനകേന്ദ്രം. കഴിഞ്ഞനാളുകളിൽ മുപ്പതു സ്ത്രീകൾ പരിശീലനം വിജയകരമായി പൂർത്തിയാക്കി സ്വന്തമായി വരുമാനമുണ്ടാക്കുവാനുള്ള വഴിയിലാണ്.

**ളോവ മണിക്കൂറുകൾക്കുള്ളിൽ തയ്യാർ !**

ശാന്തിഗ്രാമിലെ പുതിയ സംരംഭമാണ് ളോവ തയ്യൽ. വിദഗ്ദപരിശീലനം നേടിയവർ തയ്ക്കാൻ തയ്യാറാണ്. അടുത്ത ളോവ തയ്ക്കുന്നത് ശാന്തിഗ്രാമിലാകട്ടെ.

**Girijyothy CMI Public School, Idukki**

**Newcomers' Day :** Girijyothi CMI Public School, Idukki started new academic year 2017-18 with the goal "Be Simple to Be Great" on June 1st 2017. This year we have 705 students in the school. We could start an additional section in LKG which is a new change of progress of our institution. Girijothi admits studements in Kindergarten after having given minimum 3 months training in Girijyothi CMI Play School.



**Expansion of the New Block :**Having completed its 15 years of successful journey, Girijyothi is getting a new face with the expansion of new block. Foundational stone was blessed by Fr. Thomas Manjakunnel CMI on 13th January, 2017 and the construction started in the month of February.

**Entrnace Gate :**The construction of the entrance gate of the Girijyothi School Campus is on progress.

**Girijyothi Boarding House :** After a few years of break we have again a boarding House for the boys in the school. The construction of the new Boarding House is also in progress. Fr. Jomy Padinjareputhenpura is doing well as the Boarding Rector and Bursar.

## ST. MARY'S ASHRAM
# KAITHAPARA





**സെന്റ് മേരീസ് ആശ്രമം – കൈതപ്പാറ**

കൈതപാറയിൽ നിന്നും എല്ലാവർക്കും സ്നേഹാശംസകൾ. ഇടവകയുടെയും ആശ്രമത്തിന്റെയും കാര്യങ്ങൾ നന്നായി പോകുന്നു. പുതിയ ദേവാലയത്തിന്റെ പണികൾ നന്നായി പോകുന്നു. പള്ളി പണി 5 മാസം കൊണ്ട് സൺ ഷെയ്ഡ് വരെയുള്ള ഭാഗം തീർത്തു. ബഹു. പ്രൊവിൻഷ്യാലച്ചനും, സിജനച്ചനും, വിനീതച്ചനും, മാത്യു മഞ്ഞക്കുന്നേലച്ചനും ഇടവക സന്ദർശനം നടത്തി, കാര്യങ്ങൾ മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നല്കി. പള്ളി പണിയിൽ സഹായം നല്കിയ നമ്മുടെ പ്രിയപ്പെട്ട അച്ചന്മാരെ നന്ദിയോടെ ഓർക്കുന്നു.

പുതിയതായി പള്ളി പണിയുന്നതുകൊണ്ട്, ദിവ്യബലിയർപ്പണത്തിനായി സ്കൂൾ പള്ളിയായി ഉപയോഗിക്കുന്നു. ഈ പ്രാവിശ്യത്തെ വാർഷിക ധ്യാനം നടത്തിയത് ബഹു. ആന്റണി ഉരുളിയാനിക്കലച്ചനായിരുന്നു. അച്ചനെ നന്ദിയോടെ ഓർക്കുന്നു. പുതിയ ഒരു കുരിശുകൂടി കുരിശുമലയിൽ സ്ഥാപിച്ചു. 36 വർഷങ്ങൾക്കുമുമ്പ് മർക്കോസച്ചൻ സ്ഥാപിച്ചതായിരുന്നു മലയിലെ കുരിശ്. ഇടവക ജനങ്ങളുടെ നല്ല സഹകരണം ഉണ്ട്.

അതുകൊണ്ട് ഒരുപാടു കാര്യങ്ങൾ ചെയ്യാൻ കഴിയുന്നു.

നമ്മുടെ ആശ്രമത്തിന്റെ സ്ഥലത്ത് കൃഷികൾ നന്നായി പോകുന്നു. എല്ലാത്തരത്തിലുമുള്ള കൃഷികൾ ഉണ്ട്. ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ, കപ്പ, ഉരുളക്കിഴങ്ങ്, വാഴ എല്ലാം നന്നായി വളരുന്നു. റബ്ബർ വെട്ടാറായി വരുന്നു. കുരുമുളകു കൊടി നല്ലതായിട്ടുണ്ട്.

രണ്ടു മീൻ കുളം പുതിയതായി ഉണ്ടാക്കി. മീനുകളെ പിടിക്കാറായി വരുന്നു. ഒരു കിലോ മുതൽ 4 കിലോ വരെയുള്ള മീനുകൾ ഉണ്ട്. ഊരാലി, ഗിഫ്റ്റ്, പിരാന, ഗ്രാസ്കാർപ്പ് എന്നീ മത്സ്യങ്ങളാണ് വളർത്തുന്നത്. ഏവർക്കും കൈതപ്പാറയിലേക്കു സ്വാഗതം.



*നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇടവക ദേവാലയം*

**ആദ്യവിജയത്തിനുശേഷം നിങ്ങൾ വിശ്രമിക്കരുത്. കാരണം, അടുത്ത തവണ നിങ്ങൾ പരാജയപ്പെട്ടാൽ ആദ്യവിജയം വെറും ഭാഗ്യം മാത്രമായിരുന്നെന്ന് മറ്റുള്ളവർ പറയും.**

**എ. പി. ജെ. അബ്ദുൾ കലാം**




# JYOTHIDARSANA
# PULLUVAZHY





**യാത്രാമൊഴി**

മൂന്നുവർഷത്തെ അജപാലനശുശ്രൂഷയ്ക്കായി പുല്ലുവഴിക്കാർക്ക് കൂട്ടായിരുന്ന 'ജോസഫ് അച്ചൻ' എന്ന കൈമലയച്ചൻ പ്രൊവിൻഷ്യൽ ഹൗസിലേക്ക് സ്ഥലം മാറി പോയി. ദിവ്യകാരുണ്യ സമൂഹം ഹൃദ്യമായി യാത്രാമംഗളങ്ങൾ നേർന്നു.

**പുതിയ സാരഥികൾ**

ബഹു. ജോർജ് മാടപ്പിള്ളിക്കുന്നേൽ അച്ചനും, അഭിലാഷ് പതിപ്പ ള്ളിയച്ചനും, പുതിയ അംഗങ്ങളായി ജ്യോതിദർശനയിൽ എത്തിച്ചേർന്നു.

**അമേരിക്കൻ അജപാലനം**

രണ്ട് മാസത്തെ അജപാലനശുശ്രൂഷയ്ക്കായി ബഹു. ജോസ് മാപ്പി ള്ളമാട്ടേൽ അച്ചൻ അമേരിക്കയിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു.

**അല്പം സ്ഥലം, പക്ഷെ, ഭയങ്കര കൃഷി**

കാർഷിക മേഖലയിലെ ചിര പരിചിതനായ ബഹു. ജോർജ് അച്ചൻ, ജ്യോതിദർശനയിൽ നൂറുമേനി ഫലം വിജയിക്കുവാനുള്ള പരിശ്രമത്തിലാ ണ്. വളരെ കൃത്യതയോടുകൂടി കൃഷികാര്യങ്ങൾ അദ്ദേഹം നോക്കി നട

ത്തുന്നത് കാണാൻതന്നെ ഒരു സൗന്ദര്യമുണ്ട്.

**പെരിയാറും ഇനി മുതൽ ജ്യോതി ദർശനയിൽ**

കഴിഞ്ഞ അഞ്ച് വർഷമായി നടത്തിക്കൊണ്ടിരുന്ന സ്കൂൾ കൗൺസിലിംഗ് ഡിപ്ലോമ കോഴ്സിന് പെരിയാർ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു. ഒക്ടോബറിൽ യൂണിവേഴ്സിറ്റി ഒന്നാം ബാച്ചിന്റെ ക്ലാസ്സുകൾ ആരംഭിക്കും.

**WIN STEPS**

കുട്ടികളുടെ പഠനവൈകല്യനിർണ്ണയത്തിനും, തുടർപരിശീലനത്തിനുമായി, കുട്ടികൾക്കുവേണ്ടി Learning Disability Clinic ബഹു. അഭിലാഷച്ചന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. പ്രധാനമായും കുട്ടികളുടെ പഠനപ്രശ്നങ്ങൾ, സ്വഭാവ പെരുമാറ്റ പ്രശ്നങ്ങൾ കണ്ടെത്തുകയും അതിനെ മാറ്റുവാനുമുള്ള നൂതനശൈലികൾ ഉപയോഗിക്കുകയും ചെയ്യുന്നു. IQ, Test, Aptitude Test എന്നിവയ്ക്കും ഇവിടെ സൗകര്യം ഉണ്ട്.

**അമ്മമാരും കുട്ടികളും ഒരേ താളത്തിൽ**

നൃത്ത ചുവടുകളുമായി എല്ലാ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും രാവിലെ അമ്മമാരും, ഉച്ചകഴിഞ്ഞ് കുട്ടികളും ഡാൻസ് പരിശീലനത്തിന് ജ്യോതിദർശനയിൽ വന്നുപോകുന്നു.

**പുല്ലുവഴിയിലെ ആദ്യ മഴവെള്ള സംഭരണി ജ്യോതിദർശനയിൽ**

ജ്യോതിദർശനയിൽ 50,000 ലിറ്ററിന്റെ മഴവെള്ളസംഭരണി പൂർത്തിയായി. വെള്ളം ശേഖരിച്ചു തുടങ്ങി. പുതുമ നിറഞ്ഞ ഈ കാഴ്ച കാണാൻ ആളുകൾ വന്നുപോകുന്നു.

**ഇടവേള**

വിദേശത്ത് ശുശ്രൂഷ ചെയ്യുന്ന ബഹു. റോയി അഞ്ചാനിയ്ക്കലച്ചൻ, റ്റിജോ താന്നിക്കലച്ചൻ, മനോജ് മണ്ണകത്തച്ചൻ, പീറ്റർ ആക്കപ്പടിയ്ക്കലച്ചൻ എന്നിവർ അവധിക്കാലം ചിലവഴിക്കാനായി പ്രവിശ്യാഭവനത്തിലെത്തി. എല്ലാവർക്കും ഹൃദ്യമായ സ്വാഗതം നൽകി.



# SANJO BHAVAN MALUR

1. ആലമ്പാടിയിലെ ചാർട്ട് ഇൻസ്ട്രക്ഷന്റെ ആരംഭത്തിലും വളർച്ചയിലും മുഖ്യപങ്ക് വഹിച്ച ബഹു. എബി ചീരകത്തോട്ടം അച്ചൻ അമേരിക്കയിലേക്ക് ഉപരിപഠനത്തിനായി പോയി. എബി അച്ചന് അഭിനന്ദനങ്ങളും നന്ദിയും ഭാവുകങ്ങളും നേരുന്നു.
2. ബഹു. ബോബി തളികപ്പറമ്പിൽ അച്ചൻ ക്രൈസ്റ്റ് കോളേജിനെ അഭിമാനകരമായ നേട്ടത്തിൽ എത്തിച്ച ശേഷം ശാന്തിഗിരി കോളേജിലെ തന്റെ പുതിയദൗത്യം ഏറ്റെടുത്തു. ബോബിയച്ചന് അഭിനന്ദനങ്ങളും നന്ദിയും ഭാവുകങ്ങളും നേരുന്നു.
3. ക്രൈസ്റ്റ് കോളേജിന്റെ പുതിയ പ്രിൻസിപ്പാൾ ആയും സാൻജോ സി. എം.ഐ. ഭവന്റെ പ്രിഫെക്ട് ആയും ബഹു. റിനോജ് വട്ടക്കാനായിൽ അച്ചൻ ചുമതല ഏറ്റെടുത്തു.
4. ക്രൈസ്റ്റ് കോളേജിൽ ഈ വർഷം പുതിയതായി എത്തിച്ചേർന്ന ഇരുന്നൂറോളം വിദ്യാർത്ഥികളോടുകൂടി പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു. ബഹു. റിനോജ് അച്ചന്റെയും ബഹു. ജിബി അച്ചന്റെയും നേതൃത്വ

ത്തിൽ കോളേജ് അഭിമാനകരമായ നേട്ടത്തിലേക്ക് ഉയരുന്നു.

5. ക്രൈസ്റ്റ് പി.യു കോളേജ്, 160 കുട്ടികളുമായി നേട്ടങ്ങളുടെ രണ്ടാം വർഷത്തിലേക്ക് കടന്നു.



6. ക്രൈസ്റ്റ് ഇന്റർ നാഷണൽ സ്കൂൾ തുടർച്ചയായ അഞ്ചാം വർഷവും 100% വിജയം നേടി. ജോബിയച്ചനും സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ. 800 കുട്ടികളുമായി പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു.

7. ബഹു. പ്രൊവിൻഷ്യാൾ അച്ചനും കൗൺസിലർ അച്ചന്മാരും സാൻജോ സി.എം.ഐ. ഭവനം സന്ദർശിച്ചതും പുതിയ കർമ്മപരിപാടികൾ പ്ലാൻ ചെയ്തതും പുതിയ ഉണർവ്വേകി.



ക്രൈസ്റ്റ് കോളേജ് ഓഫ് സയൻസ് & മാനേജ്മെന്റിന്റെ പുതിയ മുഖം

**മഴ പെയ്യുമ്പോൾ പക്ഷികളെല്ലാം തണൽതേടി പോകും. എന്നാൽ പരുന്ത് മേഘങ്ങൾക്കുമീതെ പറന്ന് മഴ തരണം ചെയ്യും... പ്രശ്നങ്ങൾ ഏവർക്കും ഒരുപോലെയാണ്, അത് അഭിമുഖീകരിക്കുന്ന രീതിയാണ് പ്രധാനം.**

**എ. പി. ജെ. അബ്ദുൾ കലാം**



## ST. MARY'S
## ASHRAM, PATIALA



ബഹു.ജോൺ തലച്ചിറയച്ചന്റെ നേതൃത്വത്തിൽ പഞ്ചാബ് മിഷൻ ഉയരങ്ങളിലേക്ക് കുതിക്കുകയാണ്. സ്കൂളിന്റെ നിർമ്മാണ പ്രവർത്തന ങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. കാർമ്മൽ പ്രവിശ്യയുടെ പഞ്ചാബ് മിഷനെപ്പറ്റിയുള്ള സ്വപ്നങ്ങൾക്ക് ചിറകു വെയ്ക്കുവാൻ ഈ കൂട്ടായ പ്രവർത്തനങ്ങൾക്ക് സാധിക്കട്ടെയെന്ന് ആഗ്രഹിക്കുന്നു.

കഴിഞ്ഞ രണ്ട് ദശാബ്ദക്കാലം പാട്യാല മിഷന്റെ അമരത്ത് അക്ഷീണം പ്രയത്നിച്ച ബഹു. ജെയിംസ് കളപ്പുര അച്ചൻ തന്റെ നിസ്തൂല മായ സേവനത്തിനു ശേഷം തിരികെ പ്രവിശ്യാ ഭവനത്തിൽ എത്തി ച്ചേർന്നു. നാളിതുവരെ പട്യാല മിഷന് അച്ചൻ ചെയ്ത എല്ലാ നന്മകൾക്കും ഹൃദ്യമായ നന്ദിയും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**നെതെർലണ്ടിൽ നിന്നും...**

ഇവിടെ ജെഫ് ഷോണച്ചനും ഞാനും സുഖമായിരിക്കുന്നു. ഫാ. ജെഫ് ഷോൺ നെതർലെണ്ടിലെ Tilburg യൂണിവേഴ്സിറ്റിയിൽ, തത്വ ശാസ്ത്രത്തിൽ PhD ഗവേഷണത്തിന് 2016 സെപ്റ്റംബറിൽ എത്തി ച്ചേർന്നു. ഞാനും ഇതേ യൂണിവേഴ്സിറ്റിയിൽ തന്നെ. ദൈവ ശാസ്ത്ര ത്തിൽ, രണ്ടാം വർഷ PhD ഗവേഷണം നടത്തുന്നു. നെതെർലണ്ടിലെ സി. എം.ഐ. സാന്നിദ്ധ്യമാണ് ഞങ്ങൾ. താമസം യൂണിവേഴ്സിറ്റിയുടെ Utrecht ക്യാമ്പസിലെ ഈശോ സഭക്കാരുടെ ഉടമസ്ഥതയിലുള്ള ഭവനത്തി ലാണ്. പഠനവും ഗവേഷണവും അജപാലനപ്രവർത്തനങ്ങളും നന്നായി പോകുന്നു. ജർമ്മനിയിലെ നമ്മുടെ പ്രൊവിൻസ് കൂട്ടായ്മകളിൽ പങ്കെടു ക്കാറുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മാർ ഇവിടെ സന്ദർശിക്കാറുമു ണ്ട്. ഫാ. പ്രതീഷ് പുളിക്കൽ.

## German *Varthakal*

### Jubilee Year

The Silver Jubilee of the Priestly Ordination of **Fr. Jose Vadakekkara** was solemnly celebrated in his Parish in Rösrath on 30th October 2016.

The 50th Birthday of **Fr. Benny Kochukarottu** was solemnly celebrated in Ibbenbürenon 30th April 2017.

The solemn celebration of Syro-Malabar Qurbana had been the highlight of both celebrations. Festive Mass was celebrated with the concerned parishioners and it was followed by a delicious Indian Dinner. A good number of CMI priests graced this occasion with their presence.

**Fr. TijoThanickal**has celebrated the 25 anniversaryof his First Profession on March 19th 2017.It was solemnly celebrated with a Holy Mass in the presence of our province members.

The upcoming Jubilee celebration: Silver Jubilee of the Priestly Ordination of **Fr. PauloseKalapurackal.**The celebration is scheduled in his Parish on 15th October 2017.





**New Coordinator**

Fr. Roy Anchanickal is our new Provincial Coordinator andhe has taken up this charge officially during the Annual CMI Gathering on 3rd July 2017. We extend him our full support and well wishes. On this occasion,we have remembered with gratitude our former Coordinator Fr. Jose Mundenchirayil for his selfless service and efficient leadership in the last 3 years.

**New Parish**

After 9 years of successful Pastoral ministry in Kalkar Parish, Fr. George Kalachirayil is now given greater responsibility as Pastor of St. Nikolaus parish in Wesel along with9other churches. There are around 27000 Catholics in this Parish. It's a beautiful place situated in the bank of river Reihnin the boundary of Netherland. The installation ceremony was on 1st March 2017. We offer our prayers and best wishes to Fr. Kalachirayil for his future ministries.

**Qurbana in German**

As per the request of Syro Malabar Major Archbishop Mar George Alencherry on 2012, Fr. Jose Vadakkekara took the initiative to translate the Syro Malabar Qurbana into German in order to prepare an official German liturgical translation. With the assistance of 10 team members he has prepared the liturgical text and it has been used for celebration for the first time on 30th October 2016. Now it is used in various places in Germany and we are waiting for the official approval of this text by the Syro-Malabar liturgical committee.




**Hearty welcome to Europe**

Fr. Shinto Punnackal paid a short visit to Germany in the month of May 2017 for a time span of 2 weeks. He visited his benefactors and many of our Fathers in this short period. Before his departure to India, we arranged a Gathering in the residence of Fr. George Kalachirayil and wished him all the best for his future ministries.

**V.Rev.Fr. Vicar**

To be a Parish Vicar in Germany is not at all an easy task. Fr. TijoThanickal shown up this courage. As a preparation to assume this office he has successfully completed a 3 year course on 15th June 2017. Now he is serving

as the Vicar of the Christ the King Parish along with 2 other Churches in Bonn. Congratulations and all the best Fr. TijoThanickal!

**Certified Hospital Ministry**

When Fr. Thomas Pittapillil speaks about his present pastoral area of Hospital ministry, one can realize his pastoral satisfaction in its fullness. We are proud of Fr. Pittapillil who secured a clinical Pastoral care certificatethat is valid worldwide. It is the result of his hard work and dedication for 8 months with lot of preparations and presentations. In April 2017, he has also acquired a special certificate on Palliative care along with this.Hearty congratulations Fr. Thomas Pittapillil who came up with a colourful result.


Zertifikat

Qualifizierungskurs Palliative Care für Seelsorgende

Herr Thomas John Pittapillil

**Renewal of the Vows**



On the Feast of Mount Carmel, our province membersalong with other priests gathered in the Parish of Fr. George Kalachirayil and celebrated Syro Malabar Qurbana along with the Parishioners. On this very occasion we renewed our religious vows under the leadership of our Coordinator Fr. Roy Anchanickal. Fr. Pratheesh Pulickal and Fr. Jeff Shawn from Netherlands also were present on this day. Though it was planned on a short notice, ended up in a very colourful manner.

**Vegetable Harvest**

Along with the Pastoral ministries, Fr. PauloseKalapurackal and Fr. Jose Mundenchirayil could find and spend time to cultivate a vegetable garden. It was indeed a matter of joy and great surprise to see the result of their hard work and dedication in the form of 13 Varieties of Vegetables. These hardworking priests remind us the old Proverb "When there is a Will, there is a Way."



**CARMEL PROVINCE**
**DPT. OF SOCIALWORK & CARMEL SERVICES**
**Muvattupuzha - 686661**
**“Go Green” :“ Go with Nature”**

**I Awareness Programme for Green Protocol and Eco friendly Campus**

1. Motivational session
2. Notice and Cards
3. Cultural Presentation
4. Avoid junk food and soft drinks
5. Each one catch one campaign for go green activities
6. Green protocol institutional practice
7. Audio visual aids for better understanding
8. Performance based programme
9. System management tips for institutions
10. Monthly evaluation programme and updating
11. Environment friendly approach in celebrations and events “ Green Event Management”

**II Campus criteria for Green protocol and Eco friendly Campus**

1. Involvement of Students, Parents, Teachers and Management in the go green activities and eco friendly campus
2. Flower garden
3. Vegetable garden
4. Herbal garden
5. Spices garden
6. Green Meadow& park
7. Trees with-fruits, flowers
8. Pet/ Domestic animals and birds gallery
9. Bio Compost , Size 10X12
10. Biogas plant 1 m3
11. Water body- ponds 10x12x6or6 feet diameter
12. Waste management system at all levels
13. Stream, River, valleys protection and preservation
14. Segregation wastes in to - Plastic/ Metal/Glass ; Wet, Dry and Sanitary
15. Non Conventional Source of energy- solar, wind etc... promotion activities
16. Avoid or minimise disposable items in the events, celebrations

**III GoGreen Activities 2017-2018: Recognition Certificate and Awards**

1. Green heritage campus
2. Eco friendly campus
3. Environment friendly campus
4. Plastic free campus

5. Organic cultivationcampus
6. Waste management campus
7. Eco- motivational campus
8. Flower garden campus
9. Clean and go green campus
10. Integrated living environment campus

**IV Green protocol**

1. Reduce, Re use Recycle
2. Disposable free events
3. Zero waste Concept
4. Waste Management our responsibility
5. No to 'throw waste' culture

**V Co- operate with Social Responsibility (COSR)**

1) Social responsibility to present humanity, nature and future generations
2) Our commitment to the society and people for future generations
3) Our share for the other- Cash and Kind, Attitude and Deeds
4) Sustainable development for better environment, better living society
5) Green/ Clean /Health concepts for a healthy surrounding
6) Eco- friendly campus a dream and reality to achieve.
7) Best practice and models to follow in the campus and public places
8) Individual initiatives, Institutional support, Natural environment protection
9) Support of Govt at all levels, NGO participation, Educational institutions involvementfor new gen participation
10) Spread the message to all and act from each home to society
11) Save our planet- Plant treesSustain clean environment and surroundings for disease free, viral free, healthy people at all seasons
12) Plastic free, Chemical free, Pesticide free, Bio centres, Organic living environment and Green campus for healthy life
13) Integrated living environment for good health and peace of mind
14) Integrated living environment for integral formation in our educational institutions
15) Earth is our home " Our planet for present and future generations"
16) Ensure corporate social responsibility(CSR)for clean environment

**VI Integrated Solid and Liquid WasteManagement: Policies and strategies**

1. Segregation of Waste at Source: a) Wet waste, b) Dry waste c) Sanitary waste
2. Sourcelevel treatment of bio degradable wastes house hold society and colonies KPR/ Act 2012, KMA /Act 2014
3. Environment friendly, cost effective and practical solution for organic waste management.
4. Decentralized source level waste treatment.

5. Simple composting method
6. Bio gas plant at House hold and institutional level
7. Door to door collection of wastes and recycling unit by local self government
8. Legal backing for ensuring the law a) Segregation b) Treatment c) Fining d)Shutting down violation of rules
9. No to disposable and encourage reusable utensils in the day to day needs
10. "Reduce Reuse- Recycle" principle application at all levels
11.

**VII What do we gain: Advantages of 'Go green' Activities**

1. Our campus and surrounding changes to an attractive environment
2. Sensitivity towards social issues is developed and teach the students to identify, explore and solve it with available resources
3. Better awareness to all related to it for a clean environment and society
4. Ensure good health and well being of all in view of free from viral attacks
6. Not expensive but only an effort enough for green environment
7. Develop and sustain a new culture with a solution address the inevitable waste management
8. Convert the problem in to a chance for self sufficiency and self reliance
9. Young generation absorbs the concept of integrated living and formation
10. The western culture of cleanliness and orderliness is disseminated to young generation
11. Zero waste, Zero garbage, No throw attitude develops among all walks of people
12. Address an issue which affects all of us directly and badly as a social need
13. No one can deny or reject or turn back it as it as a common problem
14. Green ambassadors will be selected from each institution and they can attend the "Green Summit" which will be held state and national level for recognition and awards
15. Training for students to deal the social issues and channelizing their energy for a good cause to avoid campus problems
16. Involvement in the 'HarithaKeralam' movement initiated by the Govt of Kerala and 'SwachBharath' mission of Govt of India.

Fr. Dr. Mathew Manjakunnel CMI
Green Ambassador, GLF-New Delhi

**"GO GREEN: GO WITH NATURE"**

# കടപ്പാട്...

കർമ്മലധ്വനിയുടെ ആസ്വാദകർക്ക്,

ധ്വനിയെന്നാൽ ശബ്ദമാണ്...

ഉറവിടങ്ങളില്ലാത്ത ഉടമകളില്ലാത്ത കേവലസ്വനമല്ല ധ്വനി...

'ധ്വനി' പ്രതികരണമില്ലാതെ അസ്തമിക്കുമ്പോൾ കേവലം ശബ്ദം മാത്രമാകുന്നു...

എന്നാൽ 'കർമ്മലധ്വനി' പ്രതിധ്വനിയാണ്...

ഒരുവനിൽ നിന്നും അപരനിലേക്ക് താളത്തിലുള്ള ശബ്ദത്തിന്റെ പ്രവേശനമാണ് കർമ്മലധ്വനി...

കാർമ്മൽ പ്രവിശ്യയിലെ ഓരോരുത്തരിലേക്കും പറന്നിറങ്ങാനും, ആർജ്ജവപ്പെടാനും, അഭിമാനിക്കാനുമുള്ള ശബ്ദത്തിന്റെ കൂട്ടം- കർമ്മലധ്വനി...

ഒന്നുചേർന്നൊഴുകുന്ന സ്നേഹബന്ധങ്ങളുടെ ആഘോഷം...

ദൈവനിയോഗങ്ങളുടെ അസ്വാഭാവിക സമൂഹമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സന്യാസ ബന്ധങ്ങളുടെ ഊഷ്മളതയും ഹൃദയത്തുടിപ്പും ഈ ധ്വനിയിൽ മുഴങ്ങിക്കേൾക്കാം.

ഇന്ന് ഈ ലക്കം ഇവിടെ പ്രകാശം പരത്തുമ്പോൾ മറിഞ്ഞു തീർന്ന താളുകൾക്ക് കടപ്പാടിന്റെ ഒരായിരം കഥപറയാനുണ്ട്.

പ്രകാശദിനത്തിലേക്ക് ഈ പുസ്തകത്തിന് ഊടുംപാവും നെയ്ത സഹായഹസ്തങ്ങൾക്ക് പ്രത്യേകമായി കർമ്മലധ്വനിയുടെ താളുകൾക്ക് വരകൾകൊണ്ട് മിഴിവുകൂട്ടിയ ജെയ്സൺ പുറ്റനാലച്ചനും, കാർമ്മലിന്റെ ഹൃദയത്തുടിപ്പുകൾ അക്ഷരമാക്കിമാറ്റാൻ അച്ചുനിരത്തിയ ശാന്തിഗിരിയിലെ നല്ല സുഹൃത്തുക്കൾക്കും, തെറ്റുകൾ തിരുത്തി കർമ്മലധ്വനിയെ കൂടുതൽ മനോഹരമാക്കാൻ വിലയേറിയ സമയം മാറ്റിവച്ച സൈ പഴമ്പിള്ളിലച്ചനും, സിന്റോ ആലുങ്കലച്ചനും ഏറെ നന്ദി.

ഇനി ഈ ധ്വനി പ്രതിധ്വനിക്കട്ടെ...

സ്നേഹപൂർവ്വം

ഫാ. എബിൻ കല്ലറയ്ക്കൽ സി. എം. ഐ.